യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

സെപ്തംബർ 2021 | വാല്യം 48 ലക്കം 4 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 5.00 രൂപ

## സെപ്തം. 27 ഭാരത് ബന്ദ് ആഹ്വാനം ചെയ്ത് സംയുക്ത കിസാൻ മോർച്ച

# കർഷക പ്രക്ഷോഭത്തിന്റെ സന്ദേശം രാജ്യമെമ്പാടും പ്രചരിപ്പിക്കുക

**കഴിഞ്ഞ പത്തുമാസമായി ഇന്ത്യയുടെ തലസ്ഥാന കവാടങ്ങളിൽ തമ്പടിച്ചുകൊണ്ട് നടക്കുന്ന, അസാധാരണമായ ഇച്ഛാശക്തിയുടെ പ്രതീകമായി ഉയർന്ന കർഷക പ്രക്ഷോഭണം നാൾക്കുനാൾ ആവേശമുയർത്തി മുന്നേറുകയാണ്. പുതിയ പോർമുഖം സൃഷ്ടിച്ചുകൊണ്ട് യുപിയിലെ മുസഫർ നഗറിൽ സെപ്റ്റംബർ 5ന് നടന്ന കിസാൻ മഹാപഞ്ചായത്ത് സ്വതന്ത്രഭാരതം ദർശിച്ചിട്ടുള്ള ഏറ്റവും ബൃഹത്തായ കർഷക സംഗമമായിമാറി. മുസഫർ നഗറിലെ മഹാസമരവേദിയിൽവച്ച് കർഷകലക്ഷങ്ങളെ സാക്ഷിയാക്കി സംയുക്ത കിസാൻ മോർച്ച സെപ്റ്റംബർ 27ന് ഭാരത് ബന്ദ് ആഹ്വാനംചെയ്തു.**



കിസാൻ മഹാ പഞ്ചായത്തിനെ അലങ്കോലപ്പെടുത്താൻ മോദി-യോഗി സർക്കാരുകൾ എല്ലാ നീചമാർഗ്ഗങ്ങളും അവലംബിച്ചിരുന്നു. ട്രെയിനുകൾ വൈകിപ്പിച്ചു. റോഡുകൾ അടച്ചു. ഇന്റർനെറ്റ് വിച്ഛേദിച്ചു. ആഗസ്റ്റ് 28ന് ഹരിയാനയിലെ കർണാൽ ബസ്താര ടോൾ പ്ലാസയിൽ നടന്ന ഉപരോധ സമരത്തിനു നേരെ ബി.ജെ.പി മുഖ്യമന്ത്രി മനോഹർ ലാൽ ഖട്ടറിന്റെ പോലീസ് മൃഗീയ ആക്രമാണ് അഴിച്ചുവിട്ടത്. സുശീൽ കാജൽ എന്ന കർഷകൻ രക്തസാക്ഷിയായി. ഒന്നര ഏക്കർ ഭൂമി മാത്രമുള്ള കാജൽ കഴിഞ്ഞ 9 മാസമായി കർഷക പ്രക്ഷോഭത്തിലെ സജീവ പോരാളിയായിരുന്നു. കർണാലിൽ ഇപ്പോഴും പോലീസ്സിന്റെ ഭീകര മർദ്ദനങ്ങളെ നേരിട്ടുകൊണ്ട് കർഷക സമരം ആളിക്കത്തുകയാണ്. കർഷകരുടെ തല തല്ലിപ്പൊളിക്കണമെന്ന് നിർദ്ദേശിക്കുകയും വെടിവയ്പിന് നേതൃത്വം നൽകുകയുംചെയ്ത സബ് ഡിവിഷണൽ മജിസ്ട്രേറ്റിനെതിരെ കൊലക്കുറ്റത്തിന് കേസ് എടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കർഷകർ നാലുദിവസം രാപകൽ മിനി സിവിൽ സ്റ്റേഷൻ ഉപരോധിച്ചു. വിവാദ ഉദ്യോഗസ്ഥനെതിരെയും കർഷകർക്കുനേരെയുണ്ടായ ലാത്തിച്ചാർജ്ജിനെക്കുറിച്ചും അന്വേഷണം നടത്താൻ സർക്കാർ ഉറപ്പുനൽകിയതിനെത്തുടർന്നാണ് കർഷകർ പിരിഞ്ഞുപോകാൻ തയ്യാറായത്. മാത്രമല്ല, മരണപ്പെട്ട കർഷകന്റെകുടുംബത്തിന് 25ലക്ഷം രൂപ നഷ്ടപരിഹാരവും കുടുംബത്തിലെ രണ്ടുപേർക്ക് സർക്കാർജോലിയും ലാത്തിച്ചാർജിൽ പരിക്കേറ്റ കർഷകർക്ക് രണ്ടുലക്ഷംരൂപവീതം ചികിത്സാസഹായവും സർക്കാരിന് പ്രഖ്യാപിക്കേണ്ടിവന്നു.

കർഷക സമരത്തിന്റെ തുടക്കം മുതൽ, സമരത്തെ തകർക്കാൻ മോദിസർക്കാർ നടത്തിവരുന്ന ശ്രമങ്ങളെയും ഫാസിസ്റ്റ് തന്ത്രങ്ങളെയും സ്വതസിദ്ധമായ കരളുറപ്പോടെയും നിശ്ചയദാർഢ്യത്തോടെയും നേരിട്ടുകൊണ്ടാണ് കർഷകർ ഈ ഐതിഹാസിക സമരംമുന്നോട്ടുകൊണ്ടുപോകുന്നത്. രാജ്യത്തെ അന്നമൂട്ടുന്ന വയോധികരും സ്ത്രീകളും ഉൾപ്പെടെയുള്ള ആദരണീയരായ കൃഷീവലരുടെ അഭിമാനകരമായ ഈ മുന്നേറ്റത്തെ ഇകഴ്ത്താനും വഴി തെറ്റിക്കാനും ബിജെപിയുടെ കേന്ദ്രസർക്കാർ അതിനീചമായ മാർഗ്ഗങ്ങളെല്ലാം അവലംബിച്ചിട്ടുണ്ട്. മാധ്യമങ്ങളെ വരുതിയിലാക്കി സമരത്തെ തമസ്കരിക്കുന്നത് ഇതിന്റെ ഭാഗമാണ്. അതേസമയം പൊതുഖജനാവിൽ നിന്നും കോടിക്കണക്കിന് രൂപ മുടക്കിയുള്ള സർക്കാർ പ്രചാരണം പൊടിപൊടിക്കുന്നുമുണ്ട്.

എന്നാൽ ഇതൊന്നും കർഷക സമരത്തിനുള്ള ജനപിന്തുണയെ ബാധിച്ചില്ലെന്ന് മാത്രമല്ല, ഇന്ത്യ ഒന്നാകെതന്നെ ദൽഹിയിൽ പൊരുതുന്ന കർഷകയോദ്ധാക്കൾക്ക് ഒപ്പമാണ്. കടുത്ത മഴയും മഞ്ഞും വെയിലും ഏറ്റുകൊണ്ടും പോലീസിന്റെ നാനാവിധ വിലക്കുകളെയും കുത്തിത്തിരിപ്പുകളെയും ആക്രമണങ്ങളെയും നേരിട്ടുകൊണ്ടും, അത്ഭുതാവഹമായ ആത്മനിയന്ത്ര

(ശേഷം 2–ാം പേജിൽ)

# ജനാധിപത്യത്തിനും പുരോഗമനത്തിനും ഭീഷണിയായി അഫ്ഗാനിസ്ഥാനിൽ താലിബാൻ ഭരണം

**യുഎസ് സൈന്യത്തിന്റെ പിന്മാറ്റത്തെത്തുടർന്ന് മിന്നൽ വേഗത്തിൽ പിന്തിരിപ്പൻ ഇസ്ലാമിക മതമൗലിക സ്വേച്ഛാധിപത്യ സംഘടനയായ താലിബാൻ അഫ്ഗാനിസ്ഥാനിൽ ആധിപത്യം നേടിയത് എല്ലാവരെയും ഞെട്ടിച്ചിരിക്കുന്നു. യുഎസ് സൈന്യം സൃഷ്ടിക്കുകയും ഏതാണ്ട് 83 ബില്യൺ ഡോളർ ചിലവഴിച്ച്, 20 വർഷത്തിനുമേൽകാലം പരിശീലിപ്പിക്കുകയും ചെയ്ത, മൂന്ന് ലക്ഷത്തോളം സൈനികരുള്ള അഫ്ഗാൻ സൈന്യം കേവലം 60,000 അംഗങ്ങളുള്ള താലിബാൻ സൈന്യത്തിന് മുൻപിൽ കീഴടങ്ങിയതെങ്ങനെ എന്നതാണ് ഇപ്പോൾ ഉയരുന്ന പ്രധാന ചോദ്യം.**

പുറത്തേക്ക്പോകുന്നയുഎസ് വിമാനങ്ങളിൽ ഇടിച്ചു കയറിയും തൂങ്ങിക്കിടന്നും രക്ഷപ്പെടാൻ ഒരുങ്ങുന്ന ജനങ്ങളുടെ ചിത്രം പേടിപ്പെടുത്തുന്നു എന്നത് മാത്രമല്ല 1996 മുതൽ 2001 വരെ തുടർന്ന താലിബാന്റെ പൈശാചിക ഭരണകാലത്തെ ഓർമ്മകളിൽ ജനങ്ങൾ എത്രമാത്രം ഭീതിദരാണെന്ന വസ്തുതയുംകൂടി അത് വെളിപ്പെടുത്തുന്നു. 2001ലെ അമേരിക്കയുടെ അധിനിവേശത്തിനുശേഷം 20 വർഷക്കാലം അവരുടെ ആധിപത്യം തുടർന്നിട്ടും, ഒരു പാവ ഗവൺമെന്റിനെ അവരോധിക്കുകയും പത്തുലക്ഷത്തോളം യുഎസ് സൈനികരെ വിവിധ ഘട്ടങ്ങളിലായി നിയോഗിക്കുകയും ചെയ്തിട്ടും, അഫ്ഗാനിസ്ഥാൻ പണ്ടത്തെപ്പോലെ യുദ്ധത്താൽ തകർന്നും പിന്നോക്കാവസ്ഥയിൽത്തന്നെയും തുടരുകയും ആ രാജ്യത്തേക്ക് വാഗ്ദത്തം ചെയ്യപ്പെട്ട ജനാധിപത്യത്തിന്റെ കയറ്റുമതി ഇപ്പോഴും സംഭവിക്കാതിരിക്കുകയും ചെയ്യുന്നതിന് കാരണമെന്താണ്? കടുത്ത ഇസ്ലാമിക മൗലികവാദികളായ താലിബാൻ രാജ്യം കീഴടക്കുമെന്നറിഞ്ഞിട്ടും തങ്ങളുടെ സൈന്യത്തെ അഫ്ഗാനിസ്ഥാനിൽ നിന്ന് പിൻവലിക്കാനുള്ള തീരുമാനം അമേരിക്കയ്ക്ക് പ്രഖ്യാപിക്കേണ്ടി വന്നതെന്തുകൊണ്ടാണ്? മതഭ്രാന്തും ക്രൂരതയും കൈമുതലാക്കിയ താലിബാന് അന്താരാഷ്ട്ര അംഗീകാരം നേടിക്കൊടുക്കാനുതകുന്ന വിധത്തിൽ മൂന്നുവർഷം മുമ്പ് ഖത്തറിൽവച്ച് അവരുമായി ചർച്ച തുടങ്ങാൻ മുൻ അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രമ്പിനെ പ്രേരിപ്പിച്ചതെന്തായിരിക്കും? പുതുതായി ചാർത്തിക്കിട്ടിയ ഈ അംഗീകാരം താലിബാൻ സമർത്ഥമായുപയോഗിക്കുകയും വിദേശ നയതന്ത്രപ്രതിനിധികളുമായി എണ്ണമറ്റ ചർച്ചകളും നിരവധി വാർത്താ സമ്മേളനങ്ങളും നടത്തുകയും ചെയ്യുന്നു. പ്രതിവിപ്ലവത്തിനുശേഷംപ്രബല സാമ്രാജ്യത്വശക്തികളായിമാറിയ റഷ്യയും ചൈനയും ഇപ്പോൾ താലിബാനുമായുള്ള ബന്ധം മെച്ചപ്പെടുത്താനും അതുവഴി, മുൻപ് അമേരിക്കയുടെ നിയന്ത്രണത്തിലായിരുന്ന അഫ്ഗാനിസ്ഥാനിൽ കാലുറപ്പിക്കാനുംശ്രമിക്കുകയാണ്. ധൈര്യശാലികളും സ്വാതന്ത്ര്യ

(ശേഷം 4–ാം പേജിൽ)

3 നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്‌ലൈൻ: ഇന്ത്യ വില്പനയ്ക്ക്
9 സഹകരണമേഖലയിലെ വൻക്രമക്കേട്
11 പാരീസ് കമ്മ്യൂണിന്റെ 150 വർഷങ്ങൾ



## സെപ്തംബർ 9 സഖാവ് മാവോ സേതുങ് അനുസ്മരണ ദിനം

"നമ്മുടെ രാജ്യത്ത് ബൂർഷ്വ–പെറ്റിബൂർഷ്വ പ്രത്യയശാസ്ത്രവും മാർക്സിസ്റ്റ് വിരുദ്ധ പ്രത്യയശാസ്ത്രവും ദീർഘകാലം നിലനിൽക്കും. അടിസ്ഥാനപരമായി നമ്മുടെ രാജ്യത്ത് സോഷ്യലിസ്റ്റ് വ്യവസ്ഥ സ്ഥാപിതമായിട്ടുണ്ട്. ഉല്പാദനോപാധികളുടെ ഉടമസ്ഥത പരിവർത്തനപ്പെടുത്തുന്നതിൽ അടിസ്ഥാനപരമായി നമ്മൾ വിജയിച്ചിട്ടുണ്ട്. എന്നാൽ രാഷ്ട്രീയ, പ്രത്യയശാസ്ത്ര രംഗങ്ങളിൽ നമ്മൾ പൂർണ്ണ വിജയം നേടിയിട്ടില്ല. പ്രത്യയശാസ്ത്ര മേഖലയിൽ തൊഴിലാളി വർഗ്ഗവും മുതലാളി വർഗ്ഗവും തമ്മിലുള്ള പോരാട്ടത്തിൽ ആര് വിജയംനേടും എന്ന കാര്യത്തിൽ ഇതുവരെ തീരുമാനമായിട്ടില്ല. ബൂർഷ്വ–പെറ്റിബൂർഷ്വ പ്രത്യയശാസ്ത്രത്തിനെതിരെ ഇനിയും നമുക്ക് സുദീർഘമായ പോരാട്ടം തുടരേണ്ടതുണ്ട്. ഇത് മനസ്സിലാക്കാതിരിക്കുന്നതും പ്രത്യയശാസ്ത്ര സമരം ഒഴിവാക്കുന്നതും തെറ്റാണ്. എല്ലാ തെറ്റായ ആശയങ്ങളും വിമർശന വിധേയമാകണം. വിഷച്ചെടികളെല്ലാം പിഴുത് കളയണം. സർവ്വ ചെകുത്താന്മാരെയും പിശാച്ചുക്കളെയും ആട്ടിയകറ്റണം. ഇവയൊന്നും നിർബ്ബാധം വളരാൻ ഒരു കാരണവശാലും അനുവദിച്ചുകൂടാ. എന്നാൽ വിമർശനം പൂർണ്ണമായും യുക്തിക്ക് നിരക്കുന്നതും വിശകലനാത്മകവും ബോധ്യപ്പെടുത്തുന്നതുമാകണം. അത് ഒരിക്കലും പരുക്കനോ കാർക്കശ്യമുള്ളതോ ഭാവനാവിലാസമോ മുൻവിധിയോടുകൂടിയതോ ആകരുത്."

*(1957 മാർച്ച് 12ന് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ദേശീയ സമ്മേളനത്തിൽ പ്രചാരണ പ്രവർത്തനത്തെ സംബന്ധിച്ച് നടത്തിയ പ്രസംഗം)*

# ചരിത്രമുദ്രയായ ജാലിയൻവാലാബാഗ് ഉല്ലാസോദ്യാനമാക്കി മാറ്റിയ ബിജെപി സർക്കാരിന്റെ നടപടി അപലപനീയം

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് 2021 ആഗസ്റ്റ് 31ന് പുറപ്പെടുവിച്ച പ്രസ്താവന

**ച**രിത്രമുദ്രയായ അമൃത്സറിലെ ജാലിയൻവാലാബാഗ് പുനരുദ്ധരിക്കാൻ എന്നപേരിൽ, ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യയിലെ നിരപരാധികൾക്കുമേൽ നടത്തിയ പൈശാചികമായ ആക്രമണത്തിന്റെ അവസാന ചരിത്രാവശേഷിപ്പുകളെപ്പോലും തുടച്ചുമാറ്റുന്ന കേന്ദ്ര സർക്കാരിന്റെ നടപടിയെ ഉചിതവും ശക്തവുമായി അപലപിക്കാൻ വാക്കുകൾ പര്യാപ്തമല്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരവേളയിൽ, 1919 ഏപ്രിൽ 13ന്, രണ്ട് ദേശീയ നേതാക്കളുടെ അറസ്റ്റിൽ പ്രതിഷേധിക്കാനായി ആയിരക്കണക്കിനാളുകൾ ജാലിയൻവാല ബാഗിൽ ഒത്തുകൂടിയപ്പോൾ അന്നത്തെ പോലീസ് ചീഫ് ആയിരുന്ന ജനറൽ റെജിനാൾഡ് ഡയർ ബ്രിട്ടീഷ് പട്ടാളക്കാരോട് പുറത്തേക്കുള്ള എല്ലാ വഴികളും അടയ്ക്കാനും വെടിക്കോപ്പുകൾ തീരുന്നതുവരെ ജനക്കൂട്ടത്തിനുനേരെ വെടിവെയ്ക്കാനും ഉത്തരവിട്ടു. വിവേചനരഹിതമായ ആ വെടിവയ്പ്പിൽ നൂറുകണക്കിന് ഇന്ത്യക്കാർ കൊല്ലപ്പെട്ടു. ബ്രിട്ടീഷ് പട്ടാളം വെടിയുതിർത്ത് വളഞ്ഞപ്പോൾ സ്വയരക്ഷക്കായി നിരവധിപേർ ഒരു കിണറിലേക്ക് എടുത്തുചാടി. 'രക്തസാക്ഷികളുടെ കിണർ' എന്നറിയപ്പെട്ട ആ കിണറിനെ ഇന്നിപ്പോൾ ജാലിയൻവാല ബാഗിന്റെ 'മുഖം മിനുക്കലി'ന്റെ പേരിൽ ബഹുവർണ്ണ ഗ്ലാസ് ഫലകംകൊണ്ട് കൊട്ടിയടച്ചിരിക്കുകയാണ്.

ഡയറിന്റെ സൈന്യം മൈതാനത്തിലേയ്ക്ക് കടന്നുവന്ന ഇടുങ്ങിയ ഇടനാഴിയിൽ തിളങ്ങുന്ന തറ പാകുകയും അതിന്റെ വശങ്ങളിലുള്ള ചുവരുകളിൽ ശില്പങ്ങൾ കൊത്തിവച്ചിരിക്കുകയുമാണ്. ജാലിയൻവാലബാഗിനുള്ളിൽ പ്രവേശിക്കാനും പുറത്തിറങ്ങാനുമുണ്ടായിരുന്ന കവാടങ്ങളുടെ സ്ഥാനവും മാറ്റിയിരിക്കുകയാണ്. പ്രധാന മണ്ഡപത്തിനുചുറ്റും ഒരു താമരക്കുളം(ബിജെപിയുടെ തെരഞ്ഞെടുപ്പ് ചിഹ്നമാണല്ലോ താമര) നിർമ്മിച്ചിരിക്കുകയാണ്. അങ്ങനെ ബിജെപി നയിക്കുന്ന സർക്കാർ ചരിത്രപാരമ്പര്യം പേറുന്ന ഒരു സ്ഥലത്തെ വാണിജ്യലക്ഷ്യമുള്ള ഒരു ഉല്ലാസോദ്യാനമാക്കിയിരിക്കുകയാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെ എതിർക്കുക മാത്രമല്ല, അതിനെ അടിച്ചമർത്താൻ വേണ്ടി ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി സഹകരിക്കുകയും ചെയ്തവരുടെ പിന്മുറക്കാരനും ശിഷ്യനുമായ ബിജെപി പ്രധാനമന്ത്രി അവകാശപ്പെടുന്നത്, പുതുതായി അലങ്കരിക്കപ്പെട്ട സ്മാരകം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള യാത്രയെപ്പറ്റി പഠിക്കാൻ പൊതുജനങ്ങൾക്ക് ആവേശം നൽകുമെന്നാണ്. കാപട്യത്തിന്റെ മൂർദ്ധന്യം!

പുനരുദ്ധാരണത്തിന്റെപേരിൽ ചരിത്രത്തെയും ചരിത്രസ്മാരകങ്ങളെയും കളങ്കപ്പെടുത്തുന്ന ഇത്തരം നിന്ദ്യമായ നടപടികൾക്കെതിരെ ഒറ്റക്കെട്ടായി പ്രധിഷേധവുമായി രംഗത്തിറങ്ങണമെന്ന് രാജ്യത്തെ മുഴുവൻ ജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

## കർഷക പ്രക്ഷോഭം...

*(1–ാം പേജിൽ നിന്ന്)*

ണത്തോടെ കർഷകർ പൊരുതുന്നത് സ്വന്തം സാമ്പത്തിക താല്പര്യത്തെ മുൻനിർത്തിയല്ല, കാർഷിക രാജ്യം എന്ന് അറിയപ്പെടുന്ന ഇന്ത്യയിലെ 70ശതമാനം ജനങ്ങളെയും ഉൾക്കൊള്ളുന്ന കർഷക ജനതയ്ക്കും ജനസാമാന്യത്തിനും വേണ്ടിയാണ് എന്ന് ജനങ്ങൾ തിരിച്ചറിയുന്നു.

പാർലമെന്ററി ജനാധിപത്യത്തിന്റെ അന്തസത്തയെ വെല്ലുവിളിച്ചുകൊണ്ട് പാസാക്കിയെടുത്ത ജനദ്രോഹ കർഷക നിയമങ്ങൾ പിൻവലിക്കണമെന്നും വൈദ്യുതി (ഭേദഗതി) ബിൽ 2020 പിൻവലിക്കണമെന്നും എല്ലാ കാർഷിക ഉല്പന്നങ്ങൾക്കും താങ്ങുവില (എംഎസ്പി) നിയമംമൂലം ഉറപ്പുവരുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് കർഷക സമരം നടക്കുന്നത്. കോവിഡ് അതിരൂക്ഷമായി രാജ്യത്ത് പടർന്നുപിടിച്ച നാളുകളിൽ, ലോക്ക് ഡൗണുകളും നിയന്ത്രണങ്ങളും കാരണം ജനങ്ങൾക്ക് തെരുവിലിറങ്ങാൻ കഴിയാത്ത അവസരത്തിൽ വളരെ ധൃതിപ്പെട്ട് കേന്ദ്രഗവൺമെൻറ് ഈ കാർഷിക മാരണ നിയമങ്ങൾ പാർലമെന്റിൽ പാസാക്കി എടുക്കുകയായിരുന്നു. രാജ്യത്തിന്റെ ഫെഡറൽ തത്വങ്ങളെ കാറ്റിൽ പറത്തിക്കൊണ്ടും പാർലമെന്ററി മര്യാദകളെ മാനിക്കാതെയുമാണ് ഈ മൂന്ന് നിയമങ്ങൾ മോദി സർക്കാർ പാസാക്കിയത്. പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിക്ക് വിടണമെന്ന എൻഡിഎ സഖ്യകക്ഷികളുടെ ആവശ്യംപോലും സർക്കാർ ചെവിക്കൊണ്ടില്ല.

സർക്കാർ ഇത്രയധികം ധൃതിപ്പെട്ടും വാശിയോടെയും ഈ കരിനിയമങ്ങൾ പാസാക്കാൻ ഒരു കാരണമേയുള്ളൂ. കോർപ്പറേറ്റുകളുടെ അന്തമറ്റ ലാഭക്കൊതിക്ക് രാജ്യത്തെ സമ്പൂർണ്ണമായി വിട്ടുകൊടുക്കുക എന്ന താല്പര്യമാണത്. മോദി സർക്കാർ ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ച്ചയ്ക്കും തയ്യാറല്ല എന്ന് പലവട്ടം തെളിയിച്ചിട്ടുണ്ട്. തൊഴിലാളിവിരുദ്ധ ലേബർ കോഡുകളുടെ കാര്യത്തിലും, രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും വിൽപ്പന എന്ന പേരിൽ കോർപ്പറേറ്റുകൾക്ക് തീറെഴുതുന്നതിലും എല്ലാം ഇത് പ്രകടമാണ്. രാജ്യത്തിന്റെ കാർഷികമേഖലയും പൂർണമായും കുത്തക മുതലാളിമാരുടെ സമ്പൂർണ്ണ നിയന്ത്രണത്തിൽ കൊണ്ടുവരാനാണ് ഈ നിയമങ്ങൾ പാസ്സാക്കിയത്.

ഇതിന്റെ ദൂരവ്യാപകമായ ഭവിഷ്യത്ത് തിരിച്ചറിഞ്ഞ കർഷകർ പ്രത്യേകിച്ചും, പഞ്ചാബിലെയും ഹരിയാനയിലെയും കർഷകർ, സമരരംഗത്തേക്ക് വരികയായിരുന്നു. ഒരു രാഷ്ട്രീയ പാർട്ടിയെയും ആശ്രയിക്കാതെ, ചാഞ്ചാട്ടമില്ലാതെയും ചിട്ടയായും കരുത്താർജ്ജിച്ചു എന്നതാണ് ഈ പ്രക്ഷോഭണത്തിന്റെ സവിശേഷത. ഇക്കാര്യത്തിൽ മോദിയുടെ കേന്ദ്രസർക്കാറിനോട് ഒരു സുദീർഘ സമരംതന്നെ ആവശ്യമാണ് എന്ന തിരിച്ചറിവ് സമരം തുടങ്ങി ഏതാനും നാളുകൾക്കകം സമര നേതൃത്വത്തിന് കൈവന്നു. അതുകൊണ്ടാണ് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള എല്ലാ പ്രകോപനങ്ങളെയും സമചിത്തതയോടെ നേരിട്ടുകൊണ്ട് സമാധാനപരമായി ചിട്ടയായി ഈ സമരത്തെ വളർത്തിയെടുത്തത്. പതിനായിരക്കണക്കിന് കർഷകർ ഊഴംനിശ്ചയിച്ച്, ആയിരക്കണക്കിന് ട്രാക്ടറുകളിലും മറ്റ് വാഹനങ്ങളിലുമായി എത്തിച്ചേരുന്ന സമരവേദിയിൽ ഭക്ഷണം മുതൽ ചികിത്സവരെ എല്ലാറ്റിനും ചിട്ടയായ സംവിധാനം ഉണ്ടായിരുന്നു. ഈ സമരമുഖത്ത് ഇതിനകം 600ഓളം രക്തസാക്ഷികൾ ഉണ്ടായി എന്നതുപോലും മോദി ഭരണത്തെ തെല്ലും അലോസരപ്പെടുത്തുന്നില്ല. പാർലമെന്റിന് മുൻപിലേക്ക് ഒരു നിശ്ചിത എണ്ണം കർഷകർ മാർച്ച് ചെയ്യുമെന്ന സംയുക്ത കിസാൻ മോർച്ചയുടെ പ്രഖ്യാപനം സമരത്തിന്റെ രണ്ടാം ഘട്ടത്തെ കുറിക്കുന്നതാ യിരുന്നു. പാർലമെന്റ് മാർച്ചിനെ തകർക്കാൻ എല്ലാ നീച ശ്രമങ്ങളും സർക്കാർ പ്രയോഗിച്ചു. കർഷകരുടെയും സമര നേതൃത്വത്തിന്റെയും നിശ്ചയദാർഢ്യം അതിനെയെല്ലാം അതിജീവിക്കുന്നതായിരുന്നു.

സംയുക്ത കിസാൻ മോർച്ചയുടെ നേതൃത്വത്തിൽ 'രാജ്യത്തെ രക്ഷിക്കുക' എന്ന ആഹ്വാനത്തോടെ പടിഞ്ഞാറൻ യു.പി യിലെ മുസാഫർ നഗറിൽ നടന്ന കിസാൻ മഹാപഞ്ചായത്ത് ഈ ഐതിഹാസിക സമരത്തിന്റെ മറ്റൊരു ഘട്ടത്തെ അടയാളപ്പെടുത്തുന്നതാണ്. 50 ലക്ഷത്തോളം കർഷകർ മുസഫർ നഗറിലേക്ക് ഒഴുകിയെത്തി എന്നാണ് റിപ്പോർട്ട്. മുസഫർ നഗറിന് 25 കിലോ മീറ്റർ അകലം വരെ ജനങ്ങൾ തിങ്ങിനിറഞ്ഞിരുന്നതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. 5000ൽ അധികം ലങ്കറുകൾ (ഭക്ഷണശാല) മഹാപഞ്ചായത്തിനായി ഒരുക്കിയിരുന്നു. 2014 ലെ തെരഞ്ഞെടുപ്പിൽ വിജയം കൊയ്യുന്നതിനായി 2013ൽ വർഗീയ സംഘർഷം സൃഷ്ടിക്കപ്പെട്ട മുസഫർനഗർ ഈ കർഷക സമരത്തിലൂടെ ജനങ്ങളുടെ ഐക്യം ഊട്ടി ഉറപ്പിക്കുകയായിരുന്നു. മോദി–കോർപ്പറേറ്റ് ഭരണത്തിൽ പൊറുതിമുട്ടിയ കർഷകരുടെയും തൊഴിലാളികളുടെയും ആത്മരോഷമാണ് മുസഫർനഗറിൽ പ്രകടമായത്. ഈ മഹാ സമരവേദിയിൽ നിന്നാണ് സെപ്റ്റംബർ 27 ഭാരത് ബന്ദിന്റെ പ്രഖ്യാപനം ഉണ്ടായത്. സംയുക്ത കിസാൻ മോർച്ച പ്രഖ്യാപിച്ച ഈ ഭാരത് ബന്ദ് രാജ്യത്തെ മുഴുവൻ കർഷകരുടേത് മാത്രമല്ല, തൊഴിലാളികളും യുവാക്കളും വിദ്യാർത്ഥികളും ഏറ്റെടുക്കുന്ന സമരമാകും എന്നതിൽ സംശയമില്ല.

രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളും ജീവിത ദുരിതം കൊണ്ട് വീർപ്പുമുട്ടുകയാണ്. കോവിഡ് സൃഷ്ടിച്ച അരക്ഷിതാവസ്ഥ ജനങ്ങൾക്ക് താങ്ങാനാകുന്നതല്ല. ജീവൻ നിലനിർത്താനെങ്കിലും ഉണ്ടായിരുന്ന ജോലിയും കൂലിയും നഷ്ടപ്പെട്ട 50 കോടിയോളം വരുന്ന അസംഘടിത തൊഴിലാളികളുടെ നാടാണ് ഇന്ത്യ. അവരുടെ വീടുകളിൽ ഇന്ന് അടുപ്പ് പുകയുന്നില്ല. ദരിദ്ര കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും അവസ്ഥയും ദയനീയമാണ്. രാജ്യം കണ്ട ഏറ്റവും വലിയ തൊഴിലില്ലായ്മയാണ് ഇപ്പോൾ രാജ്യത്തുള്ളത്. വാക്സിനേഷനും ചികിത്സയും ലഭിക്കാൻ ജനങ്ങൾ നെട്ടോട്ടം ഓടുകയാണ്. രാജ്യത്തെ കോവിഡ് മരണം ഔദ്യോഗിക കണക്ക് പ്രകാരം 4,40,000 കവിഞ്ഞെങ്കിലും യഥാർത്ഥ സംഖ്യ ഇതിലും എത്രയോ വലുതാണ്.

കോവിഡ് പോലൊരു മഹാമാരിയുടെ സന്ദർഭത്തിൽ ജനങ്ങൾക്ക് ആശ്വാസം നൽകാൻ മറ്റെല്ലാം മാറ്റിവച്ച് തയ്യാറാകുന്നതിനു പകരം, കർഷകർക്കും തൊഴിലാളികൾക്കും എതിരെ കരിനിയമങ്ങൾ പടച്ചുവിട്ടുകൊണ്ടും, ജനങ്ങൾ പടുത്തുയർത്തിയ പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും സർവീസുകളും കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊണ്ടും ജനങ്ങൾക്കെതിരെ നീങ്ങുകയാണ് മോദി സർക്കാർ. ബിജെപി സർക്കാരിന്റെ ഈ ഫാസിസ്റ്റ് നീക്കത്തിനെതിരെ കൂടിയാണ് സെപ്റ്റംബർ 27 ന്റെ ഭാരത് ബന്ദ്. രാജ്യത്തെ അന്ധകാരത്തിലേക്ക് നയിക്കുന്ന കേന്ദ്രസർക്കാരിനെതിരായ വിട്ടുവീഴ്ചയില്ലാത്ത പ്രക്ഷോഭത്തിന്റെ ഐതിഹാസിക തുടക്കമാക്കി ഭാരത് ബന്ദിനെ മാറ്റണം. സംയുക്ത കിസാൻ മോർച്ച ആഹ്വാനം ചെയ്ത ഭാരത് ബന്ദിന് പൂർണ്ണ പിന്തുണ നൽകുവാൻ മുഴുവൻ ജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# ഇന്ത്യയുടെ സമ്പൂർണ വിൽപ്പന ഉറപ്പാക്കുന്ന നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ

**കേന്ദ്ര ധനകാര്യ മന്ത്രി നിർമ്മലാ സീതാരാമൻ ആഗസ്റ്റ് 30ന് പ്രഖ്യാപിച്ച പദ്ധതിയാണ് നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ അഥവാ എൻഎംപി. ഇന്ത്യയിലെ പൊതുമേഖലാസ്ഥാപനങ്ങളുടെയും ദേശീയ ആസ്തികളുടെയും വിൽപനയുടെ മറ്റൊരു പതിപ്പാണ് നീതി ആയോഗ് തയ്യാറാക്കിയിരിക്കുന്ന ഈ പദ്ധതി. സർക്കാർ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള പൊതുസംവിധാനങ്ങളും പൊതുമേഖലയിലും പൊതു ഉടമസ്ഥതയിലും അവശേഷിക്കുന്ന ആസ്തികളും പ്രവർത്തിപ്പിക്കാനും പരിപാലിക്കാനും സ്വകാര്യമുതലാളിമാർക്കും കോർപ്പറേറ്റുകൾക്കും വിട്ടുകൊടുത്ത് നാലുവർഷംകൊണ്ട് ആറുലക്ഷംകോടി രൂപ സമാഹരിക്കുക എന്നതാണ് ചുരുക്കി പറഞ്ഞാൽ എൻഎംപിയുടെ ഉള്ളടക്കം. 2020-2021ബജറ്റിൽ പ്രഖ്യാപിച്ചതും 43ലക്ഷംകോടി വരുന്നതുമായ ആസ്തിവിൽപനയുടെ പതിനാല് ശതമാനംവരും ഈ കച്ചവടം.**

ഏഴുപതിറ്റാണ്ടുകൊണ്ട് ഇന്ത്യയിലെ സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങൾ വിയർപ്പൊഴുക്കി പടുത്തുയർത്തിയതും സർക്കാരിന്റെ ഉടമസ്ഥതയിൽപ്പെടുന്നതുമായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സംരംഭങ്ങളും ചുളുവിലയ്ക്ക് കുത്തകകൾക്ക് കഴിഞ്ഞ ഏഴ് വർഷമായി തീറെഴുതുകയാണ് നരേന്ദ്രമോദിയും കൂട്ടാളികളും. 1991ൽ നരസിംഹറാവുവിന്റെ കാലത്ത് തുടങ്ങിവച്ച ആഗോളവത്ക്കരണനയങ്ങളുടെ ചുവടുപിടിച്ച് വാജ്പേയിയുടെ കാലത്താണ് ആദ്യമായി ഒരു വകുപ്പുതന്നെ കേന്ദ്രമന്ത്രിസഭയിൽ പൊതുമേഖലയുടെ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് ആരംഭിച്ചത്. വ്യവസായങ്ങൾ നടത്തുകയല്ല സർക്കാരിന്റെ ജോലി എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിതന്നെ നേരത്തെ നയം വ്യക്തമാക്കിയിരുന്നല്ലോ. വ്യവസായികളുടെ കാര്യസ്ഥനായി പ്രവർത്തിക്കുക എന്ന ഭാരിച്ച ജോലിയുള്ള സർക്കാരിന് വ്യവസായം നടത്താൻ ആവില്ലല്ലോ.

### എന്താണ് മോണിറ്റൈസേഷൻ പൈപ്പ്ലൈൻ

പ്രവർത്തനക്ഷമമല്ലാത്തതും വേണ്ടത്ര ഉപയോഗിക്കപ്പെടാത്തതുമായ നിലവിലുള്ള ആസ്തികൾ(ബ്രൗൺഫീൽഡ്) സ്വകാര്യ സംരംഭകർക്ക് കൈമാറി ആറുലക്ഷം കോടി രൂപ സമാഹരിക്കുവാനുള്ള പദ്ധതിയാണ് ദേശീയ ധനസമാഹരണ പദ്ധതി. കേന്ദ്രസർക്കാരിനുവേണ്ടി നീതി ആയോഗാണ് പാട്ടത്തിന് കൈമാറുന്ന എന്ന പേരിലുള്ള വിൽപ്പനയുടെ വിശദാംശങ്ങൾ പ്രതിപാദിക്കുന്ന സുവനീർ പുറത്തിറക്കിയിരിക്കുന്നത്. ധനസമാഹരണത്തിനുമപ്പുറം മൂലധന പുനർചംക്രമണമാണ് (Capital Recycling) ലക്ഷ്യമെന്ന് നീതി ആയോഗ് സിഇഒ അമിതാഭ് കാന്തിന്റെ വാക്കുകൾ ഉദ്ദേശിക്കുന്നത്, രാഷ്ട്രത്തിന്റെ ആസ്തികൾ സ്വകാര്യശക്തികൾക്ക് മികച്ച ലാഭം കൊയ്യുന്നതിനായി കൈമാറുന്നു എന്നതാണ്. മികച്ച പ്രവർത്തനത്തിനും പരിപാലനത്തിനും സ്വകാര്യമേഖല അത്യന്താപേക്ഷിതമാണ് എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. അതായത് നിലവിലുള്ള പൊതു ആസ്തികളിൽ സ്വകാര്യമുതലാളിമാർ കൂടുതൽ മൂലധനനിക്ഷേപം നടത്തി അതിനെ കാര്യക്ഷമമാക്കും. ഉദാഹരണമായി എൻ.എം.പിയിലൂടെ ആകെ സമാഹരിക്കാൻ ലക്ഷ്യമിടുന്ന 6 ലക്ഷം കോടിയുടെ 27 ശതമാനവും ദേശീയ പാതയിൽനിന്നാണ് പ്രതീക്ഷിക്കുന്നത്. നാലു വർഷത്തേക്ക് പ്രവർത്തിപ്പിക്കാൻ കൈമാറുന്ന റോഡ് നിർമ്മാണത്തിൽ മുതലാളിമാർ കൂടുതൽ നിക്ഷേപം നടത്തി അതിനെ കാര്യക്ഷമമാക്കും. അവർ ഇക്കാലയളവിൽ അതിനെ പരിപാലിക്കും. മുതലാളിമാർ മൂലധന പുനർചംക്രമണം നടത്തി വികസിപ്പിക്കുന്ന റോഡ് ഉപയോഗിക്കാൻ പ്രത്യേകമായ റോഡ് ഫീസ്(റോഡ് നികുതിക്കും ടോളിനും പുറമെ അതിലും വളരെ ഉയർന്ന തുക) യാത്രക്കാർ നൽകണം. ഇതാണ് നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ പരിപാടി.

റോഡ്, റയിൽവേ, ഊർജ്ജം, വ്യോമയാനം, എണ്ണ–വാതക പൈപ്പ്ലൈൻ, ടെലികോം, സ്പോർട്സ് സ്റ്റേഡിയങ്ങൾ, തുറമുഖങ്ങൾ, വൈദ്യുതി, വെയർഹൗസ്, റിയൽഎസ്റ്റേറ്റ് എന്നിങ്ങനെ പതിമൂന്ന് അടിസ്ഥാന സൗകര്യ മേഖലകളിലെ നിലവിലുള്ള ഇരുപതിലധികം ആസ്തികളാണ് പാട്ടമെന്ന പേരിലുള്ള വിൽപ്പനയ്ക്ക് വച്ചിരിക്കുന്നത്. ഇത് വിൽപ്പനയല്ല, പരിപാലിക്കാനായുള്ള കൈമാറ്റമാണെന്നാണ് ആർ.എസ്.എസ് പ്രചരിപ്പിക്കുന്നത്. പ്രചാരണം കണ്ടാൽ മുതലാളിമാർക്ക് രാജ്യത്തിനുവേണ്ടി പുണ്യപ്രവർത്തി നടത്താൻ അവസരം നൽകുന്നുവെന്നു തോന്നും. മൂലധനം മുടക്കിമെച്ചപ്പെടുത്തിയ ഒരു ദേശീയ ആസ്തി മുതലാളി, ഇതേ പദ്ധതി പ്രകാരം മുതലാളിക്ക് തിരികെ കൈമാറാതെ തന്റെ ഉടമസ്ഥതയിൽത്തന്നെ നിലനിർത്താൻ കഴിയും. കൈമാറ്റത്തിന്റെ കാലാവധി ദീർഘിപ്പിച്ചുനൽകിയാൽ മത്രം മതി. അങ്ങിനെ വിൽപ്പനയാണെങ്കിൽ നൽകേണ്ടിവരുമായിരുന്ന തുച്ഛതുകപോലും നൽകാതെ രാജ്യത്തിന്റെ ആസ്തികളിൽ (idle capital എന്നാണ് നിർമ്മലാ സീതാരാമൻ വിശേഷിപ്പിക്കുന്നത്) മൂലധനം മുടക്കാനും കൈവശം വയ്ക്കാനും ലാഭം കൊയ്യാനും മുതലാളിമാർക്ക് അവസരം നൽകുന്ന പദ്ധതിയാണ് നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ പരിപാടി. സ്വതന്ത്രഭാരതത്തിൽ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാൻ മുതലാളിമാർക്ക് തുച്ഛ പാട്ടത്തിന് കൈമാറിയ സർക്കാർ ഭൂമിയും വനഭൂമിയും ഏതാണ്ട് പൂർണ്ണമായും അവരുടെ കൈകളിലാണല്ലോ. അതിന്റെ പരിഷ്കരിച്ച പതിപ്പാണ് ആസ്തികളെ മോണിറ്റൈസ് ചെയ്യുന്ന പുതിയ പരിപാടി.

400 റയിൽവേസ്റ്റേഷനുകൾ, 90 പാസഞ്ചർ ട്രയിനുകൾ, 265 ഗുഡ്സ്ഷെഡുകൾ, 1400 കിലോമീറ്റർ റയിൽപാളങ്ങൾ, റയിൽവേയുടെ കൈവശമുള്ള 15 സ്റ്റേഡിയങ്ങൾ,റയിൽവേകോളനികൾ(എണ്ണം തീരുമാനിക്കപ്പെട്ടിട്ടില്ല), ഡിഎഫ്കോറിഡോർ 673 കിലോമീറ്റർ, കൊങ്കൺ റയിൽവേ 741 കിലോമീറ്റർ, 4 മലയോര റയിൽവേ സ്റ്റേഷനുകൾ എന്നതാണ് റയിൽവേയുമായി ബന്ധപ്പെട്ട വിൽപ്പനയുടെ പട്ടിക. കോഴിക്കോട്, കോയമ്പത്തൂർ, ചെന്നൈ വിമാനത്താവളങ്ങൾ ഉൾപ്പെടെ ഇരുപത്തിയഞ്ച് വിമാനത്താവളങ്ങൾ, 28608(സികെടി)കിലോമീറ്റർ പവർ ട്രാൻസ്മിഷൻ ലൈൻ, 2.86 ലക്ഷം കിലോമീറ്റർ ഭാരത് നെറ്റ് ഫൈബർ, ബിഎസ്എൻഎൽ, എംറ്റിഎൻഎൽ ടവറുകൾ 14,917 എണ്ണം, ഹൈഡ്രോ ഇലക്ട്രിക് ആന്റ് സോളാർ പവർ പദ്ധതികൾ, ഗയിൽ പൈപ്പ്ലൈൻ ഉൾപ്പെടെ പ്രകൃതിവാതക പൈപ്പ്ലൈനുകൾ 8154 കിലോമീറ്റർ, എൽപിജി പൈപ്പ് ലൈൻ 3930 കിലോമീറ്റർ, സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന്റെയും ഫുഡ് കോർപ്പറേഷന്റെയും ഗോഡൗണുകൾ(210 ലക്ഷം മെട്രിക് ടൺ), ഖനന മേഖലയിൽ 160 പദ്ധതികൾ, ഒമ്പത് പ്രധാന തുറമുഖങ്ങളിലെ 31 പ്രോജക്ടുകൾ, 2 നാഷണൽ സ്റ്റേഡിയങ്ങൾ, 2 റീജിയണൽസെന്ററുകൾ,26000കിലോമീറ്റർ റോഡ്, രാജ്യതലസ്ഥാനത്തടക്കം ഹൗസിംഗ് ബോർഡിന്റെയും ലാന്റ് ഡവലപ്പ്മെന്റ് ഓഫീസിന്റെയും കൈവശമിരിക്കുന്ന ഭൂമി, ടൂറിസം ഡിപ്പാർട്മെന്റിന്റെ കൈവശമിരിക്കുന്ന ഹോട്ടലുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അങ്ങനെ നീണ്ടുപോകുന്ന മുതലാളിമാർക്ക് കൈമാറാനായി നീക്കിവച്ചിരിക്കുന്ന വച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ പട്ടിക.

### നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ ജനങ്ങളുടെ നടുവൊടിക്കും

നടത്തിപ്പിനായി കൈമാറുന്നതേയുള്ളൂ, വിൽക്കുന്നില്ല, കാലാവധി കഴിയുമ്പോൾ തിരികെ ഏൽപ്പിക്കും, വിറ്റാലും ഉടമസ്ഥത സർക്കാരിനുതന്നെയായിരിക്കും തുടങ്ങിയ വിചിത്ര വാദങ്ങളാണ് ധനമന്ത്രി ഉന്നയിക്കുന്നത്. നിലവിലുള്ള ആസ്തികളിൽ വേണ്ടത്ര ഉപയോഗിക്കപ്പെടാത്തതോ രോഗാവസ്ഥയിലുള്ളതോ ആയ സംരംഭങ്ങളിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുന്നതുവഴി അവയുടെ പ്രവർത്തനത്തെ ഉത്തേജിപ്പിക്കാനാകുമത്രെ. ഉയർന്ന നിലവാരമുള്ളതും 'ചെലവ് താങ്ങാനാകുന്നതുമായ' സൗകര്യങ്ങൾ സാധാരണക്കാരന് ലഭ്യമാക്കുവാനാണ് കേന്ദ്രസർക്കാർ ഇതെല്ലാം വിൽക്കുന്നത്. ഇതെല്ലാം വിറ്റ് 'വികസന'ത്തിൽ നിക്ഷേപിക്കും. എന്നാൽ, ഈ 'സൗകര്യങ്ങൾ' ധാരാളമായി യൂസർ ചാർജ്ജ് കൊടുത്ത് ജനങ്ങൾ ഉപയോഗിക്കേണ്ടിയും വരും. രാജ്യത്തിന്റെ വൈദ്യുതി വിതരണസംവിധാനം മുതലാളിമാർ പാട്ടത്തിനെടുത്താൽ, അവർ നിശ്ചയിക്കുന്ന വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ടുന്ന ദുരവസ്ഥ ജനങ്ങൾക്കുണ്ടാകും. ഒരു നിശ്ചിത സമയത്തേയ്ക്ക് ഒരു മേഖലയുടെ നടത്തിപ്പിനുള്ള കൈമാറ്റം സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുമ്പോൾ സ്വാഭാവികമായും നികുതിപിരിവിനുള്ള അധികാരവും കൈമാറപ്പെടും എന്നതിന് നിരവധി ഉദാഹരണങ്ങൾ ഇതിനകം തന്നെയുണ്ട്. ഇന്ധനമേഖല സ്വകാര്യകുത്തകകൾക്ക് കൈമാറിക്കഴിഞ്ഞപ്പോൾ അന്തർദ്ദേശീയ മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില കുത്തനെ ഇടിഞ്ഞിട്ടും പെട്രോളിന്റെയും ഡീസലിന്റെയും വില അടിക്കടി വർദ്ധിക്കുന്നു. വിമാനത്താവളങ്ങളിൽ സ്വകാര്യ പങ്കാളിത്തം വന്നുകഴിഞ്ഞപ്പോൾ പാർക്കിംഗിന് അടക്കം ഫീസ് കുത്തനെ കൂടി. ദേശീയ പാതകളിൽ ഭീമമായി ടോൾ വർദ്ധിപ്പിക്കുന്നു.വിൽപ്പനപൂർണ്ണമായിക്കഴിയുമ്പോൾ ജനജീവതത്തിന്റെ അടിസ്ഥാന മേഖലകൾ മുഴുവൻ കുത്തകകൾക്ക് കൊള്ളയടിക്കുള്ള മാർഗ്ഗങ്ങളായി മാറും. മുതലാളിത്ത ചൂഷണത്തിന്റെ മൂർച്ചയേറ്റുന്ന ഒന്നായി നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ മാറും.

### എന്തുകൊണ്ട് നാഷണൽ മോണിറ്റൈസേഷൻ പദ്ധതി?

1991ലെ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി സ്വകാര്യവത്ക്കരണം ആരംഭിച്ചതുമുതൽ പൊതുമേഖലാസംരംഭങ്ങൾ വിറ്റഴിക്കപ്പെട്ടുതുടങ്ങി. 2016ലെ കണക്കനുസരിച്ച് 344 കേന്ദ്രപൊതുമേഖല സ്ഥാപനങ്ങൾ ഇന്ത്യയിലുണ്ട്. 2000നുശേഷം സ്വകാര്യവത്ക്കരിക്കുകയോ ലിക്വിഡേറ്റ് ചെയ്യപ്പെടുകയോ മെർജ് ചെയ്യപ്പെടുകയോ ചെയ്ത സംരംഭങ്ങൾ നൂറിനുമേലെയാണ്. അതിൽ എച്ച്എംടിയും ഇന്ത്യൻ എയർലൈൻസും ഇന്ത്യൻ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസും സിഎംസി ലിമിറ്റഡും പെട്രോകെമിക്കൽ കോർപ്പറേഷനുമൊക്കെ ഉൾപ്പെടും. സ്വകാര്യവത്ക്കരണവും ഉദാരവത്ക്കരണവും ആദ്യം ഉന്നംവച്ചത് നഷ്ടത്തിലോടുന്ന വ്യവസായസ്ഥാപനങ്ങളെയായിരുന്നുവെങ്കിൽ മുന്നോട്ടു പോകവെ ലാഭത്തിലോടുന്നതും നവരത്നഗണത്തിൽപ്പെടുന്നതുമായ സ്ഥാപനങ്ങൾ ലക്ഷ്യമിട്ട് കരുക്കൾ നീക്കുന്നത് നാം കണ്ടു. ഒരു ലക്ഷംകോടിരൂപ പ്രതിവർഷം നികുതിമാത്രം അടയ്ക്കുന്നതും നവരത്നഗണത്തിൽപ്പെടുന്നതും ഭീമമായ ആസ്തിയുള്ളതുമായ ബിപിസിഎൽ ചുളുവിലയ്ക്ക് വിൽക്കാൻ വല്ലാത്ത നിർബന്ധബുദ്ധിയാണ് കേന്ദ്രസർക്കാർ കാണിക്കുന്നത്.

എന്നാൽ സ്വകാര്യവൽക്കരണത്തിന്റെ അന്തംവിട്ട നടപടികളെ, മുതലാളിത്തത്തിന്റെ സഹജമായ പ്രതിസന്ധി പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നതും കഴിഞ്ഞ ഒരു ദശാബ്ദത്തിന്റെ അനുഭവങ്ങൾ വ്യക്തമാക്കുന്നുണ്ട്. വൻതോതിൽ ഇടിയുന്ന മൂലധനനിക്ഷേപം വിപണിപ്രതിസന്ധിയുടെ സൃഷ്ടിയാണ്. തന്മൂലം ഉണ്ടാകുന്ന വ്യവസായ–വാണിജ്യ മാന്ദ്യം സാമ്പത്തികഘടനയെ ആകെ തളർത്തുകയാണ്. മൂന്ന് വർഷം മുമ്പുള്ള ബജറ്റിൽ വിൽപ്പനയ്ക്കായി വച്ച 26 പൊതുമേഖലാ സ്ഥാപനങ്ങളിൽ 10ലേറെ സ്ഥാപനങ്ങൾ വിലയ്ക്കെടുക്കാൻ മുതലാളിമാർ ആരും മുന്നോട്ടുവന്നില്ല. ഏറ്റവും ആദായകരമായ ബിപിസിഎൽ വിലയ്ക്കെടുക്കാൻ പോലും വ്യക്തതയുള്ള ഒരു ബിഡ്ഡുമായി ആരും തയ്യാറായില്ല. അങ്ങിനെ ചില സ്ഥാപനങ്ങളുടെ വിൽപ്പന തന്നെ അസാധ്യമാണെന്നു വന്നു. ബജറ്റിൽ വിൽപ്പനയിലൂടെ പ്രതീക്ഷിച്ച തുകയുടെ 20 ശതമാനം പോലും

(ശേഷം 4–ാം പേജിൽ)

# ഇസ്ലാമിക മൗലികവാദശക്തികളുടെ കൂട്ടമായ അൽ ഖ്വയ്ദയ്ക്ക് യുഎസ് സാമ്രാജ്യത്വം 1988ൽ ജന്മം കൊടുത്തു

(1–ാം പേജിൽ നിന്ന്)

സ്നേഹികളും ലളിതമനസ്കരുമായി അറിയപ്പെടുന്ന അഫ്ഗാൻ ജനത, ദശകങ്ങളായുള്ള, സ്വേച്ഛാധികാരികളായ യുദ്ധപ്രഭുക്കന്മാരുടെ അധികാരവടംവലികളുടെയും ഒറ്റപ്പെട്ട വിവിധ അധികാര കേന്ദ്രങ്ങളായി മാതൃരാജ്യത്തെ വിഭജിക്കുന്ന ശിഥിലീകരണത്തിന്റെയും സാമ്രാജ്യത്വ ഉപജാപങ്ങളുടെയും ഇരകളായി വ്യക്തമായും മാറിയിരിക്കുകയാണ്. നൂറ്റാണ്ടുകളായി അഫ്ഗാൻ ജനതയിൽ വേരാഴ്ന്നു നിന്നിരുന്ന ഫ്യൂഡൽ ചിന്താഗതികളിലും ആചാരങ്ങളിലും രീതികളിലുംനിന്ന് ഉദയം ചെയ്തതും സാമ്രാജ്യത്വ ശക്തികളും അവരുടെ കൂട്ടാളികളും കൗശലപൂർവ്വം ആളിക്കത്തിക്കുകയുംചെയ്ത മതമൗലികവാദം ഇന്ന് അഫ്ഗാൻ ജനതയെ ദയനീയമാംവിധം ഗ്രസിച്ചിരിക്കുന്നു. ഇപ്പോൾ താലിബാൻ അധികാരത്തിലേറിയതോടെ അവരുടെ ഭാവി അനിശ്ചിതത്വത്തിലാകുകയും ജീവനോപാധികൾ തകരുകയും ജീവിതംതന്നെ നൂലിൽ തൂങ്ങിയതുപോലെ ആകുകയും ചെയ്തിരിക്കുന്നു. അല്പമെങ്കിലും മനഃസാക്ഷിയും ആഗോള സഹോദരസ്നേഹവുമുള്ള ഒരാൾക്കും അഫ്ഗാൻ ജനതയുടെ ഇന്നത്തെ വിഷമസ്ഥിതിയിൽ നിശ്ശബ്ദ സാക്ഷികളായിരിക്കാൻ കഴിയില്ല. അവർക്ക് പ്രവർത്തിച്ചേ മതിയാവൂ. പക്ഷേ അതാകട്ടെ, ബോധപൂർവ്വവും വസ്തുതകളെയും സംഭവഗതികളെയും ശരിയായി മനസ്സിലാക്കിക്കൊണ്ടും ശത്രുക്കളെയും മിത്രങ്ങളെയും വേർതിരിച്ചറിഞ്ഞുകൊണ്ടും ശാസ്ത്രീയമായ വിശകലനരീതിയുടെ അടിസ്ഥാനത്തിൽ സാഹചര്യത്തെ ശരിയായി വിലയിരുത്തിക്കൊണ്ടുമുള്ള പ്രവർത്തനം ആയിരിക്കണം.

### ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്വഭരണം അവസാനിച്ചതിനുശേഷമുള്ള അഫ്ഗാനിസ്ഥാൻ

1947ൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽനിന്ന ബ്രിട്ടീഷ് സാമ്രാജ്യത്വശക്തികൾ പിൻവാങ്ങിയതും വിഭജനത്തിലൂടെ ഇന്ത്യയും പാകിസ്ഥാനും രൂപംകൊണ്ടതും അഫ്ഗാനിസ്ഥാനെ സംബന്ധിച്ചിടത്തോളം ഒരു പുതിയ തുടക്കം ആയിരുന്നു; പ്രശ്നങ്ങളുണ്ടായിരുന്നവെങ്കിലും. ഒരു മുൻ ബ്രിട്ടീഷ് കോളനി ആയിരുന്ന അഫ്ഗാനിസ്ഥാൻ, സൈന്യത്തിന്റെ ആധുനികവൽക്കരണത്തിനായി യുഎസിനോട് സഹായത്തിനഭ്യർത്ഥിച്ചെങ്കിലും അത് നിരസിക്കപ്പെട്ടു. തുടർന്ന് അവർ സോവിയറ്റ് യൂണിയനിലേക്ക് തിരിയുകയും അവിടെനിന്ന് ക്രിയാത്മകമായ പ്രതികരണം ഉണ്ടാവുകയുംചെയ്തു. തുടക്കത്തിൽ സോവിയറ്റ് സഹായം തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെയും ഒരു സോഷ്യലിസ്റ്റ് ഭരണകൂടത്തിന്റെ ആഗോള കർത്തവ്യത്തിന്റെയും അടിസ്ഥാന

**അഫ്ഗാനിസ്ഥാൻ**

ത്തിലുള്ളതായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെതുടക്കത്തിൽഅഫ്ഗാനിസ്ഥാനിൽ ഉദയംകൊണ്ട ജനാധിപത്യശക്തികളും ജനാധിപത്യ ചിന്തകളും സോവിയറ്റ് സോഷ്യലിസത്തിന്റെ സ്വാധീനത്തിൽ വളരുകയും ചെയ്തു. തൽഫലമായി ചില ജനാധിപത്യ പരിഷ്കാരങ്ങൾ ആ നാട്ടിൽ ആദ്യമായി പരീക്ഷിക്കപ്പെട്ടു. പക്ഷേ, ക്രൂഷ്ചേവിന്റെ നേതൃത്വത്തിലുള്ള റിവിഷനിസ്റ്റ് സംഘം സോവിയറ്റ് യൂണിയനിൽ പിടിമുറുക്കിയതോടെ അഫ്ഗാനിസ്ഥാനനേർക്ക് ക്രമേണ രൂപം കൊണ്ട ആധിപത്യപരമായ ഒരു മനോഭാവം സുവ്യക്തമാവുകയും ചെയ്തു.

### അഫ്ഗാനിസ്ഥാനിൽ സോവിയറ്റ് റിവിഷനിസ്റ്റ് നേതാക്കൾചെയ്ത അനർത്ഥം

നിരവധി തുടർസംഭവങ്ങളുടെ പരിണതിയെന്നനിലയിൽ 1974ൽ അഫ്ഗാനിസ്ഥാനിലെ രാജഭരണം തൂത്തെറിയപ്പെടുന്നതും തുടർന്നതൊരു റിപ്പബ്ലിക്കായി മാറുന്നതും ലോകജനതകണ്ടു. അഫ്ഗാൻ ജനതയുടെ ദേശീയാഭിലാഷങ്ങൾ ക്രമേണ വികസിച്ചുവരുന്ന ഈ പശ്ചാത്തലത്തിൽ, പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടി ഓഫ് അഫ്ഗാനിസ്ഥാനിന്റെ (PDPA) നൂർ മുഹമ്മദ് താരാക്കി 1978ൽ അധികാരം പിടിച്ചെടുത്തു. സോവിയറ്റ് റിവിഷനിസ്റ്റ് നേതൃത്വത്തിന്റെ പിന്തുണയോടെ, ആദ്യ പ്രസിഡണ്ടായ സർദാർ മുഹമ്മദ് ദൗദിൽനിന്ന് ഒരു അട്ടിമറിയിലൂടെയാണ് അധികാരം കൈക്കലാക്കിയത്. അഫ്ഗാനിസ്ഥാനിൽ ഒരു ജനാധിപത്യ റിപ്പബ്ലിക്ക് സ്ഥാപിക്കുന്നതായി പിഡിപിഎ പ്രഖ്യാപിച്ചു. ഒരു വിദേശശക്തിയുടെ സഹായത്തോടെ, അട്ടിമറിയിലൂടെയുള്ള ഈ അധികാര കൈമാറ്റം, ദശകങ്ങളായി അവിടെ പ്രകടമായുണ്ടായിരുന്ന ജനാധിപത്യത്തെ സ്ഥാപിച്ചെടുക്കുക എന്ന അഫ്ഗാൻ ജനതയുടെ ദേശീയാഭിലാഷത്തിന്റെ പൂർത്തികരണത്തിന് വ്യക്തമായ കാരണങ്ങളാൽ തടസ്സം സൃഷ്ടിച്ചു. മാർക്സിസം-ലെനിനിസത്തിനുള്ള പിന്തുണ അഫ്ഗാനിസ്ഥാനിൽ ദൃഢീകരിച്ച് വരുകയായിരുന്നുവെങ്കിലും, രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ തുടർച്ചയായുള്ള സോവിയറ്റ് ഇടപെടൽ ദേശസ്നേഹികളായ ജനങ്ങളുടെയും ശക്തികളുടെയുമിടയിൽ സോവിയറ്റ് യൂണിയനെതിരായ വിദ്വേഷം സൃഷ്ടിച്ചു. രാജ്യത്തെ സൈനിക ഇടപെടൽ സോവിയറ്റ് റിവിഷനിസ്റ്റ് നേതൃത്വത്തിനെതിരെയുള്ള അമർഷത്തെ രൂക്ഷമാക്കുക മാത്രമല്ല, അവരെ ഒരു സാമ്രാജ്യത്വ ശക്തിയായി കണക്കാക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. താരാക്കി സർക്കാരിന്റെ അടിച്ചമർത്തൽഭരണം, സ്വാതന്ത്ര്യസ്നേഹികളും ജനാധിപത്യമനോഭാവമുള്ളവരുമായ ജനങ്ങളിൽ ആഴത്തിലുള്ള അമർഷവും ശക്തമായ സോവിയറ്റ് വിരുദ്ധ മനോഭാവവും സൃഷ്ടിക്കുകയും അന്തിമമായി അത്, ഒരു കലാപമനോഘടനയായി മാറുകയും മാർക്സിസ്റ്റ് ദർശനത്തെ സമ്പൂർണ്ണമായി നിരാകരിച്ചില്ലെങ്കിൽക്കൂടി അതിനോടുണ്ടായിരുന്ന ദൃഢമായ പിന്തുണയ്ക്ക് തിരിച്ചടി നേരിടുകയും ചെയ്തു. ദിവസങ്ങൾ കഴിയുന്തോറും അഫ്ഗാൻ വിമതരുടെ എണ്ണം വർദ്ധിക്കുകയും ചുരുങ്ങിയ കാലത്തിനുള്ളിൽത്തന്നെ അഫ്ഗാനിസ്ഥാനിലെ മിക്ക പ്രവിശ്യകളെയും ആഭ്യന്തരയുദ്ധം ഗ്രസിക്കുകയും ചെയ്തു. ആ സാഹചര്യത്തിൽ ഒരു കൊട്ടാരം അട്ടിമറിയിലൂടെ ഹഫീസുള്ള അമീൻ 1979 സെപ്തംബറിൽ അധികാരം പിടിച്ചെടുത്തു. തങ്ങളുടെ ഇഷ്ടക്കാരായ ഗവൺമെന്റ്പുറത്താക്കപ്പെട്ടതോടെ സോവിയറ്റ് റിവിഷനിസ്റ്റ് നേതൃത്വം അഫ്ഗാനിസ്ഥാനിൽ നഗ്നമായ സൈനിക അധിനിവേശം നടത്തുകയും പ്രസിഡൻറ് ഹഫീസുള്ള അമീനെ സ്ഥാനഭ്രഷ്ടനാക്കി വധിക്കുകയും തൽസ്ഥാനത്ത് ബബ്രാക് കർമെൽ എന്നൊരാളെ അവരോധിക്കുകയും ചെയ്തു. ഇത് അഫ്ഗാനിസ്ഥാനിലെ സ്വാതന്ത്ര്യസ്നേഹികളും ജനാധിപത്യ വിശ്വാസികളുമായ ജനങ്ങളിൽ നിലനിന്നിരുന്ന സോവിയറ്റ് വി

(ശേഷം 5–ാം പേജിൽ)

### നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ

(3–ാം പേജിൽ നിന്ന്)

വരുമാനം ഉണ്ടായില്ല. അതിരൂക്ഷമായ സാമ്പത്തികമാന്ദ്യം മുതലാളിമാരെ നിക്ഷേപത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നു എന്ന സൂചനകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിലാണ് ധനക്കമ്മി കുറയ്ക്കാനുള്ള ഭ്രാന്തൻ നടപടികൾക്ക് സർക്കാർ തുനിയുന്നത്. വിൽപ്പനയേക്കാൾ മുതലാളിമാർക്ക് വളരെ ആകർഷകമായ പദ്ധതിയെന്ന നിലയിലാണ് നാഷണൽ മോണിറ്റൈസേഷൻ പദ്ധതി കൊണ്ടുവരുന്നത്. ഫലത്തിൽ ദേശീയ ആസ്തികളെല്ലാം ഒരു നിബന്ധനയും വ്യവസ്ഥയുമില്ലാതെതന്നെ മുതലാളിമാർക്ക് കൈവശം വയ്ക്കാനും മൂലധനനിക്ഷേപം നടത്താനും അനുവദിക്കുകയാണ് ഈ പദ്ധതിയിലൂടെ. മുതലാളിത്ത ഉൽപ്പാദനക്രമം നേരിടുന്ന അപരിഹാര്യമായ, അസാധാരണമായ പ്രതിസന്ധിയുടെ പ്രതിഫലനം കൂടിയാണ് ഈ ദേശീയ ധനസമാഹരണ പരിപാടി. എന്നാൽ ഇതും അവരെ തുണയ്ക്കില്ല എന്നത് ചരിത്രപാഠങ്ങളിൽനിന്ന് നാം തൊഴിലാളിവർഗ്ഗം തിരിച്ചറിയുന്നു. ■

# കെഎസ്ആർടിസി ഡിപ്പോകളിൽ ബിവറേജസ് ഔട്ട്ലെറ്റുകൾ തുറക്കാനുള്ള നീക്കത്തിൽനിന്നും സർക്കാർ പിന്മാറണം

സ്ത്രീകളും വിദ്യാർത്ഥികളുമടക്കം ആയിരക്കണക്കിന് ആളുകൾ നിത്യേന വന്നുപോകുന്ന കെഎസ്ആർടിസി ഡിപ്പോകളിൽ ബെവ്കോ ഔട്ട്ലെറ്റുകൾ ആരംഭിക്കാനുള്ള നീക്കം തികഞ്ഞ ജനദ്രോഹമാണ്. കെഎസ്ആർടിസി ബസ് സ്റ്റാൻഡുകൾ സാമൂഹ്യവിരുദ്ധരുടെ താവളമായി മാറും. വിദ്യാർത്ഥികളും യാത്രക്കാരും ജീവനക്കാരുമടക്കം മദ്യപാനശീലത്തിലേയ്ക്ക് നയിക്കപ്പെടും. സ്ത്രീകളും വിദ്യാർത്ഥികളുമുൾപ്പെടെ യാത്രക്കാരുടെ സുരക്ഷിതത്വം ഇല്ലാതെയാക്കപ്പെടും. ഫലത്തിൽ കെഎസ്ആർസിയുടെ തകർച്ചയ്ക്ക് ഈ നീക്കം ഇടവരുത്തും. മദ്യപാനശീലം സമൂഹത്തിൽ കുറ്റകൃത്യങ്ങൾ പെരുകുവാൻ ഇടയാക്കുന്ന സാഹചര്യത്തിൽ എല്ലാമദ്യശാലകളും ഉടൻ അടച്ചുപൂട്ടി ജനങ്ങളെ സ്വൈരമായി ജീവിക്കാൻ അനുവദിക്കണം.

മദ്യനിരോധന സമിതിയും മദ്യവിരുദ്ധ ജനകീയ സമരസമിതിയും സംയുക്തമായി കോട്ടയം കെ എസ് ആർ ടി സി ബസ് സ്റ്റാന്റിൽ നടത്തിയ പ്രതിഷേധ ധർണ്ണ മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റ് ഫാദർ വർഗീസ് മുഴുത്തേറ്റ് ഉദ്ഘാടനംചെയ്തു. ബിഷപ്പ് തോമസ് കെ ഉമ്മൻ മുഖ്യപ്രഭാഷണം നടത്തി. പ്രൊഫ.സി.മാമച്ചൻ, മദ്യവിരുദ്ധ ജനകീയ സമരസമിതി സംസ്ഥാന കൺവീനർ മിനി കെ.ഫിലിപ്പ്, പ്രൊഫ.പി.എൻ.തങ്കച്ചൻ, ഇ.വി.പ്രകാശ്, പി.ജി.ശാമുവൽ, റോയ് ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. ■




കോട്ടയം കെഎസ്ആർടിസി സ്റ്റാൻഡിൽ നടന്ന പ്രതിഷേധ ധർണയിൽ പ്രൊഫ.സി.മാമ്മച്ചൻ പ്രസംഗിക്കുന്നു




മദ്യവിരുദ്ധ ജനകീയ സമരസമിതി തിരുവല്ലയിൽ നടത്തിയ പ്രതിഷേധ ധർണ ഫാ.ടി.ടി.സഖറിയ ഉദ്ഘാടനം ചെയ്തു. ജോർജ് മാത്യു കൊട്ടമൺ, എബ്രഹാം ഐപ്, എസ്.രാധാമണി എന്നിവർ പ്രസംഗിച്ചു.

**ആദ്യം പഠിപ്പിക്കുക, പിന്നെ പരീക്ഷ...**




മതിയായ തയ്യാറെടുപ്പില്ലാതെ പ്ലസ് വൺ പരീക്ഷ നടത്തരുത് എന്നാവശ്യപ്പെട്ടുകൊണ്ട്, എഐഡിഎസ്ഒയുടെ ആഭിമുഖ്യത്തിൽ എറണാകുളത്ത് നടന്ന പഠിപ്പുസമരത്തിൽനിന്ന്. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ബിനു ബേബി ഉദ്ഘാടനം ചെയ്തു. പി.കെ.പ്രഭാഷ്, നിള മോഹൻ കുമാർ, എമിൽ ബിഎസ് എന്നിവർ പ്രസംഗിച്ചു. അനാമിക എസ്. ഗോപാൽ വിദ്യാർത്ഥികൾക്ക് ക്ലാസ് എടുത്തു.

# യുഎസ് സാമ്രാജ്യത്വത്തിന്റെയും പാക്. മുതലാളിവർഗ്ഗത്തിന്റെയും പിന്തുണയോടെ 1994ൽ താലിബാൻ സേന ഉയർന്നുവന്നു

(4–ാം പേജിൽ നിന്ന്)

രുദ്ധ വികാരത്തെ കൂടുതൽ ദൃഢമാക്കി. അന്നത്തെ പ്രസിഡന്റ് ബ്രഷ്നേവ് നയിച്ച സോവിയറ്റ് റിവിഷനിസ്റ്റ് നേതൃത്വത്തിന്റെ തെറ്റായ നടപടികൾ നിമിത്തം, സാമൂഹിക വികാസത്തിനും ദശകങ്ങളായുള്ള നാട്ടുവാഴിത്തകെട്ടുപാടുകളിൽനിന്നുള്ള ജനങ്ങളുടെ മോചനത്തിനും തടസ്സം സൃഷ്ടിച്ചിരുന്ന പിന്തിരിപ്പൻ ശക്തികൾക്കും മതഭ്രാന്തന്മാർക്കുംപുറത്താക്കപ്പെട്ട യാഥാസ്ഥിതികവിഭാഗങ്ങൾക്കും മേൽക്കൈ ലഭിക്കുകയും ചെയ്തു.

### സോവിയറ്റ് ബുദ്ധിമോശം അമേരിക്കൻ സാമ്രാജ്യത്വത്തിന് വഴിയൊരുക്കി

ഈ കലങ്ങിയ വെള്ളത്തിൽ, അമേരിക്കൻ സാമ്രാജ്യത്വവും അതിന്റെ കുപ്രസിദ്ധ ചാരസംഘടനയായ സിഐഎയും അഫ്ഗാനിസ്ഥാനിലെ പരസ്പരം പോരടിക്കുന്ന കലാപകാരികളായ യുദ്ധപ്രഭുക്കന്മാരെയും ഗറില്ലാ ഗ്രൂപ്പുകളുടെ സംഘമായ മുജാഹിദീനിലെ വിവിധ ഘടകങ്ങളെയും എരികേറ്റുകയും അവർക്ക് പണവും ആയുധങ്ങളും ഉപഗ്രഹ നിരീക്ഷണ സംവിധാനങ്ങളും ഇന്റലിജൻസ് രേഖകളും നൽകുകയും സോവിയറ്റ് സൈന്യത്തിനെതിരെ പൊരുതാൻ അഫ്ഗാൻ അഭയാർത്ഥി ക്യാമ്പുകളിൽനിന്ന് പോരാളികളെ റിക്രൂട്ട് ചെയ്യാനുള്ള സാഹചര്യമൊരുക്കിക്കൊടുക്കുകപോലും ചെയ്തു. അന്ന് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അടുത്ത കൂട്ടാളിയായിരുന്ന പാകിസ്ഥാന്റെ സഹായത്തോടെ യുഎസ് ഭരണാധികാരികൾ ഈ റിക്രൂട്ടുകൾക്ക് സൈനിക പരിശീലനം നൽകുകയും ചെയ്തു. സിഐഎ രേഖകളിൽ തുറന്ന് അംഗീകരിച്ചതുപോലെ, സോവിയറ്റ് അനുകൂല ഭരണവാഴ്ച്ചയുടെ എതിരാളികൾക്ക് അമേരിക്കയുടെ രഹസ്യ സഹായം 1979ൽ നൽകാനാരംഭിച്ചു. പേപിടിച്ച ഇസ്ലാമിക മൗലികവാദശക്തികളുടെ മറ്റൊരു കൂട്ടമായ അൽ ഖ്വൊയ്ദയ്ക്ക് യുഎസ് സാമ്രാജ്യത്വം 1988ൽ ജന്മം കൊടുത്തു.

അഫ്ഗാനിസ്ഥാനിലെ തങ്ങളുടെസൈന്യത്തെപിൻവലിക്കാൻ 1989ൽ സോവിയറ്റ് യൂണിയനിലെ റിവിഷനിസ്റ്റ് നേതൃത്വം നിർബന്ധിതമാകുകയും മുജാഹിദ്ദീന്റെ സഹായത്തോടെ പുതിയൊരു ഗവൺമെന്റ് രൂപീകരിക്കപ്പെടുകയും ചെയ്തു. പക്ഷേ യുദ്ധപ്രഭുക്കൾക്കിടയിൽ അധികാരത്തിനായുള്ള രൂക്ഷമായ കലഹങ്ങൾ തുടരുകയും പലയിടത്തും സായുധപ്പോരാട്ടങ്ങൾ നടക്കുകയും ചെയ്തു. ഈ ദയനീയമായ ഇരുണ്ട കാലത്താണ് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും പാകിസ്ഥാനിലെ മുതലാളിവർഗ്ഗ ഭരണാധികാരികളുടെയും അനുഗ്രഹാശിസ്സുകളോടും പിന്തുണയോടും കൂടിത്തന്നെ 1994ൽ താലിബാൻ സേന ഉയർന്നുവരുന്നത്. തങ്ങളുടെ രാജ്യത്തെ സമാധാനപൂർണ്ണമായി ഒരിക്കലും കണ്ടിട്ടില്ലാത്തവരും വേരുകൾ നഷ്ടപ്പെട്ടവരും തൊഴിലില്ലാത്തവരും സാമ്പത്തികമായി നിരാലംബരും ആത്മബോധം നഷ്ടപ്പെട്ടവരും അതുകൊണ്ടുതന്നെ അസ്വസ്ഥരും ജീവിതലക്ഷ്യങ്ങളിലാത്ത നിരാശാഭരിതരുമായ അഫ്ഗാൻ യുവജനങ്ങളിൽനിന്നും അഭയാർത്ഥികളിൽനിന്നും അനാഥരിൽനിന്നും ആയിരക്കണക്കിനാൾക്കാരെ താലിബാൻ റിക്രൂട്ട് ചെയ്തു. രണ്ടു ഭീകര ഇസ്ലാമിക മതമൗലികശക്തികളായ താലിബാനും അൽഖ്വൊയ്ദയും തമ്മിൽ പരസ്പരധാരണ വളർത്തിയെടുക്കുകയും ഒന്നിച്ചു പ്രവർത്തിക്കുകയും ചെയ്തു. മുളപൊട്ടി വന്നിരുന്ന ഇടതുജനാധിപത്യശക്തികളെ അടിച്ചമർത്തുകയും താലിബാൻ തങ്ങളുടെ സ്വാധീനം അതിവേഗത്തിൽ വിപുലപ്പെടുത്തുകയും അന്തിമമായി പാകിസ്ഥാൻ സൈന്യത്തിന്റെ സഹായത്തോടെ 1996ൽ അധികാരം പിടിച്ചടക്കുകയും ചെയ്തു. അങ്ങനെ അഫ്ഗാൻ ജനതയുടെ അഭിലാഷങ്ങൾ പൂർത്തികരിക്കപ്പെട്ടില്ല എന്നുമാത്രമല്ല ഉള്ളിൽ നിന്നും പുറത്തുനിന്നുമുള്ള പിന്തിരിപ്പൻശക്തികളുടെ സമ്മർദ്ദംമൂലം നിരന്തരമായ സംഘർഷങ്ങളും പിരിമുറുക്കങ്ങളും രാജ്യത്തെ ഗ്രസിക്കുകയും ചെയ്തു.

### ഒന്നാം താലിബാൻ ഭരണത്തിന്റെ ഭീകരത

വിജ്ഞാനവിരുദ്ധ ഫ്യൂഡൽ സംസ്കാരത്തിന്റെയും മതപുനരുദ്ധാരണവാദത്തിന്റെയും ഉയിർത്തെഴുന്നേൽപ്പുകൊണ്ട് അടയാളപ്പെടുത്തപ്പെട്ട താലിബാൻ ഭരണത്തിന്റെ ജനപ്രീതി ക്രമേണ നഷ്ടപ്പെട്ടു. മറുഭാഗത്ത്, സ്വർണ്ണം, ചെമ്പ്, ലിഥിയം, രത്നക്കല്ല് തുടങ്ങിയ വിലയേറിയ ധാതുക്കളുടെ ഖനികളും പെട്രോളിയവും പ്രകൃതിവാതകവും സമൃദ്ധമായ, സർവ്വോപരി കറുപ്പിന്റേയും മറ്റു ലഹരിവസ്തുക്കളുടെയും ഏറ്റവും വലിയ ഉല്പാദകരുമായ അഫ്ഗാനിസ്ഥാൻ എല്ലായ്പ്പോഴും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നിരീക്ഷണവലയത്തിലായിരുന്നു. മദ്ധ്യേഷ്യ, ഇന്ത്യാ ഉപഭൂഖണ്ഡം, കിഴക്കൻ യൂറോപ്പ് തുടങ്ങിയ പ്രദേശങ്ങളെ നിരീക്ഷിക്കേണ്ട ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ, മൈലുകളോളം നീണ്ടുകിടക്കുന്ന ഭൂപ്രദേശങ്ങൾ നിറഞ്ഞ, പർവ്വതങ്ങളാൽ ചുറ്റപ്പെട്ട അഫ്ഗാനിസ്ഥാന്റെ ഭൗമശാസ്ത്രപരമായ സ്ഥാനം പരമപ്രധാനമാണുതാനും. മാത്രവുമല്ല, ഇന്ത്യയിലെയും പാകിസ്ഥാനിലെയും തുറമുഖങ്ങളിലേക്ക് ഗൾഫ് നാട്ടുകളിൽനിന്നുള്ള എണ്ണ കൊണ്ടുപോകാനുള്ള പൈപ്പ് ലൈൻ കടന്നുപോകുന്നതും അഫ്ഗാനിസ്ഥാനിലൂടെയാണ്. മദ്ധേഷ്യയിൽ തക്കംപാർത്ത് നിൽക്കുകയായിരുന്ന അമേരിക്കൻ സാമ്രാജ്യത്വം അഫ്ഗാനുമേലുള്ള തങ്ങളുടെ പുത്തൻ കൊളോണിയൽ ആധിപത്യം തീവ്രമാക്കാനും താലിബാൻ സർക്കാരിനെ മറിച്ചിട്ട് തൽസ്ഥാനത്ത് ഒരു പാവ സർക്കാരിനെ അവരോധിക്കാനുമുള്ള അവസരം കാത്തിരിക്കുകയായിരുന്നു. ലോകമാസകലം ആധിപത്യം നേടാനും കൊള്ള നടത്താനുമുള്ള സാമ്രാജ്യത്വത്തിന്റെ വിശിഷ്യ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ശ്രമങ്ങൾ, ശക്തമായ ഒരു സോഷ്യലിസ്റ്റ് ക്യാമ്പിന്റെ അഭാവം നിമിത്തം അഭംഗുരം നടന്നുകൊണ്ടിരിക്കുകയായിരുന്നു; ഇപ്പോഴും അത് തുടരുന്നു.

**അഫ്ഗാനിസ്ഥാൻ**

**2001ലെ അമേരിക്കൻ അധിനിവേശത്തിനുശേഷം പിന്നീട് 20 വർഷക്കാലം അവരുടെ ആധിപത്യം തുടർന്നിട്ടും അവിടെ ഒരു പാവ ഗവൺമെന്റിനെ അവരോധിക്കുകയും പത്തുലക്ഷത്തോളം യുഎസ് സൈനികരെ വിവിധ ഘട്ടങ്ങളിലായി നിയോഗിക്കുകയും ചെയ്തിട്ടും അഫ്ഗാനിസ്ഥാൻ പണ്ടത്തെപ്പോലെ യുദ്ധത്താൽ തകർന്നും പിന്നോക്കാവസ്ഥയിൽത്തന്നെയും തുടരുന്നതിന് കാരണമെന്താണ്? ആ രാജ്യത്തേക്ക് വാഗ്ദത്തം ചെയ്യപ്പെട്ട ജനാധിപത്യം ഇപ്പോഴും സംഭവിക്കാതിരിക്കുന്നതിനും കാരണമെന്താണ്?**

### അഫ്ഗാനിസ്ഥാനിൽ അമേരിക്ക ഒരു സമ്പൂർണ്ണ ആക്രമണയുദ്ധം ആരംഭിച്ചു

2001 സെപ്റ്റംബർ 11ന് ന്യൂയോർക്കിലെ ഇരട്ട ഗോപുരങ്ങൾ തീവ്രവാദി ആക്രമണത്തിൽ തകർന്നടിഞ്ഞതിനെത്തുടർന്ന്, തീവ്രവാദത്തിനെരെ പ്രത്യേകിച്ചും ഇസ്ലാമിക തീവ്രവാദത്തിനെതിരെ കുരിശുയുദ്ധം നയിക്കുന്നവരെന്ന് നടിച്ചിരുന്ന, പ്രസിഡണ്ട് ജോർജ്ജ് ബുഷിന്റെ നേതൃത്വത്തിലുള്ള യുഎസ് ഗവൺമെന്റ് അൽ ഖ്വൊയ്ദയുടെമേൽ അതിന്റെ ഉത്തരവാദിത്തം ചാർത്തിക്കൊടുക്കുകയും അൽ ഖ്വൊയ്ദയുടെ കൂട്ടാളികളായ താലിബാൻ ഭരിക്കുന്ന അഫ്ഗാനിസ്ഥാനുനേരേ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. അമേരിക്കൻ സാമാജ്യത്വം വളർത്തിയതും പിന്നീട് അവർക്കുതന്നെ വിനയായി മാറുകയുംചെയ്ത കുപ്രസിദ്ധനായ അൽ ഖ്വൊയ്ദ തലവൻ ഒസാമ ബിൻ ലാദൻ ഉൾപ്പെടെയുള്ള നേതാക്കളെ വിട്ടുകൊടുക്കണമെന്നുള്ള തന്റെ ആവശ്യം താലിബാൻ ഭരണവൃന്ദം നിരസിച്ചെന്ന് ബുഷ് ആരോപിച്ചു. അഫ്ഗാനിസ്ഥാനിൽനിന്ന് തന്റെ ശൃംഖലയുടെ പ്രവർത്തനം നിയന്ത്രിച്ചിരുന്ന ലാദൻ താലിബാന്റെ 'അതിഥി'യായിരുന്നുവെന്നാണ് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അഭിപ്രായം. യുഎസിന്റെ നേതൃത്വത്തിലുള്ള നാറ്റോസഖ്യത്തിന്റെ സൈന്യം വളരെപ്പെട്ടെന്നുതന്നെ താലിബാനെ അധികാരഭ്രഷ്ടരാക്കുകയും ഒരു ഇടക്കാല ഗവൺമെന്റിനെ വാഴിക്കുകയും ചെയ്തു.

### യുഎസ് സാമ്രാജ്യത്വ പിന്തുണയുള്ള മർദ്ദകരുടെയും അഴിമതിക്കാരുടെയും ഭരണമാണ് 2001മുതൽ നിലവിലുള്ളത്

മറുഭാഗത്ത്, അൽ ഖ്വൊയ്ദയുടെയും കൂട്ടാളികളുടെയും ഭീകരവാദത്തെ അമർച്ച ചെയ്യാനെന്ന പേരിൽ അമേരിക്കൻ സാമ്രാജ്യത്വം ആ രാജ്യത്തേക്ക് വമ്പിച്ച സൈന്യവും ആധുനികമായ പടക്കോപ്പുകളും കൂട്ട നശീകരണായുധങ്ങളുമെല്ലാം എത്തിക്കുകയും അഫ്ഗാനിസ്ഥാന്റെ പരമാധികാരത്തെ ചവിട്ടിമെതിച്ചുകൊണ്ട് നിരന്തരയുദ്ധത്തിലൂടെ ആ നാടിനെ തകർക്കുകയും ചെയ്തു. 20 വർഷത്തെ യുദ്ധത്തിൽ അമേരിക്കയുടെ ചെലവ് 2.26 ട്രില്യണിൽപ്പരം ഡോളറാണ്, അതിൽ 530 ബില്യൺ ഡോളർ, യുദ്ധത്തിന്റെ ചെലവിലേക്ക് അമേരിക്ക എടുത്ത കടത്തിന്റെ പലിശയാണ്. ഔദ്യോഗിക റിപ്പോർട്ടനുസരിച്ച് അമേരിക്കയുടെ ഭാഗത്തെ മരണം 4000–ത്തിൽ കൂടുതലാണ്. മറുഭാഗത്ത്, 20 ലക്ഷത്തിൽപ്പരം അഫ്ഗാൻകാർക്ക് ജീവൻ നഷ്ടപ്പെട്ടു. ദശലക്ഷത്തിൽപരം ആൾക്കാർ അഭയാർത്ഥികളായി. 1.84 കോടി അഫ്ഗാൻ ജനങ്ങൾക്ക് നിലനില്പിനായി ജീവകാരുണ്യ സഹായത്തെ ആശ്രയിക്കേണ്ടിവരുന്നു. അവരുടെ ദാരിദ്ര്യത്തിനും കഷ്ടപ്പാടിനും അതിരില്ല.

### അഫ്ഗാനിസ്ഥാന്റെ സാമ്പത്തികത്തകർച്ച

2001 ഒക്ടോബറിലെ യുഎസ് അധിനിവേശത്തിനുമുമ്പുള്ള രണ്ടു ദശകങ്ങളിലേറെക്കാലത്തെ യുദ്ധം നിമിത്തം അഫ്ഗാനിസ്ഥാന്റെ സാമ്പത്തികനില തകർച്ചയിലായിരുന്നു. 20 വർഷത്തെ യു.എസ് അധിനിവേശക്കാലത്ത് സാഹചര്യം കൂടുതൽ വഷളായി. 90 ശതമാനം ജനങ്ങളും പ്രതിദിനം രണ്ട് ഡോളറിൽതാഴെ വരുമാനംകൊണ്ടാണ് ജീവിക്കുന്നതെന്ന്, സ്ഥാനഭ്രഷ്ടനാക്കപ്പെട്ട പ്രസിഡൻറ് അഷ്റഫ് ഗാനി 2021ൽ പറഞ്ഞു. അഫ്ഗാനിസ്ഥാന്റെ ആഭ്യന്തരോല്പാദനം(GDP) 20 ബില്യൺ ഡോളറാണ്; അതാകട്ടെ ജമ്മു കാശ്മീരിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് തുല്യമാണ്. ജിഡിപിയുടെ 40 ശതമാനം ഐഎംഎഫ് വായ്പയിൽ നിന്നാണ്; ലഹരി, മയക്കുമരുന്ന് വ്യാപാരത്തിലൂടെ 6 മുതൽ 11 ശതമാനം വരെയും. വിദേശ സഹായവും വായ്പയും കുറയാൻ തുടങ്ങിയതോടെ ജിഡിപി വളർച്ചാനിരക്ക് 2 മുതൽ 3ശതമാനം വരെ ഇടിയാനും തുടങ്ങി. കറന്റ് അക്കൗണ്ട് കമ്മി (ഇറക്കുമതി കയറ്റുമതിയേക്കാൾ കൂടുതൽ) ജിഡിപിയുടെ 27.5 ശതമാനമെന്ന സുസ്ഥിരമല്ലാത്ത നിരക്കിലുമാണ്. കൃഷിയോഗ്യമായ 12 ശതമാനം സ്ഥലംകൊണ്ട് ജനസംഖ്യയുടെ 70 ശതമാനം ആൾക്കാരെയേ നിലനിർത്താൻ കഴിയുന്നുള്ളൂ. ദാരിദ്ര്യനിരക്ക് ജനസംഖ്യയുടെ പകുതിയിലധികം വരും. യുഎസിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന, അഫ്ഗാൻ സെൻട്രൽ ബാങ്കായ ഡിഎബി യിലെ വിദേശനാണ്യ ശേഖരവും സ്വർണ്ണവും യുഎസ് മരവിപ്പിച്ചിരിക്കുന്നു. ഐഎംഎഫ് അഫ്ഗാനിസ്ഥാനിലേക്കുള്ള വായ്പയും മരവിപ്പിച്ചിരിക്കുന്നു. അങ്ങനെ സമ്പദ്‌രംഗം വീണ്ടും അധഃപതിച്ചിരിക്കുന്നു. ആടിയുലയുന്ന ഒരു ഭരണ വാഴ്ച്ചയെ സംരക്ഷിക്കുന്നതിലും കഠിനമാണ് അസന്തുലിതമായ സമ്പദ് വ്യവസ്ഥയെ രക്ഷിച്ചെടുക്കുക എന്നത് താലിബാനും മനസ്സിലായി. സാധാരണ ജനങ്ങളുടെ സുരക്ഷിതത്വവും ജീവിതനിലവാരത്തിലെ അനുക്രമമായ വികാസവുമാണ് ഏതൊരു രാഷ്ട്ര നിർമ്മാണ പ്രക്രിയയുടെയും അടിക്കല്ല് എന്നത് സുവിദിതമാണല്ലോ. എന്നാൽ യുദ്ധം, അസ്ഥിരത, കൊള്ള, പീഡനം, കൈക്കൂലി, അഴിമതി എന്നിവ വളർന്നുവന്നാൽ സമ്പദ്‌വ്യവസ്ഥ ക്ഷയിക്കാൻ തുടങ്ങും. കഴിഞ്ഞ 20 വർഷമായി അഫ്ഗാനിസ്ഥാനിലെ സ്ഥിതി വഷളാക്കിയതിതാണ്.

### ജനങ്ങൾക്കിടയിൽ ഉയരുന്ന രോഷം

അമേരിക്കൻ അധിനിവേശത്തിനെതിരെയുള്ള രോഷവും അസംതൃപ്തിയും അഫ്ഗാൻ ജനതയിൽ വളർന്ന് വരികയായിരുന്നു. ആ രാജ്യത്തെ സ്വാതന്ത്ര്യസ്നേഹികളായ ജനങ്ങൾക്കിടയിൽ ഒരു ദേശീയാപമാനബോധത്തിനും അത് ജന്മം കൊടുത്തു. ശക്തമായ ഒരു മതേതര ജനാധിപത്യശക്തിയുടെ ദൗർബല്യത്താലോ അഭാവത്താലോ അഫ്ഗാൻ ജനത ഒരിക്കൽ നിരാകരിച്ച ഭീഷണമായ

(ശേഷം 6–ാം പേജിൽ)

# സോവിയറ്റ് തിരുത്തൽവാദി നേതൃത്വത്തിന്റെ വികലമായ ഇടപെടൽ പിന്തിരിപ്പൻ ശക്തികൾക്ക് മേൽക്കൈ നൽകി

**അഫ്ഗാനിസ്ഥാൻ**

(5-ാം പേജിൽ നിന്ന്)

താലിബാൻ, അധിനിവേശ ആക്രമണകാരികൾക്കെതിരായുയരുന്ന പ്രതിഷേധ തരംഗത്തെയും അമേരിക്കൻ സാമ്രാജ്യത്വവിരുദ്ധദേശീയവികാരത്തിന്റെ പൊതുലക്ഷ്യത്തേയും കൈയിലൊതുക്കാൻ തുടങ്ങി. രാജ്യം മുഴുവൻ ഉൾക്കൊള്ളുന്നതും വിജ്ഞാനദീപ്തമായ ജനാധിപത്യ ശക്തികളുടെ നേതൃത്വത്തിലുള്ളതുമായ ചെറുത്തുനില്പ് സമരത്തിന്റെ അഭാവത്താൽ, ഒരിക്കൽ സ്ഥാനഭ്രഷ്ടരാക്കപ്പെട്ട താലിബാൻ വീണ്ടും ഒത്തുകൂടാൻ തുടങ്ങി; ജനങ്ങൾക്കതെത്ര ഹാനികരമായിരുന്നെങ്കിൽക്കൂടി. പ്രകൃത്യ തന്നെ അങ്ങേയറ്റം കൗശലക്കാരായ അമേരിക്കൻ സാമ്രാജ്യത്വമാകട്ടെ, അമേരിക്കൻ അധിനിവേശത്തിനെതിരായ ഏതൊരു പ്രക്ഷോഭണവും താലിബാൻ ആസൂത്രണം ചെയ്യുന്ന തീവ്രവാദപ്രവർത്തനമാണെന്ന വാദമുയർത്തി തങ്ങളുടെ യഥാർത്ഥലക്ഷ്യം മറച്ചുവയ്ക്കുകയും ചെയ്തു. തീവ്രവാദത്തെ അമർച്ച ചെയ്യാനെന്നപേരിൽ അഫ്ഗാനിസ്ഥാനിൽ അവർ തങ്ങളുടെ സൈനികസാന്നിദ്ധ്യവും നടപടികളും വർദ്ധിപ്പിച്ചു. തീർച്ചയായും അഫ്ഗാൻ ജനതയുടെ തീവ്രാഭിലാഷമായ ജനാധിപത്യവും സമാധാനവും അവർക്ക് നൽകാൻ മാത്രം പുണ്യവാളന്മാരൊന്നുമായിരുന്നില്ല അമേരിക്കൻ സാമ്രാജ്യത്വം. യുഎസ് സൈനിക-വ്യവസായ കൂട്ടുകെട്ടിന്റെ നേതൃത്വത്തിൽ യുഎസ് ബാങ്കുകളും വ്യാവസായിക ഖനന കുത്തകകളും അഫ്ഗാൻ ജനതയ്ക്ക് ഉറച്ച ജനാധിപത്യവും മിതവാദ ഇസ്ലാമിലേക്കുള്ള തിളങ്ങുന്ന പാതയും വാഗ്ദാനം ചെയ്തുകൊണ്ട്, കുത്തിക്കവർച്ചയിലൂടെ വമ്പിച്ച സമ്പത്ത് കൈക്കലാക്കി. പക്ഷേ, യുഎസിന്റെ പിന്തുണയിലുള്ള ഗാനി സർക്കാരിൽ അങ്ങേയറ്റം കാര്യശേഷിയില്ലാത്തതും അഴിമതി നിറഞ്ഞതും ഇടറുന്ന ഭരണവുമാണ് അഫ്ഗാൻ ജനത കണ്ടത്.

## യുഎസ് പിന്തുണയിലുള്ള ഗാനി സർക്കാരിനെതിരെ വർദ്ധിച്ചുവരുന്ന ജനരോഷം

അമേരിക്കൻ സാമ്രാജ്യത്വത്തിനൊപ്പം അവരുടെ പിണിയാളായ ഗാനിയും രാജ്യത്തെ സായുധസേനയിൽ അഴിമതിയുടെയും പ്രീണനത്തിന്റെയും വലക്കണ്ണികളും നെയ്തെടുത്തു. ഉയർന്ന സൈനികോദ്യോഗസ്ഥർ സൈനികരുടെ പട്ടിക കൃത്രിമമായി വലുതാക്കുകയും യഥാർത്ഥത്തിലില്ലാത്ത ഈ സൈനികരുടെ ശമ്പളം തങ്ങളുടെ പേരിലേക്ക് തട്ടിയെടുക്കുകയും ചെയ്തു. സൈനികശേഷി ഉള്ളവർക്കുപകരം രാഷ്ട്രീയദാസന്മാർക്കായി ഉയർന്ന സൈനികപദവി കൊടുക്കുന്ന രീതിയിൽ നിന്നാണിതുണ്ടായത്. രാഷ്ട്രീയ ബന്ധമുള്ള ഈ ഉദ്യോഗസ്ഥർ സമ്പത്തു തട്ടിയെടുക്കാനാണ് തങ്ങളുടെ പദവി ഉപയോഗിച്ചത്. ഇതെല്ലാം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പൂർണ്ണമായ അറിവോടെയുമായിരുന്നു. സ്വാർത്ഥതയും അഴിമതിയും രൂഢമൂലമായ അഫ്ഗാൻ സൈന്യത്തിന് താലിബാനെ നേരിടാനുള്ള മനോവീര്യമുണ്ടായിരുന്നില്ല. താലിബാന്റെ ആക്രമണം കടുത്തതോടെ അവർ എതിർപ്പില്ലാതെ കീഴടങ്ങുകയും തങ്ങളുടെ ആയുധശേഖരം അവരുടെ പ്രഖ്യാപിത ശത്രുക്കൾക്കുതന്നെ അടിയറവെക്കുകയും ചെയ്തു. അങ്ങനെ യുഎസ് ഭരണാധികാരികളുടെ 'അസാധാരണമാം വിധം അനുകമ്പയുള്ള സാമ്രാജ്യം' കരുണയറ്റ അടിച്ചമർത്തലിനും മർദ്ദനത്തിനും സാമ്പത്തിക വിനാശത്തിനും യുദ്ധഭീതി നിലനില്ക്കുന്ന അന്തരീക്ഷത്തിനും പുറമേ, വാഗ്ദാനം ചെയ്യപ്പെട്ട ജനാധിപത്യത്തിനുപകരം മധ്യകാല മതഭ്രാന്തന്മാരുടെ ഒരു സ്വേച്ഛാഭരണമാണ് അഫ്ഗാൻ ജനതയ്ക്കു നൽകിയത്. കാബൂളിന് വടക്ക് പഞ്ചശീർ താഴ്വരയിൽ ദേശീയ പ്രതിരോധസേന ഇപ്പോഴും നടത്തുന്ന കടുത്ത ചെറുത്തുനില്പ് താലിബാൻ കീഴടക്കാനാവാത്ത ശക്തിയാണെന്ന ധാരണയെ തിരുത്തുന്നതാണ്.

## പെന്റഗണും താലിബാനും തമ്മിലുള്ള ഇടപാടുകൾ

അഫ്ഗാനിസ്ഥാനിലെയും സ്വന്തം നാട്ടിലെയും പൊതുവികാരം തങ്ങളുടെ പാവസർക്കാരിനെതിരെ വ്യക്തമായി തിരിയുന്നതും താലിബാൻ അതിവേഗം ശക്തിയാർജ്ജിക്കുന്നതുംമൂലം സൈനികാക്രമണം ദുഷ്കരമാക്കുന്നത് തിരിച്ചടിക്കപ്പെടും എന്ന യു.എസ് സാമ്രാജ്യത്വം മനസ്സിലാക്കിയതോടെ അഫ്ഗാനിസ്ഥാനിലെ ഹീനമായ തങ്ങളുടെ വർഗ്ഗതാല്പര്യങ്ങൾ സംരക്ഷിക്കാൻ പുതിയൊരു തന്ത്രത്തിലേക്കവർ തിരിഞ്ഞു. അങ്ങനെ, 2018 ഒക്ടോബറിൽ ഖത്തറിലെ ദോഹയിൽ വച്ച് മുൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പ് താലിബാൻ പ്രതിനിധികളുമായുള്ള ഒരു ചർച്ച ആരംഭിച്ചു. തങ്ങൾ കാബൂൾ ഗവണ്മെന്റുമായല്ല, യു.എസ്സുമായി മാത്രമേ നേരിട്ടുള്ള ചർച്ചകൾക്കു സന്നദ്ധമാകൂ എന്ന ദോഹ ചർച്ചകൾക്ക് മുമ്പുതന്നെ താലിബാൻ നിലപാടെടുത്തിരുന്നു. ഈ ആവശ്യം യു.എസ്. അംഗീകരിച്ചുകൊണ്ട് ഗാനി ഗവണ്മെന്റിനെ ഒഴിവാക്കി താലിബാനുമായി ചർച്ച തുടങ്ങി. എട്ടു ഘട്ടങ്ങളിലായി അടുത്ത വർഷവും ചർച്ചകൾ തുടർന്നു. ഒരു യുഎസ് ഉദ്യോഗസ്ഥനെ താലിബാൻ വധിച്ചു എന്ന കാരണത്താൽ 2019 സെപ്തംബറിൽ ട്രമ്പ് പൊടുന്നനെ ചർച്ചകൾ നിർത്തിവയ്പ്പിച്ചു. എന്നാൽ ആഗോളകമ്പോളത്തിലെ തങ്ങളുടെ മത്സരക്കാരായ ചൈനയും റഷ്യയും ഈ സാഹചര്യത്തിൽ എന്തെങ്കിലും നിർണ്ണായക രാഷ്ട്രീയ സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കുന്നത് തടയുന്നതിന് അഫ്ഗാനിസ്ഥാനിൽ തങ്ങളുടെ നേരിട്ടല്ലാത്ത സ്വാധീനം നിലനിർത്തണമെന്നുള്ള സമ്മർദ്ദത്തിൽ ചർച്ചകളിലെ ഈ സ്തംഭനാവസ്ഥ ഉടൻ മാറ്റി. അന്തിമമായി, 2020 ഫെബ്രുവരിയിൽ യു.എസും താലിബാനും ഒരു സമാധാന ഉടമ്പടിയിൽ ഒപ്പുവച്ചു. 14 മാസങ്ങൾക്കുള്ളിൽ യു.എസ് സൈന്യം സമ്പൂർണ്ണമായി പിൻവാങ്ങുമെന്നും പകരം താലിബാൻ തീവ്രവാദികളെ തള്ളിപ്പറയുമെന്നും അമേരിക്കയെ ആക്രമിക്കുന്നതിൽനിന്ന് വിട്ടുനില്ക്കുമെന്നുമായിരുന്നു കരാർ. അഫ്ഗാനിസ്ഥാനിലെ തങ്ങളുടെ താല്പര്യങ്ങൾക്ക് ഹാനിയൊന്നും സംഭവിക്കില്ല എന്ന ഉറപ്പ് മറുഭാഗത്ത് യു.എസ് സാമ്രാജ്യത്വം താലിബാനുമായുണ്ടാക്കിയ കരാറിലൂടെ ഉറപ്പാക്കുകയും ചെയ്തു. ചൈനയും റഷ്യയും താലിബാനു നേർക്ക് സമാധാനത്തിന്റെ ഒലീവ് ശാഖകൾ കാട്ടിക്കൊണ്ടിരിക്കുന്നതിനാൽ താലിബാനുമായുണ്ടാക്കിയ രഹസ്യകരാർ ഭാവിയിൽ തങ്ങൾക്ക് ഗുണകരമാകുമെന്നും യു.എസ് ഭരണാധികാരികൾ കരുതി. കാരണം, റഷ്യയോടൊപ്പംചേർന്ന് ചൈനയും ഇറാനും മദ്ധ്യേഷ്യയിലെ യു.എസ് മേധാവിത്വത്തിനും താൻപോരിമയ്ക്കുമെതിരെ വെല്ലുവിളി ഉയർത്തുമ്പോൾ തല്ക്കാലത്തേക്കുള്ള തന്ത്രപരമായ ഒരു പിന്മാറ്റം ബുദ്ധിപരമായിരിക്കുമെന്ന് പെന്റഗൺ മേധാവികൾ വിചാരിക്കുന്നു.

## കരാറിലെ രഹസ്യ വ്യവസ്ഥകൾ വെളിവാക്കിയിട്ടില്ല

യുദ്ധകലുഷിതമായ അഫ്ഗാനിസ്ഥാനിൽ സമാധാനം സ്ഥാപിക്കാനുള്ള സ്വാഗതാർഹമായ വെടിനിർത്തലായാണ് ഈ കരാർ പുറമേയ്ക്ക് സ്വയം പ്രഖ്യാപിക്കപ്പെട്ടതെങ്കിലും ചരടുകൾ ഇല്ലാത്ത ഒന്നായിരുന്നില്ല ഇത്. ഈ കരാറിന് നാല് ഘടകങ്ങളുണ്ട്: വിദേശ സായുധ ഗ്രൂപ്പുകൾക്ക് ആക്രമണം നടത്താനുള്ള വേദി അഫ്ഗാനിസ്ഥാനിൽ ഒരുക്കിക്കൊടുക്കില്ല എന്ന താലിബാന്റെ ഉറപ്പ്, യുഎസ് നേതൃത്വത്തിലുള്ള സൈന്യത്തിന്റെ പൂർണ്ണമായ പിൻവാങ്ങൽ, അഫ്ഗാനിസ്ഥാനുള്ളിലെ ചർച്ചകൾ, വെടിനിർത്തൽ എന്നിവയാണവ. അഫ്ഗാനിസ്ഥാനുള്ളിലെ ചർച്ചകൾ തുടങ്ങാനുള്ള മുന്നുപാധിയെന്ന നിലയിൽ താലിബാൻ ആവശ്യപ്പെട്ടതുപ്രകാരം ആയിരക്കണക്കിന് താലിബാൻ തടവുകാരെ ജയിലുകളിൽനിന്ന് മോചിപ്പിക്കാൻ, കരാർ ഒപ്പിട്ടതിനുശേഷം അമേരിക്ക അഫ്ഗാൻ സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തി. താലിബാൻ പ്രതിനിധികളും അഫ്ഗാൻ ഗവണ്മെന്റും തമ്മിലുള്ള ചർച്ചകൾ 2020 സെപ്തംബറിൽ ആരംഭിച്ചുവെങ്കിലും കാര്യമായ മുന്നേറ്റമൊന്നുമുണ്ടായില്ല. താലിബാനുമായുള്ള തങ്ങളുടെ ചങ്ങാത്തത്തിന് പ്രാമുഖ്യം കിട്ടുന്നതിനായി അമേരിക്ക ഈ ചർച്ചകളിൽ അഫ്ഗാൻ സർക്കാരിനെ ഒഴിവാക്കുകയായിരുന്നു. അഫ്ഗാൻ നിയന്ത്രണത്തിൽ തങ്ങളുടെ ഏതൊക്കെ താവളങ്ങളാണ് തുറന്നുവയ്ക്കുക എന്ന് യുഎസ് താലിബാന് കരാർപ്രകാരം വിവരം കൊടുക്കേണ്ടതായിട്ടുണ്ട്. അവയുടെ സുരക്ഷയ്ക്കുവേണ്ടിയാണിത്. കരാറുമായി ബന്ധപ്പെട്ടവരുടെ അഭിപ്രായമനുസരിച്ച് അതിലെ അനുബന്ധ രേഖകൾ, സമാധാനസ്ഥാപനത്തെ സംബന്ധിച്ച് വ്യക്തമായ ചിത്രം നൽകുന്നില്ല. മുൻ യുഎസ് പ്രസിഡന്റ് ട്രംപ് നിർദ്ദേശിച്ചതുപോലെ, താലിബാൻ ഒരു തീവ്രവാദവിരുദ്ധശക്തിയാകുമെന്നതിനു യാതൊരുറപ്പുമില്ല. തീവ്രവാദഗ്രൂപ്പുകളെ സൃഷ്ടിക്കുകയും അവർക്കു പണവും ആയുധങ്ങളും നൽകുകയും, എന്നാൽ തീവ്രവാദത്തിനെതിരെ കുരിശുയുദ്ധം നടത്തുന്നവരെന്ന കൗശലപൂർണ്ണമായ നാട്യം നിലനിർത്തി, തങ്ങൾ ലക്ഷ്യം വയ്ക്കുന്ന ഏതു രാജ്യത്തും സൈനികാക്രമണവും കവർച്ചയും നടത്തുന്ന യുഎസിന്റെ ഭാഗത്തേക്കു ചായാനാണ്, തീവ്രവാദ വിരുദ്ധ ശക്തിയാകാൻ താലിബാനോടുള്ള നിർദ്ദേശം വഴി ട്രമ്പ് യഥാർത്ഥത്തിലുദ്ദേശിച്ചിട്ടുണ്ടാകുക. സൈനിക പിന്മാറ്റത്തിനു ശേഷവും സിഐഎയുടെ വലിയൊരു വിഭാഗത്തെ ഇപ്പോഴും അഫ്ഗാനിസ്ഥാനിൽ നിന്നൊഴിവാക്കിയിട്ടില്ല എന്നത് ഈ നിഗമനത്തെ സാധൂകരിക്കുന്നുണ്ട്. യുഎസ് നിയമനിർമ്മാണ സഭയിൽനിന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും താലിബാനുമായി യുഎസ് ഭരണാധികാരികൾ ഉണ്ടാക്കിയ കരാർ പൂർണ്ണമായും പുറത്തുവിട്ടിട്ടില്ല. "കരാറിലെ രഹസ്യ അനുബന്ധങ്ങൾ പൊതു സമ്മതിയുമായി ഒത്തുപോകുന്നതും അഫ്ഗാനിസ്ഥാനുള്ളിലെ ചർച്ചകളിലൂടെ സ്ഥിരവും സമ്പൂർണ്ണവുമായ വെടിനിർത്തലിനുള്ള സമഗ്രമായ ഒരു ഒത്തുതീർപ്പിലെത്തുന്നതുവരെ ആക്രമണം ലഘൂകരിക്കാനുള്ള ശ്രമങ്ങളിൽ, സ്വരക്ഷയ്ക്കായുള്ള അവകാശം സംരക്ഷിക്കുന്നതിനോടൊപ്പം, എല്ലാ കക്ഷികളുടെയും ഉറപ്പ് ഉൾക്കൊള്ളുന്നതുമാണ്" എന്ന് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിന്റെ ഒരു പ്രസ്താവനയിൽ പറയുന്നു എന്നുമാത്രം. "താലിബാന്റെ സ്വഭാവം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള സുസജ്ജമായ ഒരു നിരീക്ഷണ-വിലയിരുത്തൽ സംവിധാനം യുഎസ്സിനുണ്ട്" എന്നും അത് കൂട്ടിച്ചേർക്കുന്നു. എന്നാൽ കരാർ വായിച്ചവരുടെ അഭിപ്രായപ്രകാരം നിശ്ചിതവ്യവസ്ഥകൾ അസ്പഷ്ടവും യുഎസിന് എത്രമാത്രം പ്രയോജനകരമായിരിക്കും എന്നുറപ്പില്ലാത്തതുമാണ് എന്നാണ്. എന്നാലും, സ്വന്തം പിണിയാളുകളെ അധികാരത്തിലേറ്റാനായി ഏതു രാജ്യത്തും അട്ടിമറി നടത്തുകയും വ്യാജ വസ്തുതകളുടെയടിസ്ഥാനത്തിൽ സൈനികാധിനിവേശവും ആക്രമണവും നടത്തുകയും 150 രാജ്യങ്ങളിൽ 800ൽ അധികം സൈനികത്താവളങ്ങളിൽ 1.70 ലക്ഷം സൈനികരെ നിലനിർത്തുകയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ, യുഎസ് അഫ്ഗാനിസ്ഥാനിൽനിന്ന് ഏകപക്ഷീയമായ ഒരു പിന്മാറ്റമാണ് നടത്തുന്നതെന്ന് വിശ്വസിക്കുക ബുദ്ധിമുട്ടാണ്. നിർണ്ണായകമായ എന്തൊക്കെയോ കാഴ്ച്ചയിൽനിന്ന് മറഞ്ഞിരിക്കുന്നു എന്ന് കരുതാം. ഉദാഹരണത്തിന്, ബലപ്രയോഗത്തിലൂടെ അധികാരത്തിലേറിയാൽ താലിബാന്റെ നിയമസാധുത ഇല്ലാതാകുമെന്ന് ബൈഡെൻ ഭരണനേതൃത്വം മുൻപ് മുന്നറിയിപ്പ് നൽകിയിരുന്നു. ഇപ്പോൾ താലിബാൻ അധികാരം പിടിച്ചെടുത്തത് ബലം പ്രയോഗിച്ചു തന്നെ

(ശേഷം 7-ാം പേജിൽ)

> **അഫ്ഗാനിസ്ഥാനിലെ ആഭ്യന്തര കാര്യങ്ങളിൽ തുടർച്ചയായുള്ള സോവിയറ്റ് ഇടപെടൽ ദേശസ്നേഹികളായ ജനങ്ങളുടെയും ശക്തികളുടെയുമിടയിൽ സോവിയറ്റ് യൂണിയനെതിരായ വിദ്വേഷം സൃഷ്ടിച്ചു. രാജ്യത്തെ സൈനിക ഇടപെടൽ സോവിയറ്റ് റിവിഷനിസ്റ്റ് നേതൃത്വത്തിനെതിരെയുള്ള അമർഷത്തെ രൂക്ഷമാക്കുക മാത്രമല്ല, അവരെ ഒരു സാമ്രാജ്യത്വ ശക്തിയായി കണക്കാക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. താരാക്കി സർക്കാരിന്റെ അടിച്ചമർത്തൽഭരണം ജനങ്ങളിൽ ആഴത്തിലുള്ള അമർഷവും ശക്തമായ സോവിയറ്റ് വിരുദ്ധ മനോഭാവവും സൃഷ്ടിച്ചു.**

**അഫ്ഗാനിസ്ഥാൻ**

# അമേരിക്കൻ സാമ്രാജ്യത്വം സ്വന്തം താല്പര്യാർത്ഥം താലിബാനുമായി രഹസ്യകരാർ ഉണ്ടാക്കി

(6–ാം പേജിൽ നിന്ന്)

യാണ്. യുഎസ് ഇതിന് സമ്മതം നൽകിയിരിക്കുന്നു. മറഞ്ഞിരിക്കുന്ന ഏതെങ്കിലും അജണ്ട ഇത് സൂചിപ്പിക്കുന്നുണ്ടോ? മാത്രമല്ല പ്രസിഡന്റ് ബൈഡൻ താലിബാൻ – ട്രമ്പ് കരാറിനെ അംഗീകരിക്കുകയും പിൻവാങ്ങലിനുള്ള സമയപരിധി സെപ്റ്റംബർ 1 ലേക്ക് നീട്ടുകയും "നമ്മൾ ശരിയായ പാതയിൽത്തന്നെയാണ്, എവിടെയാണോ എത്തേണ്ടത് അവിടെ തന്നെ" എന്ന് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

### അഫ്ഗാനിസ്ഥാനിലെ ലാഭം കൊയ്യാനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്താൻ യുഎസിന് കഴിയില്ല

യുഎസ് ഏത് ട്രാക്കിലാണ് നിൽക്കുന്നത്? വരും ദിനങ്ങളിൽ ഇതിനുള്ള ഉത്തരം ലഭിക്കും. പക്ഷേ, അമേരിക്ക അഫ്ഗാനിസ്ഥാനെ ഉപേക്ഷിക്കുന്നത് നല്ലതിനാണെന്നുള്ള മിഥ്യാബോധം ഉണ്ടാകരുത്. അവർക്കതിന് കഴിയില്ല. കാരണം, ചൂഷണത്തിലൂടെ, കുറഞ്ഞ നിരക്കിൽ അവിടെ ലഭിക്കുന്ന അദ്ധ്വാനവും അസംസ്കൃത വസ്തുക്കളും ഉപയോഗിച്ച്, യുഎസ് കുത്തകകൾക്കും മൾട്ടി നാഷണൽ കമ്പനികൾക്കും ലാഭം കൊയ്യാനുള്ള അവസരങ്ങൾ ഇല്ലാതാക്കാൻ പെന്റഗൺ ഭരണകൂടത്തിന് കഴിയില്ല. 2001 മുതൽ അഫ്ഗാൻ പുനർനിർമ്മാണത്തിനായി 144 ബില്യൺ ഡോളറിലധികം യുഎസ് വിനിയോഗിച്ചിട്ടുണ്ട്. ആ പണത്തിന്റെ ഭൂരിഭാഗവും സ്വകാര്യ കോൺട്രാക്ടർമാർക്കും എൻജിഒകൾക്കും യുഎസ് സർക്കാരിനും ലഭിച്ചു. അഫ്ഗാനിസ്ഥാനിലെ യുഎസിന്റെ പുനർനിർമ്മാണ ശ്രമങ്ങളുടെ ഓഡിറ്റിംഗ് വലിയ പാഴ്ച്ചെലവും വ്യാജഇടപാടുകളും ദുരുപയോഗവും എടുത്തുകാണിക്കുന്നു. അതേസമയം, അനധികൃത സമ്പദ്വ്യവസ്ഥ കുതിച്ചുയരുകയും ബിസിനസ്സ് ഹൗസ് എന്ന പേരിൽ വേഷമണിഞ്ഞ, യുഎസ് മയക്കമരുന്ന് മാഫിയ വൻ ലാഭം നേടിയെടുക്കുകയും ചെയ്തു. 2001ൽ അമേരിക്കൻ സൈന്യം താലിബാനെ അധികാരത്തിൽനിന്ന് പുറത്താക്കിയതിനുശേഷം, അഫ്ഗാനിസ്ഥാൻ, കറുപ്പ്, ഹെറോയിൻ എന്നിവയുടെ മുൻനിര ആഗോള വിതരണക്കാരെന്ന സ്ഥാനം ഉറപ്പിച്ചു.

അതിനാൽ, അഫ്ഗാനിസ്ഥാനിൽ പിടി നഷ്ടപ്പെടുന്നത് അർത്ഥമാക്കുന്നത് മിഡിൽ ഈസ്റ്റിൽ നിന്നുള്ള പിൻവാങ്ങലിന്റെ സൂചനയാണ്. മിഡിൽ ഈസ്റ്റ് ആകട്ടെ യുഎസ് മൾട്ടി നാഷണൽ കമ്പനികൾ രക്തംവരെ കറന്നെടുക്കുന്ന കറവപ്പശുവാണ്. ഒരു പതിറ്റാണ്ട് മുമ്പ്, പെന്റഗൺ പഠനം, അഫ്ഗാനിസ്ഥാനിൽ ഒരു ട്രില്യൺ ഡോളറിലധികം ഉപയോഗിക്കാത്ത ധാതു സമ്പത്ത് ഉണ്ടെന്ന് കണക്കാക്കി. അതിൽ സ്വർണ്ണവും, ഏറ്റവും പ്രധാനമായി, ലോകത്തിലെ ഇലക്ട്രിക്, ഇലക്ട്രോണിക് വസ്തുക്കളുടെ ഉൽപാദനത്തിന്റെ താക്കോൽ വഹിക്കുന്ന ലോഹങ്ങളായ, ചെമ്പും ലിഥിയവും, ഉൾപ്പെടുന്നു. അതിനാൽ വരുംദിവസങ്ങളിൽ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഖനന അവകാശങ്ങൾക്ക് പകരമായി അഫ്ഗാൻ സമ്പദ്വ്യവസ്ഥയിൽ മൂലധന നിക്ഷേപം നടത്താം എന്ന വാഗ്ദാനം നൽകിയിട്ടുണ്ടാകാം എന്നത് തള്ളിക്കളയാനാവില്ല. വാസ്തവത്തിൽ, സാമ്രാജ്യത്വ ചൈനയും അഫ്ഗാനിസ്ഥാനെ ബെൽറ്റ് ആൻഡ് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി, റോഡ് പദ്ധതിയെ ഭദ്രമാക്കാൻ ശ്രമിക്കുന്നു. കൂടാതെ, ഒരു സാമ്രാജ്യത്വ ശക്തിക്കും അനധികൃത മയക്കമരുന്ന് വ്യാപാരത്തിൽനിന്ന് എളുപ്പത്തിൽ പണം സമ്പാദിക്കാനുള്ള അവസരങ്ങൾ ഉപേക്ഷിക്കാൻ കഴിയില്ല. അതിനാൽ യുഎസും അതിന് മുതിരില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് മിഡിൽ ഈസ്റ്റിൽ നടന്നുകൊണ്ടിരിക്കുന്ന യുദ്ധപങ്കാളിത്തത്തിനും, യുദ്ധത്തുടർച്ചക്കും എതിരായി ജനകീയ അഭിപ്രായം ഉയർന്നുവരുന്ന വർത്തമാന സന്ദർഭത്തിൽ, ഇത് ഒരു കപടതന്ത്രം മാത്രമാണ്.

യുഎസിനുള്ളിൽ പോലും, യുദ്ധവിരുദ്ധ പ്രക്ഷോഭങ്ങളും, യുഎസ് യുദ്ധസന്നാഹത്തെ എതിർക്കുന്ന രാജ്യങ്ങളോടും ജനങ്ങളോടുമുള്ള ഐക്യദാർഢ്യവും വളരുകയാണ്. "വിദേശത്ത് യുദ്ധങ്ങൾ സംഘടിപ്പിക്കാൻ പെന്റഗണിന് ട്രില്യൺ കണക്കിന് യുഎസ് ഡോളർ, ഫെഡറൽ ട്രഷറി എന്തിനാണ് നൽകുന്നത്", എന്ന് യുദ്ധവിരുദ്ധ ഗ്രൂപ്പുകൾ ചോദിക്കുന്നു,

പ്രത്യേകിച്ചും അമേരിക്കൻ സാമ്രാജ്യത്വ സമ്പദ്വ്യവസ്ഥ കടുത്ത പ്രതിസന്ധി നേരിടുമ്പോഴും, ചൈനയുമായുള്ള വ്യാപാര യുദ്ധത്തിൽ തോൽവി സംഭവിക്കുമ്പോഴും? പ്രകടമായും, യുദ്ധപ്രചാരകനായ യുഎസ് ഭരണാധികാരികൾക്ക് അതിന് ഉത്തരമില്ല. മറുവശത്ത്, സിറിയയിൽ യുഎസ് തന്ത്രം പരാജയപ്പെട്ടു. ചൈന, റഷ്യ, ഇറാൻ ഇവരുടെ കൂട്ടായ പ്രതിരോധം നേരിടാൻ കഴിയുന്നില്ല. യുഎസ് ഇപ്പോൾ ഒരു ചുവട് പിന്നോട്ടാണ് വെച്ചിരിക്കുന്നത്. താലിബാനുമായി സൗഹൃദ ബന്ധത്തിന് തയ്യാറാണെന്ന് ചൈന പറയുന്നു. റഷ്യയും ഇറാനും നയതന്ത്രപരമായ ഇടപെടലുകൾ നടത്തുന്നു. സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ പശ്ചാത്തലത്തിൽ, ശക്തമായ ഒരു സാമ്രാജ്യത്വ ശക്തിയുടെ അത്തരം ഉയർച്ച താഴ്ചകൾ സംഭവ്യമാണ്. ഇത് പലപ്പോഴും ലോകമഹായുദ്ധങ്ങൾ ഉൾപ്പെടെയുള്ള യുദ്ധത്തിന് കാരണമാകുന്നു. ഈ വൈരുദ്ധ്യം, ലോകത്തിന്റെ ഭാവിയെ എങ്ങനെ രൂപപ്പെടുത്തുകയും സ്വാധീനിക്കുകയും ചെയ്യുമെന്ന് കാലം പറയും.

### ഇൻഡ്യയുടെയും പാകിസ്ഥാന്റെയും നിലപാട്

ആകസ്മികമായി, ദീർഘകാലമായി താലിബാനെ പിന്തുണച്ചുകൊണ്ടിരുന്ന പാകിസ്ഥാൻ മുതലാളിത്ത ഭരണാധികാരികൾ ഉത്സാഹഭരിതരാണ്. അവർ ഇപ്പോൾ കാര്യമായ രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ തയ്യാറായിരിക്കുന്നു. എന്നാൽ, ഇന്ത്യൻ സാമ്രാജ്യത്വ ഭരണാധികാരികൾ ഒരു ആശയക്കുഴപ്പത്തിലാണ്. ഇന്ത്യൻ കുത്തകകളും എംഎൻസികളും അഫ്ഗാനിസ്ഥാനിലെ വിവിധ പദ്ധതികളിൽ 3 ബില്യൺ ഡോളറിൽ കൂടുതൽ (22,500 കോടി രൂപ) നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ, ഇറാന്റെ കിഴക്കൻ തീരത്ത്, അഫ്ഗാൻ അതിർത്തിയിൽ ഇന്ത്യയുടെ വളരെ പ്രശംസനീയമായ, ചബഹാർ തുറമുഖ പദ്ധതിയെ ഇത് മോശമായി ബാധിക്കും. ഇന്ത്യ ഭരിക്കുന്ന ബിജെപി, ഇന്ത്യൻ കുത്തകകളുടെ വിശ്വസ്തനായ ഒരു പരിപാലകനും അതോടൊപ്പം, ഒരു ഹിന്ദു വർഗീയ-മൗലികവാദ ശക്തിയും ആണ്. ഇവർ തുടർച്ചയായി മുസ്ലീം വിരുദ്ധ വിഷം വിതറുകയും ഇസ്ലാമിക തീവ്രവാദത്തിനെതിരെ അലമുറയിടുകയും ചെയ്തുകൊണ്ടേയിരിക്കുന്നു. പക്ഷേ, അഫ്ഗാനിസ്ഥാനിൽ താലിബാൻ യുഎസിന്റെ മൗനാനുവാദത്തോടെ ഭരണത്തിലെത്തുമെന്ന് ബിജെപി സർക്കാരിന് മനസ്സിലായതോടെ, ഇന്ത്യൻ കുത്തകകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി താലിബാനുമായി ദോഹയിൽ അവർ രഹസ്യ ചർച്ച ആരംഭിച്ചു.

ഇന്നുവരെ ബിജെപി പ്രധാനമന്ത്രിയോ അദ്ദേഹത്തിന്റെ മന്ത്രിസഭയോ പാർട്ടിയിലെ സഹപ്രവർത്തകരോ താലിബാനെ ഇസ്ലാമിക തീവ്രവാദ സംഘടന എന്ന് വിളിക്കുന്നതുപോകട്ടെ, താലിബാനെതിരെ ഒരു വാക്കുപോലും ഉച്ചരിച്ചിട്ടില്ല. ഇപ്പോൾ, ഇന്ത്യ താലിബാനുമായി തുറന്ന സംഭാഷണം ആരംഭിച്ചു. എന്തിന് ബിജെപി, സിപിഐ(എം)ഉം സിപിഐയും പോലുള്ള കപട മാർക്സിസ്റ്റുകൾ പോലും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു, "1990 കളിലെ ആദ്യ താലിബാൻ സർക്കാർ തീവ്ര മൗലികവാദ സമീപനത്തോടുകൂടിയതായിരുന്നു. ഇത് സ്ത്രീകൾക്കും പെൺകുട്ടികൾക്കും അടിച്ചമർത്തപ്പെട്ട ന്യൂനപക്ഷങ്ങൾക്കും വിനാശകരമായിരുന്നു. താലിബാൻ നിയന്ത്രിക്കുന്ന പുതിയ സംവിധാനത്തിൽ സ്ത്രീകളുടെ അവകാശങ്ങൾ പരിഗണിക്കുകയും, ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ അംഗീകരിക്കുകയും വേണം. ഇന്ത്യൻ ഭരണവർഗത്തിന്റെ നിലപാട് അവർക്കറിയാവുന്നതിനാൽ അവർക്ക് മറിച്ചൊന്നും പറയാൻ കഴിയില്ല, എന്തുകൊണ്ടെന്നാൽ അധികാരത്തിനും പണത്തിനും പകരമായി ഭരണവർഗത്തിന്റെ പ്രീതി നേടേണ്ടതുണ്ട്.

### സാമ്രാജ്യത്വ–മുതലാളിത്തത്തിന്റെ സൃഷ്ടിയാണ് തീവ്രവാദം

ഇവിടെ ഒരു കാര്യംകൂടി ചർച്ച ചെയ്യേണ്ടതുണ്ട്. സമകാലിക ലോകസാഹചര്യത്തിലേക്ക് നോക്കിയാൽ, വംശീയത, വർഗ്ഗീയത, മൗലികവാദം, സങ്കുചിത വംശീയവാദം, തീവ്രവാദം തുടങ്ങിയ വിനാശകരമായ പ്രവണതകൾ ദ്രുതഗതിയിൽ വളർന്നുവരുന്നത് കാണാം. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്? ആരാണ് ഇതിനെല്ലാം പിന്നിൽ? മനുഷ്യത്വരഹിതവും വിനാശകരവുമായ ഈ പ്രവർത്തനങ്ങൾ ഒരു പൊതുപ്രവണതയാക്കാൻ ആരാണ് തന്ത്രങ്ങൾ മെനയുന്നത്? ഏതെങ്കിലും പ്രകൃത്യാതീത ശക്തിയാണോ? അതോ ഈ ഭയാനകമായ കുറ്റകൃത്യങ്ങൾ ചെയ്യുന്ന അക്രമികൾ ഈ ഭൗതിക ലോകത്തുതന്നെ വിലസുകയാണോ? മതമൗലികവാദ തീവ്രവാദത്തിന്റെ ഭീഷണമായ ഉയർച്ച ഇന്നത്തെ ഏകധ്രുവ സാമ്രാജ്യത്വ മുതലാളിത്ത ലോകത്തിന്റെ സവിശേഷതയാണെന്ന് ചരിത്രം പറയും. എത്രമേൽ, കൂടുതൽ പ്രതിസന്ധി നിറഞ്ഞതാണോ മുതലാളിത്തം അത്രമേൽ കൂടുതലാണ് മതമൗലികവാദ-ഭീകര സംഘടനകളുടെ കുതിപ്പ്. ഇന്ത്യയിലെ ഹിന്ദുത്വവാദി സംഘപരിവാർ, പാകിസ്ഥാനിലെ ലഷ്കർ-ഇ-തൊയ്ബ, അഫ്ഗാനിസ്ഥാനിലെ താലിബാൻ, ബംഗ്ലാദേശിൽ ജമാഅത്തെ ഇസ്ലാം, മിഡിൽ-ഈസ്റ്റിലെ ഐഎസ് അല്ലെങ്കിൽ മ്യാൻമാറിലും ശ്രീലങ്കയിലും ഉള്ള ബുദ്ധമത ഭ്രാന്ത്, അല്ലെങ്കിൽ ഹംഗറിയിലെ വിക്ടർ ഓർബന്റെ 'ക്രിസ്ത്യൻ സംസ്കാരം' എന്ന് അറിയപ്പെടുന്ന പ്രസ്ഥാനം, സ്ലൊവാക്യയിലെ റോബർട്ട് ഫിക്കോ, യൂറോപ്പിലെ വലതുപക്ഷ ശക്തികൾ അല്ലെങ്കിൽ യുഎസിലെ വെള്ളത്തവർഗ്ഗ മേധാവിത്വശക്തിയായ കെകെകെ-ഇതെല്ലാം ഇതിനുദാഹരണങ്ങളാണ്.

നേരത്തെ പറഞ്ഞതുപോലെ, ഈ മൗലികവാദ-ഭീകര ഗ്രൂപ്പുകളെ സൃഷ്ടിക്കുന്നതും ആയുധവും ധനസഹായം നൽകുന്നതും സാമ്രാജ്യത്വ-മുതലാളിത്ത ശക്തികളാണെന്ന് വസ്തുതകൾ കാണിക്കുന്നു. ചരിത്രപരമായി നിയുക്തമായ മുതലാളിത്തവിരുദ്ധ വിപ്ലവത്തെ, മരണഭയത്തോടുകൂടി കാണുന്ന സാമ്രാജ്യത്വ-മുതലാളിത്തം, ഒരു വശത്ത്, മൗലികവാദം, വംശീയത, ജാതീയത, പ്രാദേശികവാദം മുതലായവ വളർത്തുന്നതിലൂടെ അധ്വാനിക്കുന്ന ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ ആഗ്രഹിക്കുന്നു. മറുവശത്ത്, മതേതര-ശാസ്ത്രീയ ചിന്തയെയും യുക്തിബോധത്തെയും നശിപ്പിക്കാൻ അവർ ശ്രമിക്കുന്നു. പകരം യുക്തിരാഹിത്യം, അറിവില്ലായ്മ, കോപാവേശം, മതഭ്രാന്ത് തുടങ്ങിയവയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് യുക്തിവിചാരത്തിനുള്ള കഴിവിനെ നശിപ്പിക്കുകയും തീവ്രവാദ സംഘടനകളെ സ്പോൺസർ ചെയ്യുതിലൂടെ ആളുകളെ ഭയചകിതരാക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. അതേസമയം, അവർ പലപ്പോഴും നിയമാനുസൃതമായ ജനാധിപത്യ പ്രസ്ഥാനങ്ങളെ തീവ്രവാദ പ്രവർത്തനങ്ങളായി മുദ്ര

(ശേഷം 8–ാം പേജിൽ)

**തങ്ങളുടെ ഇഷ്ടക്കാരായ ഗവൺമെൻറ് പുറത്താക്കപ്പെട്ടതോടെ സോവിയറ്റ് റിവിഷനിസ്റ്റ് നേതൃത്വം അഫ്ഗാനിസ്ഥാനിൽ നഗ്നമായ സൈനിക അധിനിവേശം നടത്തുകയും പ്രസിഡൻറ് ഹഫീസുള്ള അമീനെ സ്ഥാനഭ്രഷ്ടനാക്കി വധിക്കുകയും തൽസ്ഥാനത്ത് ബബ്രാക് കർമെൽ എന്നൊരാളെ അവരോധിക്കുകയും ചെയ്തു. ഇത് അഫ്ഗാനിസ്ഥാനിലെ സ്വാതന്ത്ര്യസ്നേഹികളും ജനാധിപത്യ വിശ്വാസികളുമായ ജനങ്ങളിൽ നിലനിന്നിരുന്ന സോവിയറ്റ് വിരുദ്ധ വികാരത്തെ കൂടുതൽ ദൃഢമാക്കി... പിന്തിരിപ്പൻ ശക്തികൾക്കും മതഭ്രാന്തന്മാർക്കും പുറത്താക്കപ്പെട്ട യാഥാസ്ഥിതികവിഭാഗങ്ങൾക്കും മേൽക്കൈ ലഭിക്കുകയും ചെയ്തു.**

# താലിബാനെതിരെ അഫ്ഗാൻ ജനത ഉയർത്തുന്ന പ്രതിഷേധം പ്രതീക്ഷ ഉണർത്തുന്നു

(7–ാം പേജിൽ നിന്ന്)

കുത്തിക്കൊണ്ട് നിഷ്കരുണം തകർക്കാൻ ശ്രമിക്കുന്നു. അങ്ങനെ വർഗ്ഗസമരങ്ങളെയും ബഹുജനസമരങ്ങളെയും അടിച്ചമർത്താൻ ബൂർഷ്വാ ഭരണാധികാരികളുടെ കയ്യിൽ തീവ്രവാദം വളരെ സൗകര്യപ്രദമായ ഒരു ഉപകരണമാണ്. ഒരു രാജ്യത്ത് തീവ്രവാദം വളരുന്നത് മറ്റൊരു രാജ്യത്ത് അതിന്റെ പ്രതിയോഗികളുടെ ഉയർച്ചയ്ക്ക് സഹായകമാകും, പ്രത്യേകിച്ച് അയൽ രാജ്യങ്ങളിൽ.

സോഷ്യലിസം അതിന്റെ മുഴുവൻ ശക്തിയോടെയും നിലനിന്നിരുന്ന സമയത്ത് തീവ്രവാദ സംഘടനകൾക്കോ, അവരനുവർത്തിക്കുന്ന അക്രമങ്ങൾക്കും കൊലപാതകങ്ങൾക്കുമോ യാതൊരു വിധത്തിലും ഉയർന്നുവരാൻ കഴിഞ്ഞിട്ടില്ല എന്നത് ഇവിടെ രേഖപ്പെടുത്തേണ്ടതുണ്ട്. സോഷ്യലിസ്റ്റ് പ്രസ്ഥാനം ജീവസ്സുറ്റതും ഊർജ്ജസ്വലവും ആയിരുന്നു. അത്, അധ്വാനിക്കുന്ന ജനങ്ങളുടെ വർഗസമരങ്ങളും, ബഹുജനസമരങ്ങളും ഒരുമയോടും, ചിട്ടയായും, വിപ്ലവ-പുരോഗമന ശക്തികളുടെ നേതൃത്വത്തിൽ ലോകമെമ്പാടും സംഘടിപ്പിച്ചു. ഈ പോരാട്ടങ്ങൾ മുതലാളിത്ത-സാമ്രാജ്യത്വത്തിന്റെ നട്ടെല്ല് വിറപ്പിച്ചു, അതിനാൽ അവർ അത്തരം ദുഷ്പ്രവൃത്തികളിൽ ഏർപ്പെടാൻ തുനിഞ്ഞില്ല. ശക്തമായ സോഷ്യലിസ്റ്റ്ക്യാമ്പിന്റെഅഭാവത്തിൽ, ശക്തമായ, കൂട്ടായ സാമ്രാജ്യത്വ വിരുദ്ധ സമാധാന പ്രസ്ഥാനത്തിന് മാത്രമേ, മുതലാളിത്ത- സാമ്രാജ്യത്വത്തിന്റെ ദുഷ്ട പദ്ധതികൾക്കെതിരായ ഒരു രക്ഷാകവചമായി പ്രവർത്തിക്കാൻ കഴിയൂ.

**അഫ്ഗാനിസ്ഥാൻ**

> **രാജ്യം മുഴുവൻ ഉൾക്കൊള്ളുന്നതും വിജ്ഞാനദീപ്തമായ ജനാധിപത്യ ശക്തികളുടെ നേതൃത്വത്തിലുള്ളതുമായ ചെറുത്തുനില്പ് സമരത്തിന്റെ അഭാവത്താൽ, ഒരിക്കൽ സ്ഥാനഭ്രഷ്ടരാക്കപ്പെട്ട താലിബാൻ വീണ്ടും ഒത്തുകൂടാൻ തുടങ്ങി; ജനങ്ങൾക്കതെത്ര ഹാനികരമായിരുന്നെങ്കിൽക്കൂടി. പ്രകൃത്യാതന്നെ അങ്ങേയറ്റം കൗശലക്കാരായ അമേരിക്കൻ സാമ്രാജ്യത്വമാകട്ടെ, അമേരിക്കൻ അധിനിവേശത്തിനെതിരായ ഏതൊരു പ്രക്ഷോഭണവും താലിബാൻ ആസൂത്രണം ചെയ്യുന്ന തീവ്രവാദപ്രവർത്തനമാണെന്ന വാദമുയർത്തി തങ്ങളുടെ യഥാർത്ഥലക്ഷ്യം മറച്ചുവയ്ക്കുകയും ചെയ്തു.**

## താലിബാൻ ഇതിനകംതന്നെ അതിന്റെ പൈശാചക മുഖം പുറത്തെടുക്കുന്നു

താലിബാനിലേക്ക് തിരിച്ചുവരുമ്പോൾ, അവരുടെ ഭരണം രാഷ്ട്രീയ ശക്തിക്ക് പുറമേ ഒരു പൈശാചിക ഫാസിസ്റ്റ് ഭരണമല്ലാതെ മറ്റൊന്നുമായിരിക്കില്ല. താലിബാനികൾ ജനങ്ങളുടെ സാമൂഹിക-സാംസ്കാരിക ജീവിതത്തെ, അങ്ങേയറ്റം മൗലികവാദപരമായ പ്രഖ്യാപനങ്ങളും ഉത്തരവുകളും അടിച്ചേൽപ്പിച്ചുകൊണ്ട് ചിട്ടപ്പെടുത്തും. അവരുടെ ഇരട്ടമുഖം ഇതിനകം തുറന്നുകാട്ടപ്പെട്ടിരിക്കും. അധികാരം ഏറ്റെടുത്ത ഉടനെ, എല്ലാവർക്കും സുരക്ഷ, സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കൽ, മാധ്യമ സ്വാതന്ത്ര്യം, തങ്ങൾക്കെതിരെ പോരാടിയ എല്ലാവർക്കും മാപ്പ്, മുൻ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള പൊതുമാപ്പ്, അഫ്ഗാനിസ്ഥാൻ ഇനി ഭീകരരുടെ അഭയകേന്ദ്രമാകില്ല എന്ന ഉറപ്പ് തുടങ്ങിയ പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ട് അവർ ഒരു പരിഷ്കൃത മുഖം പ്രദർശിപ്പിക്കുകയായിരുന്നു. അവരുടെ മുൻ ഇസ്ലാമിക മതമൗലികവാദ സ്വേച്ഛാധിപത്യ ഭരണത്തിൽനിന്ന് വ്യത്യസ്തമായി അവർ കൂടുതൽ മിതവാദികളായി മാധ്യമങ്ങളുടെ മുന്നിൽ സ്വയം ചിത്രീകരിക്കാനും ശ്രമിച്ചു. പക്ഷേ, ഇവയെല്ലാം ലോകശക്തികളെയും ഭയചകിതരായ ഒരു ജനതയെയും വിശ്വസിപ്പിക്കാനുള്ള പ്രചരണതന്ത്രങ്ങളായിരുന്നു എത് ഇപ്പോൾ വെളിവായിരിക്കുന്നു.

പഴയ തലമുറ താലിബാന്റെ മുൻ ഭരണം ഓർക്കുന്നു, അവർ സ്ത്രീകളെ അവരുടെ വീടുകളിൽ ഒതുക്കി, ടെലിവിഷനും സംഗീതവും നിരോധിച്ചു, പൊതുജനമധ്യത്തിൽവധശിക്ഷനടത്തി.ഇപ്പോൾ ആ സ്വേച്ഛാധിപത്യത്തിന്റെ തിരിച്ചുവരവ് വെളിവായിത്തുടങ്ങി. 17 ഓഗസ്റ്റിന്, സായുധരായ താലിബാൻ സൈനികർ വിമാനത്താവളത്തിന്റെ സിവിലിയൻ പകുതിയിൽ പ്രവേശിച്ച്, വെടിയുതിർത്ത്, യാതൊരു നിർവ്വാഹവുമില്ലാതെ വിമാനത്തിൽ തൂങ്ങിക്കിടന്നാണെങ്കിലും രാജ്യം വിട്ടുപോകാൻ വെപ്രാളപ്പെട്ട 500 ഓളം ആളുകളെ പുറത്താക്കി. വിമാനത്താവളത്തിലും പരിസരത്തും വെടിയുണ്ടകളാലോ തിക്കിലും തിരക്കിലും പെട്ടോ 12 പേർ കൊല്ലപ്പെട്ടു. എന്നിട്ടും, ഭയന്നുപോയ ആയിരക്കണക്കിന്അഫ്ഗാനികൾരാജ്യം വിട്ടു, വിമാനത്താവളത്തിലേക്കും അതിർത്തിയിലേക്കും ഉള്ള ഓട്ടം തുടരുകയാണ്. മുൻ ഗവൺമെന്റിനുവേണ്ടി പ്രവർത്തിച്ച എല്ലാ അഫ്ഗാനികളെയും വേർതിരിക്കാനും ഇല്ലാതാക്കാനും കനത്ത ആയുധധാരികളായ താലിബാൻ കേഡർമാർ ഗെസ്റ്റപ്പോകളെപ്പോലെ വീടുകൾതോറും കയറിയിറങ്ങുന്നു. അവരുടെ സായുധരായ സദാചാര പോലീസിൽനിന്ന് കുട്ടികളെയോ സ്ത്രീകളെയോ ഒഴിവാക്കിയിട്ടില്ല. അടിമുടി മൂടിയ ബുർഖ ധരിക്കാൻ സ്ത്രീകൾ നിർബന്ധിതരാകുന്നു. പത്രപ്രവർത്തകരും കലാകാരന്മാരും ഉൾപ്പെടെയുള്ള ജനാധിപത്യ ചിന്താഗതിക്കാരായ ആളുകൾക്കെതിരെ വധഭീഷണി മുഴക്കുന്നു. അങ്ങനെ ഈ തീവ്ര ഇസ്ലാമിക മതമൗലികവാദികൾ മതപരമായ പിന്നോക്കാവസ്ഥ, മതഭ്രാന്ത്, മധ്യകാല അന്ധകാരം എന്നിവയിൽ ആളുകളെ തളച്ചിടുക മാത്രമല്ല ഇസ്ലാമിന്റെ യഥാർത്ഥ പ്രബോധനങ്ങൾക്കെതിരെ പ്രവർത്തിക്കുകയും ചെയ്യുന്നു. ശരിയായി ചിന്തിക്കുന്ന ജനാധിപത്യ ചിന്താഗതിക്കാരായ ആളുകൾക്കോ, ഇസ്ലാമിന്റെ സത്യസന്ധനായ ഒരു അനുയായിക്ക് പോലുമോ ഇത് സഹിക്കാൻ കഴിയില്ല. എല്ലാ അരാജകത്വങ്ങൾക്കിടയിലും അഫ്ഗാനിസ്ഥാനിൽ കാണുന്നത് അതാണ്.

## അഫ്ഗാൻ ജനത ഉയർത്തുന്ന പ്രതിഷേധം ഹൃദയഹാരിയും സ്വാഗതാർഹവും

എല്ലാ ക്രൂരതകളും വധഭീഷണികളുംവരെ അവഗണിച്ച് ചങ്കുറ്റമുള്ള സ്ത്രീകളടക്കം ഒരു വിഭാഗം അഫ്ഗാൻ ജനത താലിബാൻ ഭരണത്തിനെതിരെ പ്രതിഷേധമുയർത്തുന്നു എന്നത് അന്ധകാരമയമായ ഈ സാഹചര്യത്തിലും പ്രതീക്ഷ നൽകുന്നുണ്ട്. ജലാലാബാദിൽ കൊടികളുമായി പ്രതിഷേധിച്ചവർക്കുനേരെ ആഗസ്റ്റ് 18ന് താലിബാൻസേന വെടിയുതിർക്കുകയും 3 പേരെ കൊല്ലുകയും ചെയ്തു. 1919ൽ ബ്രിട്ടണിൽനിന്ന് സ്വാതന്ത്ര്യം നേടിയതിന്റെ സ്മരണ പുതുക്കിക്കൊണ്ട് ആഗസ്റ്റ് 19ന് അഫ്ഗാനികൾ തലസ്ഥാനമായ കാബൂളിൽ തെരുവിലിറങ്ങി. കറുപ്പും ചുവപ്പും പച്ചയും നിറമുള്ള കൊടികൾ വീശി അവർ പ്രഖ്യാപിച്ചു: "ഞങ്ങളുടെ പതാക ഞങ്ങളുടെ അസ്തിത്വമാണ്". അസദാബാദിൽ പ്രതിഷേധക്കാർക്കുനേരെ താലിബാൻ ഭീകരർ വെടിയുതിർക്കുകയും നിരവധിപേരെ കൊല്ലുകയുംചെയ്തു. കാബൂളിലെ റാലിക്കുസമീപം അവർ ആകാശത്തേക്ക് വെടിവെച്ചു. മറ്റൊരു കിഴക്കൻ നഗരമായ ഖോസ്റ്റിലും സമാനമായ സംഭവങ്ങളുണ്ടായി. പതാകകളുമായി ജനങ്ങൾ തെരുവിലിറങ്ങുന്നത് താലിബാൻ ഭരണത്തോടുള്ള എതിർപ്പ് പടരുന്നതിന്റെ സൂചനയാണ്. ചില സ്ഥലങ്ങളിൽ പ്രതേഷേധക്കാർ താലിബാന്റെ വെളുത്ത പതാക കീറിയെറിഞ്ഞതായും റിപ്പോർട്ടുണ്ട്.

എന്നാൽ ഇത്തരം പ്രതിഷേധങ്ങൾ കൊണ്ടുമാത്രം ഉദ്ദിഷ്ടഫലം നേടാനാവില്ല. അതിന് മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി സുചിന്തിതമായ പ്രതിഷേധം ഉയർത്തുകയും ക്രമേണ ഒരു ശരിയായ വിപ്ലവ നേതൃത്വത്തിൻ കീഴിൽ അതിനെ ഒരു ചെറുത്തുനിൽപ്പ് പോരാട്ടമായി വളർത്തിയെടുക്കുകയും വേണം. ഒരിക്കൽ അഫ്ഗാനിസ്ഥാനിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ശക്തമായ സമരങ്ങൾ നടന്നിരുന്നുവെന്ന് മുൻപ് സൂചിപ്പിച്ചുവല്ലോ. എന്നാൽ, സോവിയറ്റ് യൂണിയനിലെ തിരുത്തൽവാദി ക്രൂഷ്ചേവ് നേതൃത്വത്തിന്റെ തെറ്റായ നീക്കങ്ങൾ മാർക്സിസ്റ്റ് ലൈനിന് നിരക്കുന്നതാണെന്ന് കരുതിയ അഫ്ഗാനിസ്ഥാനിലെ ജനങ്ങൾക്ക് കമ്മ്യൂണിസത്തെക്കുറിച്ച് തെറ്റിദ്ധാരണകളാണ് ഉണ്ടായത്. അതുകൊണ്ടുതന്നെ അവർ മാർക്സിസത്തിൽനിന്ന് അകന്ന് പോകുകയും സാമ്രാജ്യത്വ ഭീമൻമാർക്കും അവരുടെ മതമൗലിക വാദികളും ഭീകരവാദികളുമായ പിണിയാളുകൾക്കും നുഴഞ്ഞുകയറി രംഗം കൈയടക്കാൻ അവസരം നൽകുകയും ചെയ്തു. എന്നാൽ, സാമ്രാജ്യത്വ ശക്തികളും അവരുടെ പിണിയാളുകളും തങ്ങളെ വഞ്ചിച്ചിരിക്കുന്നുവെന്ന് അവർ തിരിച്ചറിയുന്നു. ജീവിതത്തിലെ ദുരിതങ്ങളും അരക്ഷിതാവസ്ഥയും മാത്രമല്ല നിലനിൽപ്പുതന്നെ ഇന്ന് അപകടത്തിലായിരിക്കുന്നു. അതുകൊണ്ടുതന്നെ സത്യം കണ്ടെത്താൻ അവർ ബാദ്ധ്യസ്ഥരാണ്.

ശരിയായ ദാർശനിക-പ്രത്യയശാസ്ത്ര പാത കണ്ടെത്തണം. അന്തസ്സാർന്ന ഒരു ജീവിതം തിരിച്ചുപിടിക്കാനും സാമ്രാജ്യത്വ ചൂഷണത്തിന്റെയും ഇസ്ലാമിക മതമൗലിക വാദികളുടെ മദ്ധ്യകാല കാടത്തത്തിന്റെയും നകത്തിൽനിന്ന് മോചനം നേടാനും അത് വഴികാട്ടിയാകും. അതോടൊപ്പം, ലോകത്തിന്റെ പലഭാഗങ്ങളിൽ ഉയർന്നുവന്ന സമരങ്ങളിൽനിന്ന് ശരിയായ പാഠം ഉൾക്കൊള്ളുകയുംവേണം. യൂറോപ്യൻ രാജ്യങ്ങളിൽ തൊഴിലാളികൾ നടത്തിയ സമരങ്ങൾ, ഫ്രാൻസിലെ 'യെല്ലോ വെസ്റ്റ്' സമരം, മുതലാളിത്തത്തിനെതിരെ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് അമേരക്കയിൽതന്നെ ഉയർന്നുവന്ന ആവേശകരമായ 'വാൾ സ്ട്രീറ്റ് പിടിച്ചടക്കൽ' സമരം, 'അറബ് വസന്തം' പ്രക്ഷോഭം തുടങ്ങിയവയൊക്കെ ചൂണ്ടിക്കാണിക്കുന്നത് ഇവയെല്ലാം അനീതിക്കെതിരായ വീറുറ്റ ജനകീയ മുന്നേറ്റങ്ങളായിരുന്നെങ്കിലും കൃത്യമായ ഒരു നേതൃത്വം ഇല്ലാത്തതുകൊണ്ടുതന്നെ ക്രമേണ പിൻവാങ്ങുകയായിരുന്നു എന്നാണ്. സമരങ്ങളെ ശരിയായ പാതയിലൂടെ മുന്നോട്ട് നയിക്കാൻ ശരിയായ നേതൃത്വം അനിവാര്യമാണ്. സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റേതുമായ ഈ യുഗത്തിൽ ഏതെങ്കിലും സമരമല്ല, ദേശീയ സ്വാതന്ത്ര്യ സമരങ്ങൾതന്നെയായാലും അവ ശരിയായ വിപ്ലവ നേതൃത്വത്തിൻ കീഴിൽ മുതലാളിത്ത വിരുദ്ധ തൊഴിലാളിവർഗ്ഗ വിപ്ലവത്തിന് അനുപൂരകമാംവിധം നടത്തപ്പെടുന്നില്ലെങ്കിൽ വിജയംവരിക്കാനാവില്ല. ക്രൂഷ്ചേവിന്റെ നേതൃത്വത്തിലുള്ള തിരുത്തൽവാദികൾ കമ്മ്യൂണിസ്റ്റുകളായിരുന്നില്ല.

മാർക്സിസം-ലെനിനിസത്തിൽനിന്ന് വ്യതിചലിച്ച വഞ്ചകരായിരുന്നു. പ്രതിവിപ്ലവത്തിലൂടെ സോഷ്യലിസത്തെ തകർക്കുന്ന മുതലാളിത്ത പാതക്കാരായി അവർ പരിണമിച്ചു. അതുകൊണ്ടുതന്നെ അവരുടെ വഞ്ചന മാർക്സിസം-ലെനിനിസമെന്ന മഹത്തായ പ്രത്യയശാസ്ത്രത്തിന്റെ നിരർത്ഥകതയല്ല സൂചിപ്പിക്കുന്നത്, നേരെമറിച്ച്, ശരിയായ മാർക്സിസ്റ്റ് ലൈനും സമീപനവും വീക്ഷണവുമൊക്കെ കൈവെടിഞ്ഞാൽ ഉണ്ടാകാവുന്ന ദുരന്തമെന്തെന്ന് ഓർമ്മിപ്പിക്കുകയാണ് ചെയ്തത്. അഫ്ഗാനിസ്ഥാനടക്കം ലോകത്ത് എവിടെയുമുള്ള അടിച്ചമർത്തപ്പെടുന്ന ജനതകളുടെമേൽ ചരിത്രം അർപ്പിക്കുന്ന കർത്തവ്യം, വിഭാഗിയ ശക്തികളെയും സന്ധിമനോഭാവക്കാരായ സോഷ്യൽഡെമോക്രാറ്റിക് ശക്തികളെയും മറ്റ് ബൂർഷ്വാ സംഘങ്ങളെയും ഒറ്റപ്പെടുത്തി, ശരിയായ വിപ്ലവ നേതൃത്വത്തിൻകീഴിലും ഉന്നതമായ തൊഴിലാളിവർഗ്ഗ നൈതികതയിലും സംസ്കാരത്തിലും അടിയുറച്ചും വർഗ്ഗ-ബഹുജന സമരങ്ങൾ തീവ്രമാക്കി എടുക്കുക എന്നതാണ്. മുതലാളിത്തവിരുദ്ധ വിപ്ലവം യാഥാർത്ഥ്യമാക്കാനുള്ള പാതയാണ് അതിലൂടെ ഒരുക്കിയെടുക്കപ്പെടുന്നത്. ഏതെങ്കിലും രാജ്യത്ത് ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് നിലവിലില്ലെങ്കിൽ ലെനിനിസ്റ്റ് മാതൃക പിന്തുടർന്നുകൊണ്ടും കഠിനതരമായ പോരാട്ടങ്ങളിലൂടെയും അത്തരമൊരു പാർട്ടി കെട്ടിപ്പടുക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം ആരംഭിക്കണം. ഇന്ത്യയിലെ പൊരുതുന്ന ജനതയുടെ പേരിൽ അഫ്ഗാനിസ്ഥാനിലെ ജനങ്ങളുടെ പോരാട്ടങ്ങൾക്ക് സാഹോദര്യവും ഐക്യദാർഢ്യവും രേഖപ്പെടുത്തുന്നതോടൊപ്പം, ഈ ചരിത്ര യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ആ പാതയിലൂടെ മുന്നേറാൻ ഞങ്ങൾ അവരോട് ആത്മാർത്ഥമായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ■

# സിപിഐ(എം) നേതൃത്വത്തിൽ സഹകരണമേഖലയിൽ നടമാടുന്ന വൻസാമ്പത്തിക അഴിമതി

**തൃശ്ശൂർ കരുവന്നൂരിലെ സഹകരണ ബാങ്കിൽ നടന്ന 300 കോടി രൂപയുടെ അഴിമതി കേസിൽ ബാങ്കിന്റെ പ്രസിഡണ്ടും ഭരണസമിതി അംഗങ്ങളുമായിരുന്ന സിപിഐ(എം) നേതാക്കളെ സെപ്റ്റംബർ 13ന് പുലർച്ചെ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്യുകയുണ്ടായി. അഴിമതിയുടെ വാർത്ത പുറത്തുവന്ന് രണ്ട് മാസത്തിനുശേഷമാണ് അറസ്റ്റ് നടന്നിട്ടുള്ളത്. ബാങ്ക് ജീവനക്കാരായിരുന്നവരെ ബലിയാടുകളാക്കി, ഭരണസമിതി അംഗങ്ങളെ രക്ഷിക്കുകയാണെന്ന വിമർശനം ശക്തമായതിനെത്തുടർന്നാണ് അറസ്റ്റ് ഉണ്ടായിട്ടുള്ളത്. അഞ്ച് വർഷം മുമ്പ് ഓഡിറ്റ് റിപ്പോർട്ടിൽ ബാങ്കിന്റെ പ്രവർത്തനത്തിൽ നടക്കുന്ന ഗുരുതരമായ ക്രമക്കേടുകൾ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നതിനാൽ വളരെ ഉന്നതരായ സിപിഐ (എം) നേതാക്കളുടെ അറിവിൽ ഈ വിഷയങ്ങൾ വന്നിരുന്നുവെന്ന് ന്യായമായും ഉറപ്പിക്കാം. അവർ ക്രമക്കേടുകളെ മൂടിവയ്ക്കുകയായിരുന്നോ അതോ വെട്ടിപ്പിനും പണാപഹരണത്തിനും നേതൃത്വം നൽകുകയായിരുന്നോ എന്നതുമാത്രമാണ് ഇനി വെളിച്ചത്തുവരേണ്ടുന്ന വസ്തുത.**

വായ്പ നൽകിയ വസ്തുക്കളിൽ തന്നെ വീണ്ടും വായ്പ നൽകിയും വ്യാജമായി പല അക്കൗണ്ടുകളിലേക്ക് പണംമാറ്റിയുമാണ് കരുവന്നൂർ സഹകരണ ബാങ്കിൽ പ്രധാനമായും കോടികളുടെ തട്ടിപ്പ് നടന്നത്. ബാങ്കിന്റെ കുറി നടത്തിപ്പ് മുതൽ ഓവർ ഡ്രാഫ്റ്റ് ഉൾപ്പെടെ എല്ലാത്തരം ഇടപാടുകളിലും വെട്ടിപ്പും ക്രമക്കേടും നടന്നുവെന്നതാണ് അന്വേഷണത്തിൽ വെളിയിൽ വരുന്ന ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ. ബിനാമി ഇടപാടുകൾ, നിക്ഷേപങ്ങളുടെ പലിശ കൂട്ടികൊടുത്തുകൊണ്ടുള്ള തട്ടിപ്പുകൾ, ഇല്ലാത്ത ഭൂമി ഈട് വെച്ചുള്ള വായ്പാ തട്ടിപ്പ് തുടങ്ങിയ പല വിദ്യകളിലൂടെ സാധാരണക്കാരുടെ പണം കവരുകയാണ് ചെയ്തിട്ടുള്ളത്. 164 കോടി രൂപയുടെ തട്ടിപ്പാണ് നടന്നത് എന്നാണ് സഹകരണ മന്ത്രി വി.എൻ വാസവൻ നിയമസഭയിൽ പറഞ്ഞത്. പക്ഷേ 300 കോടിയിലേറെ രൂപയുടെ തട്ടിപ്പ് നടന്നതായാണ് പ്രാഥമിക നിഗമനം. സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശിച്ച എല്ലാ മാർഗ്ഗരേഖകളും ലംഘിച്ചുകൊണ്ടാണ് വായ്പ നൽകിയതെന്നും കുറി നടത്തിപ്പിൽ മാത്രം 50 കോടി രൂപയുടെ തട്ടിപ്പ് നടന്നതായും സർക്കാരിന് നൽകിയ റിപ്പോർട്ടിൽ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ചൂണ്ടിക്കാണിച്ചിരുന്നു. 40 വർഷമായി സിപിഐ(എം) നയിക്കുന്ന ഭരണസമിതി ഭരിക്കുന്ന ബാങ്കിൽ തട്ടിപ്പിന്റെ ഉത്തരവാദിത്തം മറ്റാരുടെയും തലയിൽ കെട്ടിവച്ച് രക്ഷപെടാനാവില്ല.

യഥാർത്ഥത്തിൽ 2003 മുതൽ തന്നെ കരുവന്നൂർ സഹകരണ ബാങ്കിനെതിരെ പരാതിയുള്ളതായി ആക്ഷേപമുണ്ട്. കോടികളുടെ അഴിമതി നടക്കുകയാണെന്ന വിവരം കഴിഞ്ഞ 20 വർഷത്തിനുള്ളിൽ മുൻജീവനക്കാരുടെ പരാതികളിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും പുറത്തുവന്നിരുന്നു. സിപിഐ(എം)ന്റെ പാർട്ടി ഘടകങ്ങളിലും പലപ്പോഴായി ഈ വിഷയം ഉന്നയിക്കപ്പെട്ടിരുന്നതായി മാധ്യമറിപ്പോർട്ടുണ്ട്. ഏറ്റവും ഒടുവിൽ 5 വർഷം മുമ്പാണ് കരുവന്നൂർ ബാങ്കിലെ ക്രമക്കേടുകൾ കൃത്യമായി ചൂണ്ടിക്കാട്ടിക്കൊണ്ട് ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടത്. ഒന്നാം പിണറായി സർക്കാരിൽ മന്ത്രിയായിരുന്ന കടകംപള്ളി സുരേന്ദ്രനോട് ഏഷ്യാനെറ്റ് ചാനലിന്റെ ഒരു പരിപാടിയിൽ കരുവന്നൂർ ബാങ്കിലെ ഒരു ജീവനക്കാരൻ പരസ്യമായി അഴിമതി സംബന്ധിച്ച ആരോപണം ഉന്നയിച്ചിരുന്നു. പ്രസ്തുത സർക്കാരിന്റെ സഹകരണവകുപ്പിന്റെ മുമ്പിൽ രേഖകളുടെ പിൻബലത്തോടെയാണ് ഈ അഴിമതി ചൂണ്ടിക്കാട്ടപ്പെട്ടത്. എന്നാൽ അവയെ എല്ലാം ധിക്കാരപൂർവ്വം കാറ്റിൽപ്പറത്തി, നിയമവാഴ്ചയെ തരിമ്പും ഭയപ്പെടാതെ അഴിമതി തുടർന്നു എന്നതാണ് കരുവന്നൂർ ബാങ്ക് അഴിമതിയെ ഗൗരവതരമാക്കുന്നത്. ഒടുവിൽ അഴിമതിയുടെ വാർത്ത പുറത്തുവരുന്നതിനും ഏതാനും ആഴ്ചകൾക്ക് മുമ്പ് ഇതേ അഴിമതി ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് സുരേഷ് എന്നുപേരുള്ള സിപിഐ(എം) പ്രാദേശിക നേതാവ് ബാങ്കിനുമുമ്പിൽ ഒറ്റയാൾ സമരം നടത്തിയിരുന്നു. അയാളെ പാർട്ടിയിൽ നിന്നുപുറത്താക്കിക്കൊണ്ട് അഴിമതിയുടെ വിവരങ്ങൾ ഒതുക്കാനാണ് സിപിഐ (എം) ശ്രമിച്ചത്. ഒടുവിൽ മുഖം രക്ഷിക്കൽ നടപടിയെന്ന നിലയിൽ കരുവന്നൂർ ബാങ്ക് ക്രമക്കേട് തടയാൻ വേണ്ടത്ര ജാഗ്രത കാട്ടിയില്ല എന്ന കാരണം പറഞ്ഞുകൊണ്ട് മുൻ ജില്ലാ സെക്രട്ടേറിയറ്റ് അംഗം, 2 ജില്ലാ കമ്മിറ്റി അംഗങ്ങൾ, ഇരിങ്ങാലക്കുട ഏരിയ സെക്രട്ടറി ഉൾപ്പടെ നിരവധി നേതാക്കൾക്കെതിരെ ജൂലൈ 26നു കൂട്ട അച്ചടക്കനടപടി സിപിഐ (എം) സ്വീകരിച്ചു. വെറും ജാഗ്രതക്കുറവിന്റെ ഒരു പ്രശ്നം മാത്രമേ ഇക്കാര്യത്തിൽ സംഭവിച്ചിട്ടുള്ളോ? അഴിമതി നടക്കുന്നതായി നിരവധി മാർഗ്ഗങ്ങളിലൂടെ അറിയുമ്പോഴും അത് തടയാൻ നടപടി സ്വീകരിക്കാതിരുന്നത് അതീവഗൗരവമുള്ള ഈ കുറ്റകൃത്യത്തിന്റെ അവിഭാജ്യഭാഗമായിരിക്കുന്നതുകൊണ്ടു മാത്രമാണ്. അതിനെ ജാഗ്രതക്കുറവെന്ന് വിശേഷിപ്പിച്ച് ജനങ്ങളെ വിഢ്ഢികളാക്കാമെന്നാണ് സിപിഐ(എം) കണക്കുകൂട്ടുന്നത്. സംസ്ഥാനനേതൃത്വത്തിന്റെ വരെ ശ്രദ്ധയിൽപ്പെട്ടിട്ടും ഒരു ദശാബ്ദത്തിലധികമായി ഇത്രമേൽ ഗുരുതരമായ ഒരഴിമതി തടയപ്പെട്ടില്ല എന്നത് ഗൗരവതരമായ ചില ചോദ്യങ്ങൾ ഉയർത്തുന്നു. അഴിമതി തടയാനോ ചോദ്യം ചെയ്യാനോ പറ്റാത്തവിധം കളങ്കിതരായിരിക്കുന്നു ഉന്നതനേതാക്കളും എന്ന് ന്യായമായും ഇത് സ്ഥാപിക്കുന്നു.

കരുവന്നൂർ ഒറ്റപ്പെട്ട സംഭവമെന്ന നിലയിൽ വിശേഷിപ്പിച്ചുകൊണ്ടാണ് മുഖ്യമന്ത്രി ഈ അഴിമതിയെ ചെറുതാക്കിക്കാണിക്കാൻ ശ്രമിച്ചത്. കരുവന്നൂർ സഹകരണ ബാങ്ക് അഴിമതി ഒറ്റപ്പെട്ട സംഭവമല്ല. പ്രഥമിക സഹകരണ സംഘങ്ങൾ മുതൽ മുകളിലേക്ക് ജില്ലാ സഹകരണ ബാങ്കുകൾ വരെയുള്ള ഏതാണ്ട് 160ഓളം സ്ഥാപനങ്ങളിലെ അഴിമതിയും വഴിവിട്ട ഇടപാടുകളും വ്യത്യസ്തമാർഗ്ഗങ്ങളിലൂടെ ഇതിനോടകം പുറത്തുവന്നിട്ടുണ്ട്. പണാപഹരണത്തെത്തുടർന്ന് നിരവധി സഹകരണബാങ്കുകൾ അടച്ചുപൂട്ടുകയുണ്ടായി. ഭരണസമതി തെരഞ്ഞെടുപ്പ് നടക്കുമ്പോൾ സഹകരണമേഖലയെ അഴിമതി മുക്തമാക്കാൻ എന്ന മുദ്രാവാക്യം ഇടതു - വലതു ഭേദമില്ലാതെ ആവർത്തിക്കുന്നതെന്തുകൊണ്ടാണ്? സംസ്ഥാനത്തെ സഹകരണമേഖലയിലെ അഴിമതി ഞെട്ടിപ്പിക്കുന്ന മാനം കൈവരിച്ചിട്ടുണ്ടെന്നും അവയെല്ലാം ഭരണസമിതികളെ നയിക്കുന്ന രാഷ്ട്രീയനേതൃത്വത്തിന്റെ നേരിട്ടുള്ള കാർമ്മികത്വത്തിൽ നടക്കുന്നുവെന്നുമാണ് ഇക്കാര്യങ്ങളൊക്കെ വ്യക്തമാക്കുന്നത്. കേരളത്തിന്റെ സഹകരണസ്ഥാപനങ്ങൾ വലിയൊരു പങ്കും കൈപ്പിടിയിലൊതുക്കിയിരിക്കുന്ന സിപിഐ(എം) ആണ് ഈ അഴിമതിയുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ. കോൺഗ്രസ്സും സിപിഐയും ലീഗും കേരള കോൺഗ്രസ്സും അവരാൽ കഴിയുംവിധം അഴിമതിയുടെ പങ്കുപറ്റുന്നു. മലപ്പുറം ജില്ലയിൽ ലീഗ് നയിക്കുന്ന എ.ആർ. നഗർ സഹകരണ ബാങ്കിൽ കരുവന്നൂരിനെ കടത്തിവെട്ടുന്ന വിധം നടന്ന കോടികളുടെ ഭീമമായ ബിനാമി ഇടപാടിൽ എൻഫോഴ്സ്മെന്റ് ഡയറക്ടേറ്റിന്റെ ഇടപെടൽ ആവശ്യപ്പെട്ട മുൻ മന്ത്രി കെ.ടി.ജലീലിന്റെ ആവശ്യം പൊടുന്നനെ മുഖ്യമന്ത്രി പിണറായി വിജയൻ തന്നെ നിർദ്ദാക്ഷിണ്യം തള്ളിക്കളഞ്ഞതെന്തുകൊണ്ടാണ്? സഹകരണമേഖലയിൽ കേന്ദ്ര ഏജൻസികളുടെ ഇടപെടലും അന്വേഷണവും പുറത്തു കൊണ്ടുവരാനിടയാക്കിയേക്കാവുന്നപലതും സിപിഐ(എം)നെ കഠിനമായി പൊള്ളിക്കുമെന്ന് ഭയപ്പെടുന്നതിനാൽമാത്രമാണിത്. വ്യാജ അക്കൗണ്ടുകൾ സൃഷ്ടിച്ച് ഭീമമായ തുകയുടെ കള്ളപ്പണം എ.ആർ.നഗർ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നുവെന്നത് സഹകരണവകുപ്പിന്റെ മാത്രം അന്വേഷണപരിധിയിൽപ്പെടുന്ന കുറ്റകൃത്യമാണോ? സഹകരണവകുപ്പ് അന്വേഷിച്ചാൽ ഈ കള്ളപ്പണത്തിന്റെ ഉറവിടം അറിയാൻ കഴിയില്ല. അതിന് കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമപ്രകാരം അന്വേഷിക്കാൻ അധികാരമുള്ള ഏജൻസി അന്വേഷിക്കേണ്ടതല്ലേ. നിയമവാഴ്ചയെ തകർക്കുന്ന വിധം ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിതന്നെ അത് അന്വേഷിക്കേണ്ടതില്ല എന്ന് പറയുന്നത് സംസ്ഥാനത്തെ സഹകരണമേഖലയിൽ അരങ്ങേറുന്ന അഴിമതിയുടെ ആഴത്തെയും അതിൽ അവർക്കുള്ള പങ്കിനെയുമാണ് വ്യക്തമാക്കുന്നത്.

സഹകരണ മേഖല എന്ന കറവപ്പശു ചത്തുപോകാതിരിക്കാൻ എല്ലാവരും പരമാവധി 'സഹകരിക്കുന്നതു'കൊണ്ടാണ് സഹകരണമേഖലയിലെ അഴിമതിയുടെ പേരിൽ ഇന്നേവരെ ഒരു രാഷ്ട്രീയ നേതാവും ശിക്ഷിക്കപ്പെടാതെ പോയത്. സ്ഥാപനങ്ങളിലെ ജീവനക്കാർ പ്രതികളാകുമെന്നതാണ് ഏറിപ്പോയാൽ സംഭവിക്കുക. ആദ്യഘട്ടത്തിൽ കരുവന്നൂർ ബാങ്കിന്റെ ജീവനക്കാരെ പ്രതികളാക്കി പാർട്ടി നേതാക്കളെ രക്ഷിക്കാനാണ് സിപിഐ(എം) ശ്രമിച്ചതെന്ന് സ്മരിക്കുക. ജീവനക്കാരെ പ്രതികളാക്കി കൈകഴുകുന്ന സിപിഐ(എം) സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും കബളിപ്പിക്കാനാണ് ശ്രമിക്കുന്നത്. രാഷ്ട്രീയക്കാർ നിയന്ത്രിക്കുന്ന ഭരണസമിതി അറിയാതെ സഹകരണ സ്ഥാപനങ്ങളിൽ ഇല പോലും അനങ്ങില്ല എന്നത് കേരളത്തിലെ ഏതൊരു സാധാരണക്കാരനും അറിയാവുന്ന പരമാർത്ഥമാണ്. വായ്പ, ഡപ്പോസിറ്റ്, മുതൽമുടക്ക് തുടങ്ങിയ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത് ഭരണസമിതിയും അവരെ നയിക്കുന്ന രാഷ്ട്രീയ നേതൃത്വവുമാണ്. സിപിഐ(എം) നേതൃത്വത്തിന്റെ ഒത്താശയിലും ഔദാര്യത്തിലും കേരളമെമ്പാടും സഹകരണസ്ഥാപനങ്ങളിൽ ജോലി ലഭിച്ചിട്ടുള്ള നേതാക്കളുടെ ഭാര്യമാരും മക്കളും നൂറുകണക്കിന് പാർട്ടി അംഗങ്ങളും നേതൃത്വത്തിന്റെ ആജ്ഞാനുവർത്തികൾ മാത്രമാണ്. സിപിഐ(എം) നേതൃത്വത്തിന്റെ കർശനമായ നിരീക്ഷണത്തിൻ കീഴിൽ മാത്രം ഇടപാടുകൾ മുഴുവൻ നടക്കുന്ന സഹകരണരംഗത്ത് ജീവനക്കാർക്ക് തനതായി ഒരു തീരുമാനവും കൈക്കൊള്ളാനാവില്ല. കരുവന്നൂരിലും അതുതന്നെയാണ് നടന്നിട്ടുള്ളതെന്ന് ഇപ്പോഴുണ്ടായിട്ടുള്ള സിപിഐ(എം) നേതാക്കന്മാരുടെ അറസ്റ്റ് വ്യക്തമാക്കുന്നു. ഞെട്ടിപ്പിക്കുന്ന ഈ അഴിമതിയുടെ വാർത്ത പുറത്തുവന്നപ്പോൾ ഭരണസമിതിയിലെ നേതാക്കളെല്ലാവരും വിശുദ്ധരാണെന്നും ജീവനക്കാരാണ് അഴിമതി നടത്തിയതെന്നുമായിരുന്നു സിപിഐ (എം)ന്റെ ആവർത്തിച്ചുള്ള വിശദീകരണവും പ്രചാരണവും. നേതാക്കൾക്ക് സംഭവിച്ചതാകട്ടെ ചെറിയൊരു ജാഗ്രതക്കുറവ് മാത്രം!

കേരളത്തിലെ സഹകരണ മേഖല ഞെട്ടലുളവാക്കുന്ന അഴിമതിയിൽ ആണ്ടുമുങ്ങിയിരിക്കുകയാണെന്ന് കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങൾക്കുള്ളിൽ പുറത്തുവന്ന വിവരങ്ങൾ വ്യക്തമാക്കുന്നു. ഈ മേഖലയിൽ നടമാടുന്ന അഴിമതിയെയും വെട്ടിപ്പിനെയും സംബന്ധിച്ച് സത്യസന്ധമായ അന്വേഷണം നടന്നാൽ ഒരുപക്ഷേ സംസ്ഥാനം ദർശിച്ചിട്ടുള്ള ഏറ്റവും വലിയ അഴിമതിയുടെ ചിത്രമായിരിക്കും പുറത്തുവരിക. സംസ്ഥാനഭരണവും സഹകരണവകുപ്പും ബാങ്ക് ഭരണസമിതിയും ജീവനക്കാരുമെല്ലാം സിപിഐ(എം) നോട് പൂർണ്ണമായും വിധേയപ്പെട്ടുനിൽക്കുമ്പോൾ സത്യസന്ധമായ എന്ത് അന്വേഷണമാണ് നടക്കുക. ഇപ്പോൾ നടക്കുന്ന ക്രൈംബ്രാഞ്ച് അന്വേഷണവും ഒരാളും ശിക്ഷിക്കപ്പെടില്ല എന്നുറപ്പാക്കുന്ന ഒന്നായിരിക്കുമെന്നതിൽ ഒരു സംശയവും വേണ്ട.

വിമർശനങ്ങൾക്കും ചോദ്യം ചെയ്യലുകൾക്കും അതീതമായ, അതിവിശുദ്ധമായ ഒന്നാണ് സഹകരണ മേഖലയെന്നാണ് സിപിഐ(എം) പ്രചാരണം. ഈ മേഖ

(ശേഷം 10–ാം പേജിൽ)

## കണ്ണൂർ സർവ്വകലാശാലയിൽ ആർഎസ്എസ് സൈദ്ധാന്തികരുടെ പുസ്തകങ്ങൾ പഠിപ്പിക്കാനുള്ള നീക്കം

# മതേതര വിദ്യാഭ്യാസത്തെ തകർക്കുന്ന തീരുമാനം ഉടൻ പിൻവലിക്കുക – സേവ് എഡ്യൂക്കേഷൻ കമ്മിറ്റി

**എം**എ ഗവേണൻസ് ആന്റ് പൊളിറ്റിക്സ് പാഠ്യപദ്ധതിയിൽ കണ്ണൂർ സർവകലാശാല, വർഗീയവാദികളായ ആർഎസ്എസ് സൈദ്ധാന്തികരുടെ പുസ്തകങ്ങൾ ഉൾപ്പെടുത്തിയത് മതേതര വിദ്യാഭ്യാസത്തെ തകർക്കാനുള്ള സംഘപരിവാർ അജണ്ടക്ക് കൂട്ടുനിൽക്കലാണെന്ന് സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന ചാപ്റ്റർ അഭിപ്രായപ്പെട്ടു. ഇന്ത്യയെ വർഗീയവൽക്കരിക്കാനായി എഴുതപ്പെട്ട വി.ഡി.സവർക്കറുടെ "ഹിന്ദുത്വ : ഹു ഈസ് എ ഹിന്ദു', എംഎസ് ഗോൾവാൾക്കറുടെ "വി ഓർ അവർ നാഷൻഹുഡ് ഡിഫൈൻഡ്','ബഞ്ച് ഓഫ് തോട്സ്', ദീനദയാൽ ഉപാദ്ധ്യായയുടെ 'ഇന്റഗ്രൽ ഹ്യൂമനിസം' പോലുള്ള പുസ്തകങ്ങളാണ് മതേതര കേരളത്തെ ഞെട്ടിച്ചുകൊണ്ട് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വൈവിദ്ധ്യമാർന്ന ചിന്താഗതികൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുക എന്ന സംവാദാത്മക സമീപനത്തിന്റെ അടിസ്ഥാനത്തിലാണിതു ചെയ്തിരിക്കുന്നതെന്ന ന്യായീകരണം സംഘപരിവാർ ശക്തികൾ അവതരിപ്പിക്കുന്ന വാദങ്ങളാണ്.

ബ്രിട്ടീഷുകാർക്കെതിരെ സ്വാതന്ത്ര്യസമരം നടത്തുന്നത് അനാവശ്യമായ ഊർജ്ജ ഉപയോഗമാണ് എന്നും പകരം രാജ്യത്തിനുള്ളിലെ ശത്രുക്കളെ നേരിടാനാണ് യുവജനങ്ങൾ ശ്രമിക്കേണ്ടതെന്നും മുസ്ലീങ്ങളും ക്രിസ്ത്യാനികളും വൈദേശികരാണെന്നും മറ്റു നാട്ടുകളോട് കൂറുള്ളവരാണെന്നുമൊക്കെയുള്ള ചരിത്ര നിഷേധവാദങ്ങൾ ഉൾപ്പെടുന്ന ഇത്തരം പുസ്തകങ്ങൾ പാഠ്യപദ്ധതിയിലുൾപ്പെടുത്തിയാൽ പൊതുസമൂഹത്തിൽ അതുണ്ടാക്കുന്ന വിഭജനം നമുക്ക് സങ്കൽപ്പിക്കാനാവില്ല.

മനുഷ്യ സമൂഹം ആധുനികമായി മുന്നേറുമ്പോൾ, പോയ കാലത്ത് ആധിപത്യം നേടിയിരുന്നതും ശാസ്ത്രീയ മതേതര ജനാധിപത്യ ധാരണകൾ വികസിച്ചുവരുന്നതിനനുസരിച്ച് വിസ്മൃതമാകുകയും ചെയ്ത വികല വിഭജന വാദങ്ങൾ അതേപടി വിദ്യാർത്ഥികൾക്ക പഠിക്കാൻ കൊടുക്കുന്നതല്ല ചിന്തയിലെ വൈവിദ്ധ്യം എന്ന സങ്കല്പം. മറിച്ച് അത്തരം ചരിത്രവിരുദ്ധമായ ചിന്തകളെ വ്യവച്ഛേദിച്ചറിയാനുതകുന്ന വിധത്തിലുള്ള ആധുനിക ധാരണകളാണ് പാഠ്യപദ്ധതിയിലൂടെ നൽകേണ്ടത്.

ഈ സാഹചര്യത്തിലാണ്, തീവ്രഹിന്ദുത്വ വർഗീയ പ്രചാരകർ പോലും പൊതുസമൂഹത്തിൽ അവതരിപ്പിക്കാൻ മടിക്കുന്ന ആശയങ്ങളടങ്ങുന്ന ഈ പുസ്തകങ്ങളെ ചുവന്ന പരവതാനി വിരിച്ച് സർവ്വകലാശാല സ്വീകരിക്കുന്നത്.

ഗാന്ധിജി, നെഹ്റു അംബേദ്കർ, ടാഗോർ തുടങ്ങിയവരുടെ പുസ്തകങ്ങൾക്കൊപ്പമാണ് ഈ പുസ്തകങ്ങളുമെന്ന വൈസ് ചാൻസ്ലറുടെ വിശദീകരണം ബാലിശവും ദുരുപദിഷ്ടവുമാണ്. മേൽപ്പറഞ്ഞ ദേശീയ നേതാക്കളുടെ ചിന്തകൾക്കൊപ്പം സവർക്കറുടേയും ഗോൾവൾക്കറുടേയും ചിന്തകളെ അവതരിപ്പിച്ചാൽ, അവ സമാനതലത്തിലുള്ള ആശയങ്ങളാണെന്ന തെറ്റിദ്ധാരണ പടർത്താനാണ് ഉതകുക. മറിച്ച് അവ ദേശീയതയുടെ താല്പര്യങ്ങൾക്കെതിരാണ് എന്ന സ്വയം ബോധ്യപ്പെടുത്താൻ വിദ്യാർത്ഥികളെ സഹായിക്കാനാകണം പാഠ്യപദ്ധതി. നാസിസത്തിന്റേയും ഫാസിസത്തിന്റേയും വർണ്ണവിവേചനത്തിന്റെയുമൊക്കെ പ്രയാക്താക്കളുടെ ഗ്രന്ഥങ്ങളോ ഹിറ്റ്ലറുടെ ആത്മകഥയോ ഒന്നും അതേപടി പഠിപ്പിക്കാൻ ഉൾപ്പെടുത്താത്തത് ഇതുകൊണ്ടാണ്.

ബോർഡ് ഓഫ് സ്റ്റഡീസിലോ അക്കാദമിക് കൗൺസിലിലോ അവതരിപ്പിക്കാതെ ഈ സിലബസ് വന്നത് സർവ്വകലാശാല നിയമത്തിന്റേയും കീഴ് വഴക്കത്തിന്റേയും നഗ്നമായ ലംഘനമാണ്. തെറ്റ് പരിശോധിക്കാൻ കമ്മിറ്റിയെ നിയോഗിച്ചതിനു ശേഷവും തീരുമാനത്തെ വൈസ് ചാൻസലർ ന്യായീകരിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണമെന്നും പ്രസ്തുത സിലബസ്സിൽ നിന്ന് ഉടനടി വർഗീയ വിഷം ചുരത്തുന്ന കൃതികൾ നീക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

അധ:സ്ഥിത ജനതയുടെ വേദനകൾ ആവിഷ്ക്കരിക്കുന്ന എഴുത്തുകാരായ ബാമയുടേയും സുകിർതറാണിയുടേയും വിശ്രുത ബംഗാളി സാഹിത്യകാരിയായ മഹാശ്വേതാദേവിയുടെയും കൃതികൾ സിലബസ്സിൽനിന്ന് ഡൽഹി യൂണിവേഴ്സിറ്റി ഒഴിവാക്കിയതിനെതിരെ ഒരു ഭാഗത്തു വിദ്യാഭ്യാസ സ്നേഹികൾ പ്രതിഷേധിക്കുമ്പോഴാണ് തീവ്രഹിന്ദുത്വവാദികൾക്ക് ആഹ്ലാദം പകർന്നുകൊണ്ട് കണ്ണൂർ യൂണിവേഴ്സിറ്റി ഈ 'ഉൾക്കൊള്ളൽ' നടത്തിയിരിക്കുന്നത്.സർവ്വകലാശാലയുടെ സ്വയംഭരണാവകാശത്തിനുള്ളിൽ നിന്നുകൊണ്ട് അക്കാദമിക വിദഗ്ധർ പരിഹരിക്കേണ്ടതാണ് ഈ പ്രശ്നം. ആ സൽബുദ്ധിയും ഉത്തരവാദിത്വവും സർവ്വകലാശാല പ്രദർശിപ്പിക്കുമെന്നാണ് പൊതുസമൂഹം പ്രതീക്ഷിക്കുന്നതെന്നും സേവ് എജ്യുക്കേഷൻ കമ്മിറ്റി പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു. ■

### തിരുവല്ലം ടോൾ ബൂത്തിന് മുന്നിൽ പ്രതിഷേധം



തിരുവനന്തപുരം കഴക്കൂട്ടം – കാരോട് ബൈപാസിൽ ടോൾ പിരിക്കുന്നത് ഉടൻ അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തിരുവല്ലം ടോൾ ബൂത്തിന് മുന്നിൽ പ്രതിഷേധ മാർച്ച് നടത്തി. എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്തു. സഖാവ് എ. സബൂറ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ ആർ. ബിജു, ജി.ആർ.സുഭാഷ്, പി.എസ്.ഗോപകുമാർ, എസ്. മിനി എന്നിവർ പ്രസംഗിച്ചു.

### പാചകവാതക വിലവർദ്ധനവിനെതിരെ...



പാചകവാതകവില വർദ്ധനവ് പിൻവലിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് എഐഎംഎസ്എസിന്റെ ആഭിമുഖ്യത്തിൽ കോട്ടയം ഹെഡ്പോസ്റ്റ് ഓഫീസിനുമുന്നിൽ പ്രതിഷേധ ധർണ നടന്നു. മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ആശാരാജ്, ആർ.മീനാക്ഷി, വിദ്യ ആർ.ശേഖർ എന്നിവർ പ്രസംഗിച്ചു



പാചകവാതകവിലവർദ്ധനവ് പിൻവലിക്കുക, കെഎസ്ആർടിസി ഡിപ്പോകളിൽ ബെവ്കോ ഔട്ട്ലെറ്റ് തുറക്കാനുള്ള നീക്കം ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എഐഎംഎസ്എസ് ആലപ്പുഴയിൽ നടത്തിയ പ്രതിഷേധ പരിപാടി. എസ് യുസിഐ കമ്മ്യൂണിസ്റ്റ് ജില്ലാ സെക്രട്ടറി എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. സൌഭാഗ്യകുമാരി, കെ.ജെ.ഷീല, എം.എ.ബിന്ദു, മൈന ഗോപിനാഥ് എന്നിവർ പ്രസംഗിച്ചു.

## സഹകരണമേഖല സാമ്പത്തിക അഴിമതി...

(9–ാം പേജിൽ നിന്ന്)

ലയിലെ അഴിമതിക്കെതിരെ മിണ്ടിപ്പോയാൽ അത് സഹകരണ മേഖലയെ തകർക്കുമെന്നാണ് ന്യായം. ഇപ്രകാരം സംരക്ഷിക്കപ്പെടുന്ന സഹകരണസംവിധാനം ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ ദരിദ്രകർഷകനെയും സാധാരണക്കാരനെയും സഹായിക്കുകയാണോ ചെയ്യുന്നതെന്ന് പരിശോധിക്കേണ്ടതുണ്ട്. നാലുശതമാനത്തിന്റെ ഏറ്റവും കുറഞ്ഞ പലിശനിരക്കിൽ കർഷകർക്ക് വായ്പ നൽകുന്നതിനായി നബാർഡ് നൽകുന്ന ഭീമമായ തുക വളരെ ഉയർന്ന പലിശ നിരക്കിൽ കർഷകർക്കും കൊള്ളപ്പലിശയ്ക്ക് ബിസിനസ്സുകാർക്കും വായ്പ നൽകുന്ന പണിയാണ് കേരളത്തിൽ സഹകരണബാങ്കുകൾ ചെയ്യുന്നതെന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല. ചില വായ്പകളുടെ കാര്യത്തിൽ സഹകരണ ബാങ്കുകൾ, പുതുതലമുറ ബാങ്കുകളേക്കാൾ കഴുത്തറപ്പൻ പലിശയാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. ഗ്രാമീണമേഖലയിലെ പാവപ്പെട്ട കർഷകനെയും സഹകാരികളെയും മറയാക്കി കോടികളുടെ കൊള്ളയും കള്ളപ്പണം വെളുപ്പിക്കലുമാണ് ഇന്ന് കേരളമെമ്പാടും സഹകരണമേഖലയിൽ പ്രധാനമായും നടക്കുന്നത്. പരിപാവനമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇതേ സഹകരണമേഖലയെ ഉപയോഗപ്പെടുത്തി ബിജെപി ഗുജറാത്തിൽ വൻതോതിലുള്ള അഴിമതിക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുകയാണ്. ഈ അഴിമതിക്കും പണാപഹരണത്തിനും നേതൃത്വം നൽകുന്നവരാണ് യഥാർത്ഥത്തിൽ സഹകരണരംഗത്തെ തകർത്തുകൊണ്ടിരിക്കുന്നത്. അതിനാൽ ക്രമക്കേടുകൾക്കും തട്ടിപ്പിനുമെതിരെ ശബ്ദിച്ചുപോയാൽ അത് സഹകരണമേഖലയെ തകർക്കുമെന്ന നിലപാട് ഒരു കാരണവശാലും അംഗീകരിക്കാനാവില്ല.

കേരളത്തിന്റെ സഹകരണരംഗത്ത് അഴിമതിയും വെട്ടിപ്പും മാത്രമല്ല ഞെട്ടലുളവാക്കും വിധമുള്ള കള്ളപ്പണ ഇടപാടുകളും നടക്കുകയാണെന്ന് സൂചിപ്പിച്ചു കഴിഞ്ഞല്ലോ. റിസർവ് ബാങ്ക്, ആദായനികുതി വകുപ്പ് തുടങ്ങിയ സംവിധാനങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനും പുറത്തു പ്രവർത്തിക്കുന്ന സഹകരണമേഖലയിൽ അഴിമതി തടയാനുള്ള സംവിധാനം, സഹകരണസംഘം രജിസ്ട്രാറുടെ അധികാരവും പരിശോധനയും മാത്രമാണ്. അതാകട്ടെ വളരെ പരിമിതമായ അധികാരം മാത്രമാണുതാനും. നിയമനത്തിന്റെ പേരിലുള്ള പ്രത്യുപകാരമെന്ന നിലയിൽ ഭരണസമിതിയോട് പൂർണ്ണമായും വിധേയപ്പെട്ട ജീവനക്കാരുള്ള സഹകരണ ബാങ്കുകളുടെ ആഭ്യന്തരസംവിധാനം രേഖകളിൽ തിരിമറി നടത്താനും വ്യാജഅക്കൗണ്ടുകൾ സൃഷ്ടിക്കാനും അങ്ങേയറ്റം അനുകൂലമായ ഒന്നാണ്. കള്ളപ്പണം നിക്ഷേപിക്കുന്നതിനായി ആയിരക്കണക്കിന് വ്യാജ അക്കൗണ്ടുകൾ സഹകരണ ബാങ്കുകളിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. മലപ്പുറം എ.ആർ. നഗർ സഹകരണ ബാങ്കിൽ പ്രാഥമിക പരിശോധനയിൽ മാത്രം കണ്ടെത്തിയിരിക്കുന്നത് 1028 കോടി രൂപയുടെ വ്യാജ നിക്ഷേപമാണ്! അങ്ങിനെയെങ്കിൽ സംസ്ഥാനത്തെ 1600 ഓളം സഹകരണബാങ്കുകളിൽ വ്യാജ അക്കൗണ്ടുകളിലുള്ള കള്ളപ്പണനിക്ഷേപം എത്രകോടി രൂപയുടെ ഉണ്ടാകും! ഈ തുകയിൽ വലിയൊരു പങ്കം ഭരണസമിതികളെ നയിക്കുന്ന കേരളത്തിലെ രാഷ്ട്രീയ നേതൃത്വത്തിന്റെ അറിവിലും ബോധ്യത്തിലുമുള്ളതാകാനുള്ള സാധ്യതയും ഏറെയാണല്ലോ. അതിനാൽ സഹകരണമേഖലയെ അഴിമതിമുക്തമാക്കാനുള്ള പ്രവർത്തനത്തിൽ പ്രബല രാഷ്ട്രീയശക്തികൾ സത്യസന്ധമായി നിലകൊള്ളില്ല എന്നത് പകൽപോലെ വ്യക്തമാണ്. അഴിമതിക്കെതിരെയുള്ള അവരുടെ കുരിശുയുദ്ധപ്രഖ്യാപനങ്ങൾ നൂറുശതമാനവും കാപട്യം മാത്രമാണ്. സങ്കുചിത കക്ഷി രാഷ്ട്രീയത്തിനുപരിയായി പടുത്തുയർത്തപ്പെടുന്ന അതിശക്തമായ ഒരു ജനകീയ മുന്നേറ്റംകൊണ്ടു മാത്രമേ സഹകരണമേഖലയെ അഴിമതിമുക്തമാക്കുക എന്ന ലക്ഷ്യം നേടാൻ കഴിയൂ.

കേരളത്തിലെ സത്യസന്ധരായ സഹകാരികളും ജനാധിപത്യവിശ്വാസികളും ഒരുമിച്ച് അണിനിരന്നുകൊണ്ട് അതിനായി പരിശ്രമിക്കണം. എങ്കിൽ മാത്രമേ വിയർപ്പൊഴുക്കിനേടിയ പാവപ്പെട്ട മനുഷ്യരുടെ ലഘുസമ്പാദ്യങ്ങൾ സംരക്ഷിക്കപ്പെടൂ. ■



# പാരീസ് കമ്മ്യൂണിന്റെ 150 വർഷങ്ങൾ

## ചരിത്രസാംഗത്യവും പാഠങ്ങളും

**തൊഴിലാളിവർഗ്ഗ രാഷ്ട്രം സ്ഥാപിക്കുവാനുള്ള ആദ്യത്തെ ധീരപരിശ്രമമായി ചരിത്രത്തിൽ പാരീസ് കമ്മ്യൂൺ നിലകൊള്ളുന്നു. ആ നിലയിൽ, കഠിനവും വർധിതവുമായ മുതലാളിത്ത ചൂഷണത്തിൽനിന്നുള്ള മോചനത്തിനായി ഉൽക്കടമായി ആഗ്രഹിക്കുന്ന അധ്വാനിക്കുന്ന ജനലക്ഷങ്ങൾക്ക് പ്രചോദനമായി അത് തുടരുന്നു. 1871 മാർച്ച് 18 മുതൽ മേയ് 28 വരെ, അതായത് 72 ദിവസം, പാരീസിലെ തൊഴിലാളിവർഗ്ഗം നഗരത്തിന്റെ നിയന്ത്രണം കൈവശപ്പെടുത്തുകയും, ജന്മിത്ത രാഷ്ട്രങ്ങളെ പിന്തുടർന്നുവന്ന മുതലാളിത്ത രാഷ്ട്രങ്ങളിൽനിന്നെല്ലാം ഗുണപരമായി വ്യത്യസ്തമായ ഒരു പുതിയ രാഷ്ട്രത്തിന്റെ സ്ഥാപനം ഉദ്ഘോഷിക്കുകയും ചെയ്തു.**

**പി**ന്തിരിപ്പൻ ശക്തികളുടെ കൈകളാൽ കമ്മ്യൂണിന് പരാജയം സംഭവിച്ചു എന്നത് സത്യമാണ്. പക്ഷേ ആ പോരാട്ടം വെറുതേയായില്ല. കമ്മ്യൂണിന്റെ 150-ാം വർഷത്തിലും, വിവിധ രാജ്യങ്ങളിലെ മുതലാളിത്തവിരുദ്ധ വിപ്ലവപോരാട്ടങ്ങളെ പരിപോഷിപ്പിക്കുവാൻ കമ്മ്യൂൺ നൽകിയ ചരിത്രപാഠങ്ങൾക്ക് സാധിക്കുന്നുണ്ട്. പ്രാരംഭമായി, കമ്മ്യൂൺ സ്ഥാപിക്കാനിടയാക്കിയ സാമൂഹ്യ-ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് സംക്ഷിപ്തമായി പ്രതിപാദിക്കേണ്ടതുണ്ട്.

### കമ്മ്യൂൺ രൂപീകരിക്കപ്പെട്ടതിന്റെ ചരിത്രപശ്ചാത്തലം

1789-ലാണ് ഫ്രാൻസിൽ മുതലാളിത്ത ജനാധിപത്യ വിപ്ലവം നടന്നത്. തൊഴിലാളികളും കർഷകരും മുന്നണിയിൽ നിന്നുകൊണ്ടാണ് ബാസ്റ്റൈൽ തടങ്കൽകോട്ടയെ ഭേദിച്ചതും, പഴഞ്ചനും പിന്തിരിപ്പനുമായ ജന്മിത്ത രാജഭരണത്തെ തകർത്തെറിഞ്ഞതും. വിപ്ലവത്തിന്റെ നേതൃത്വം മുതലാളിവർഗ്ഗത്തിന്റെ കൈകളിലായിരുന്നുവെങ്കിലും തൊഴിലാളിവർഗ്ഗമാണ് അതിനെ വിജയത്തിലെത്തിച്ചത്. ചൂഷിതരും അടിച്ചമർത്തപ്പെട്ടവരുമായ സ്ത്രീകൾ പോലും അതിൽ മാതൃകാപരമായ പങ്കു വഹിച്ചു. വിപ്ലവം വിജയിപ്പിക്കുന്നതിനായി സാധാരണജനങ്ങളെ ആയുധമണിയിക്കാൻ മുതലാളിവർഗ്ഗം നിർബന്ധിതരായി. അതിന്റെ ഫലമായി, തങ്ങളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി ശബ്ദമുയർത്താൻ സാധാരണജനങ്ങൾക്കും അവസരം കിട്ടി. അവർ രാഷ്ട്രത്തിന്റെ കാര്യങ്ങളിൽ സായുധമായി ത്തന്നെ പങ്കെടുക്കുവാൻ തുടങ്ങി. ഇതിനോടു പക്ഷേ മുതലാളിവർഗ്ഗത്തിന് യോജിപ്പുണ്ടായിരുന്നില്ല. അധികാരം പിടിച്ചെടുത്തതിനുശേഷം വിപ്ലവത്തിന്റെ പാതയിൽതുടരുവാൻമുതലാളിത്തത്തിന് താത്പര്യമുണ്ടായില്ല. പക്ഷേ, ഭൂരിഭാഗം വരുന്ന അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ ഉൾപ്പെടുന്ന ആയുധമണിഞ്ഞ ജനങ്ങളെ സംബന്ധിച്ചിടത്തോളം, വിപ്ലവത്തിന്റെ തുടർന്നുള്ള പുരോഗതി കാണുവാനായിരുന്നു ആഗ്രഹം. അപ്പോൾ ഒരു വൈരുദ്ധ്യം ഉടലെടുത്തു. തന്നെയുമല്ല, ജന്മിത്ത സംവിധാനത്തെ ഫ്രാൻസിലെ മുതലാളിത്തം തകർത്തെറിഞ്ഞുവെങ്കിലും അതിന്റെ അവശിഷ്ടങ്ങളെ പൂർണ്ണമായും നിഷ്കാസനം ചെയ്യുന്നതിൽ അവർ പരാജയപ്പെട്ടു. സ്വയം ദൃഢീകരിക്കുന്നതിലും, മുതലാളിത്തത്തിൽ തന്നെയുള്ള ആന്തരികവൈരുദ്ധ്യങ്ങളെ പരിഹരിക്കുന്നതിലും മുതലാളിവർഗ്ഗം പരാജയപ്പെട്ടു. ഈ കോലാഹലങ്ങൾക്കിടയിലാണ്, 1800-ൽ നെപ്പോളിയൻ ബോണപ്പാർട്ട് ഭരണത്തിലെത്തുന്നതും, ഒരു ഭരണഘടനാധിഷ്ഠിത ജന്മിത്ത-മുതലാളിത്ത ഭരണം (അതായത്, ഉയർന്നുവന്ന മുതലാളിത്ത ഉള്ളടക്കം കൈവിടാതെ തന്നെ, എന്നാൽ ജന്മിത്ത സ്വാധീനത്തിന് പ്രാമുഖ്യമുള്ള ഭരണം) കൊണ്ടു വരുന്നതും. 1815-ലെ വാട്ടർലൂ യുദ്ധത്തിൽ നെപ്പോളിയൻ പരാജയപ്പെട്ടതിനു ശേഷം കുറച്ചുകാലം അനിശ്ചിതാവസ്ഥ നിലനിന്നു. അക്കാലത്ത്, കുടിൽ വ്യവസായങ്ങൾ എണ്ണത്തിൽ കൂടുതലായിരുന്ന ഫ്രാൻസിൽ, മറ്റു യൂറോപ്പ്യൻ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വ്യവസായ വികസനം വളരെ മന്ദഗതിയിലായിരുന്നു. 1830ലെ വിപ്ലവത്തിലൂടെ ചാൾസ് പത്താമനെ പുറത്താക്കി, ലൂയി ഫിലിപ്പിനെ 'പൗരരാജാവായി' അധികാരമേറ്റുമ്പോൾ, 'മുതലാളിത്ത രാജഭരണമെന്ന്' മാർക്സ് വിളിച്ച ഭരണം ഉദയം ചെയ്തു. 1830 മുതൽ 1848 വരെയുള്ള ലൂയി ഫിലിപ്പിന്റെ ഭരണകാലത്ത്, പുതുസാങ്കേതികവിദ്യ ഉപയോഗിച്ചു കൊണ്ട് ഫ്രാൻസിലെ വ്യവസായവികാസത്തിന് വേഗം കൈവരിച്ചു. മത്സരാധിഷ്ഠിതമായ അന്താരാഷ്ട്ര മുതലാളിത്ത കമ്പോളത്തിലെ ശക്തരായ ഒരു മത്സരാർത്ഥിയായി ഫ്രാൻസും മാറി. വൻവ്യവസായങ്ങൾ സ്ഥാപിച്ചപ്പോൾ തൊഴിലാളികളുടെ എണ്ണവും വർദ്ധിച്ചു. ഫാക്ടറികളിൽ പണിയെടുക്കാനായി ഗ്രാമങ്ങളിൽനിന്നും ആളുകൾ നഗരങ്ങളിലേക്ക് വൻതോതിൽ നീങ്ങി. ബാങ്കിങ്ങ്മേഖലയും പുഷ്ടിപ്പെട്ടു. പക്ഷേ, ഇതോടൊപ്പം തന്നെ മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും തമ്മിലുള്ള വൈരുദ്ധ്യവും രൂക്ഷമായി. ഏംഗൽസ് ചൂണ്ടിക്കാണിച്ചതു പോലെ, "...1789 മുതലുള്ള ഫ്രാൻസിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ വികാസം മൂലം കഴിഞ്ഞ 50 വർഷങ്ങൾ കൊണ്ട് പാരീസ് നേടിയെടുത്ത ഒരു സ്ഥാനമുണ്ട്. സ്വന്തം ചോര നൽകി വിജയം നേടുകയും, വിജയത്തിനു ശേഷം തങ്ങളുടെ ആവശ്യങ്ങളുമായി മുന്നോട്ടു വരികയും ചെയ്യുന്ന തൊഴിലാളിവർഗ്ഗമില്ലാതെ അവിടെ ഒരു വിപ്ലവവും പൊട്ടിപ്പുറപ്പെടുക സാധ്യമല്ല എന്ന സ്ഥിതി വന്നു. ഈ പ്രത്യേക കാലഘട്ടത്തിൽ പാരീസിലെ തൊഴിലാളികൾ ആർജ്ജിച്ച വികാസത്തിന്റെ അവസ്ഥയ്ക്ക് അനുസൃതമായി, ഈ ആവശ്യങ്ങൾ പലപ്പോഴും അവ്യക്തവും ചിലപ്പോഴൊക്കെ ആശയക്കുഴപ്പമുള്ളതുമായിരുന്നുവെങ്കിലും, ആത്യന്തികമായി അതെല്ലാം മുതലാളിമാരും തൊഴിലാളികളും തമ്മിലുള്ള വർഗ്ഗവൈരത്തിന് അന്തിമപരിഹാരം എന്ന അർത്ഥം കൈവരിച്ചു. ഇതെങ്ങനെ നടപ്പിൽ വരുത്താമെന്നത് ആർക്കും അറിയില്ല എന്നത് സത്യമാണ്. പക്ഷേ, ആവശ്യം എന്നതിനുള്ളിൽ തന്നെ, അതെത്രത്തോളം അനിശ്ചിതത്വത്തിൽ പൊതിഞ്ഞു പിടിച്ചാലും, അതിനുള്ളിൽ നിലവിലെ സമൂഹക്രമത്തിനെതിരേയുള്ള ഭീഷണി ഉൾച്ചേർന്നിരുന്നു. അതു മുന്നോട്ടു വെച്ച തൊഴിലാളികൾ അപ്പോഴും ആയുധമണിഞ്ഞിരുന്നു. അതുകൊണ്ട്, തൊഴിലൊളികളെ നിരായുധീകരിക്കുകയെന്നത് അപ്പോഴും രാഷ്ട്രത്തിന്റെ അധികാരസ്ഥാനത്തുണ്ടായിരുന്ന മുതലാളിവർഗ്ഗത്തിന്റെ ആദ്യ കൽപ്പനയായിരുന്നു." (ഫ്രാൻസിലെ ആഭ്യന്തരയുദ്ധം എന്ന ഗ്രന്ഥത്തിനുള്ള ആമുഖത്തിൽ നിന്ന്)

1848 ഫെബ്രുവരിയിൽ ലൂയി ഫിലിപ്പ് ഭരണത്തിനെതിരെ ഒരു പ്രക്ഷോഭവേലിയേറ്റമുണ്ടായി. വീണ്ടും ഏംഗൽസിന്റെ വാക്കുകളിൽ നിന്ന്, "പാർലമെന്ററി പ്രതിപക്ഷത്തിന്റെ ഭാഗമായ ലിബറൽ ബൂർഷ്വാസി, വോട്ടവകാശ പരിഷ്ക്കരണം ഉറപ്പാക്കുന്നതിനായി വിരുന്നുസൽക്കാരങ്ങൾ നടത്തി. അവരുടെ പാർട്ടിക്ക് മേൽക്കോയ്മ ഉറപ്പാക്കുന്നതിനു വേണ്ടിയായിരുന്നു ഇത്. സർക്കാരുമായുള്ള അവരുടെ സംഘർഷത്തിന്റെ സമ്മർദ്ദം വർദ്ധിച്ചപ്പോൾ ബൂർഷ്വാസിയുടേയും പെറ്റിബൂർഷ്വാസിയുടേയും റാഡിക്കലും റിപ്പബ്ലിക്കനുമായവരുടെ നിരയ്ക്ക് മുൻഗണന നൽകേണ്ടി വന്നു. പക്ഷേ, ഇവർക്ക് പിന്നിൽ വിപ്ലവകാരികളായ തൊഴിലാളികൾ ഉണ്ടായിരുന്നു. 1830 മുതൽ, ബൂർഷ്വാസിയേയും, റിപ്പബ്ലിക്കന്മാരേയുംകാൾ അപ്പുറം രാഷ്ട്രീയസ്വാതന്ത്ര്യം അവർ നേടിയിരുന്നുവെന്ന് കരുതണം. സർക്കാരിനും പ്രതിപക്ഷത്തിനും ഇടയിലുള്ള പ്രതിസന്ധിയുടെ ഘട്ടത്തിൽ തൊഴിലാളികൾ തെരുവുയുദ്ധം ആരംഭിച്ചു. ലൂയി ഫിലിപ്പും ഒപ്പം വോട്ടവകാശ പരിഷ്ക്കരണവും അപ്രത്യക്ഷമായി. അതിന്റെ സ്ഥാനത്ത് ഒരു റിപ്പബ്ലിക് ഉയർന്നു വന്നു; വിജയികളായ തൊഴിലാളികൾ തന്നെ പേരിട്ടതു പോലെ ഒരു സോഷ്യൽ റിപ്പബ്ലിക്. ഈ സോഷ്യൽ റിപ്പബ്ലിക് എന്നാൽ എന്താണ് അർത്ഥമാക്കുന്നത് എന്നത് പക്ഷേ ആർക്കും വ്യക്തമല്ലായിരുന്നു, തൊഴിലാളികൾക്കു പോലും. പക്ഷേ അവർക്കിപ്പോൾ ആയുധങ്ങളുണ്ട്, രാഷ്ട്രത്തിലെ ഒരു അധികാരശക്തിയായി അവർ മാറിയിരിക്കുന്നു. അതുകൊണ്ട്, കാര്യങ്ങൾ നിയന്ത്രണത്തിലാക്കിയ ബൂർഷ്വാ റിപ്പബ്ലിക്കന്മാർ തങ്ങളുടെ നില ഭദ്രമാക്കിക്കഴിഞ്ഞപ്പോൾ കണ്ട ഒന്നാമത്തെ ലക്ഷ്യം, തൊഴിലാളികളെ നിരായുധീകരിക്കുക എന്നതായിരുന്നു. 1848 ജൂണിൽ തുറന്ന വിശ്വാസവഞ്ചനയിലൂടെ ഒരു കലാപത്തിലേക്ക് അവരെ തള്ളിവിട്ടുകൊണ്ടായിരുന്നു ഇത് നടപ്പായത്. ... അഞ്ചു ദിവസത്തെ വീരോചിതമായ പോരാട്ടത്തിനൊടുവിൽ തൊഴിലാളികൾ പരാജയപ്പെട്ടു. പിന്നീടുണ്ടായത്, റോമാ റിപ്പബ്ലിക്കിന്റെ തകർച്ചയുടെ ദിനങ്ങൾക്കു ശേഷം കണ്ടിട്ടില്ലാത്ത തരത്തിൽ, നിരായുധരായ തടവുകാർക്കിടയിൽ നടത്തിയ കൂട്ടക്കൊലയാണ്."

1848 ഫെബ്രുവരി 25ന്, മുന്നേയുണ്ടായിരുന്ന രാജഭരണത്തെ പിഴുതെറിഞ്ഞുകൊണ്ട് ഫ്രാൻസിൽ മുതലാളിത്ത റിപ്പബ്ലിക് സ്ഥാപിക്കുകയും ലൂയി ബോണപ്പാർട്ടിനെ ഭരണാധികാരത്തിൽ കുടിയിരുത്തുകയും ചെയ്തു. ലൂയി ബോണപ്പാർട്ടിന്റെ ഈ ഭരണത്തെക്കുറിച്ച് മഹാനായ മാർക്സ് പറഞ്ഞത്: "മുതലാളിവർഗ്ഗത്തിന്റെ ഒരു വിഭാഗം രാജാവിനെ മുൻനിർത്തി ഭരിച്ചിരുന്നു. ഇപ്പോൾ മുതലാളിവർഗ്ഗം ജനങ്ങളെ മുൻനിർത്തിക്കൊണ്ട്, ബൂർഷ്വ ജനാധിപത്യം സ്ഥാപിച്ചിരിക്കുന്നു." (ലൂയി നെപ്പോളിയന്റെ പതിനെട്ടാം ബ്രൂമിയർ) പക്ഷേ, അധ്വാനിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇടക്കാലസർക്കാരിനു പകരം വന്ന തെരഞ്ഞെടുക്കപ്പെട്ട റിപ്പബ്ലിക്കും ജനവിരുദ്ധ മുതലാളിത്ത സർക്കാരാണെന്ന് മനസ്സിലാക്കാൻ അധികസമയം വേണ്ടിവന്നില്ല. പിന്നിടുന്ന ഓരോ ദിനവും മുതലാളിത്ത ചൂഷണത്തെ വർധിപ്പിച്ചു. പട്ടിണിയും തൊഴിലില്ലായ്മയും ക്രമമായി വർധിച്ചു കൊണ്ടേയിരുന്നു. അതുകൊണ്ട്, തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളോടു, സർക്കാർ പ്രതികരിച്ചത് നിലനിന്ന തൊഴിലവകാശങ്ങൾ തന്നെ വെട്ടിച്ചുരുക്കിക്കൊണ്ടാണ്. അത് തൊഴിലാളികളെ രോഷാകുലരാക്കുകയും വ്യാപകമായ ചെറുത്തുനിൽപ്പ് വളരാൻ തുടങ്ങുകയും ചെയ്തു. അങ്ങനെ തൊഴിലാളികൾക്കിടയിൽ അടിഞ്ഞുകൂടിയ പ്രതിഷേധം, പ്രതിരോധപ്രക്ഷോഭത്തിന്റെ രൂപത്തിലോ കലാപമായോ പൊട്ടിത്തെറിച്ചു തുടങ്ങുകയും, പാരീസിലെ തെരുവുകളിൽ ആയിരങ്ങൾ പ്രതിഷേധമാർച്ചുകളിൽ അണിചേരുകയും ചെയ്തു.

1848 ജൂൺ 22 എന്ന ദിവസം തൊഴിലാളികളുടെ ധീരതയുടെ ദൃക്സാക്ഷിയായി. മാർക്സ് വിശദീകരിച്ചതു പോലെ: "ലൂയി ഫിലിപ്പിന്റെ മുതലാളിത്ത രാജഭരണത്തെ തുടർന്ന് ഒരു മുതലാളിത്ത റിപ്പബ്ലിക്ക് വരാനേ സാധ്യതയുള്ളൂ. അതായത്, മുതലാളിവർഗ്ഗത്തിന്റെ ഒരു ചെറുവിഭാഗം രാജാവിന്റെ പേരിൽ ഭരിക്കുന്നതിനു പകരം, മുതലാളിവർഗ്ഗം ഒന്നാകെ ഇനി ജനങ്ങളുടെ പേരിൽ ഭരിക്കും. പാരീസിലെ തൊഴിലാളിവർഗ്ഗത്തിന്റെ ആവശ്യങ്ങൾ ഉട്ടോപ്യൻ അസംബന്ധമാണ്, അതിന്

(ശേഷം 12-ാം പേജിൽ)

# ഫ്രാൻസിലെ മുതലാളിത്ത വികാസത്തോടൊപ്പം മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും തമ്മിലുള്ള വൈരുദ്ധ്യവും മൂർച്ഛിച്ചു

(11–ാം പേജിൽ നിന്ന്)

അവസാനം കുറിക്കേണ്ടതുണ്ട്. കോൺസ്റ്റിറ്റ്യൂവന്റ് നാഷണൽ അസംബ്ലിയുടെ ഈ പ്രഖ്യാപനത്തിന് പാരീസിലെ തൊഴിലാളിവർഗ്ഗം മറുപടി നൽകിയത് ജൂൺ പ്രക്ഷോഭത്തിലൂടെയാണ്. യൂറോപ്പിലെ ആഭ്യന്തരയുദ്ധങ്ങളുടെ ചരിത്രത്തിലെ ഏറ്റവും ബൃഹത്തായ ഒരു സംഭവമായിരുന്നു അത്. മുതലാളിത്ത റിപ്പബ്ലിക് വിജയശ്രീലാളിതരായി. ധനപ്രഭുക്കന്മാരും വ്യവസായമുതലാളിമാരും മധ്യവർഗ്ഗവും പെറ്റിബൂർഷ്വകളും സൈന്യവും, മൊബൈൽ ഗാർഡുകൾ എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ട വർഗ്ഗബോധമില്ലാത്ത തൊഴിലാളികളും, ബൗദ്ധികപ്രമുഖരും, പുരോഹിതവർഗ്ഗവും ഗ്രാമീണജനതയുമെല്ലാം അതിനോടൊപ്പം ചേർന്നുനിന്നു. പാരീസിലെ തൊഴിലാളിവർഗ്ഗത്തോടൊപ്പം നിൽക്കാൻ മറ്റാരും ഉണ്ടായില്ല. ജൂൺ 22ന്, ജനങ്ങളുടെ ഒരു വിപ്ലവമുന്നേറ്റമുണ്ടായി. എതിരാളികളായ രണ്ട് പ്രധാന വർഗ്ഗങ്ങളും – മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും, പോർക്കളത്തിൽ മുഖാമുഖം വന്നു... വിജയത്തിനു ശേഷം 3000ൽ അധികം പ്രക്ഷോഭകരെ നിഷ്ഠൂരം കൊലചെയ്യുകയും 15,000 പേരെ വിചാരണ കൂടാതെ നാടുകടത്തുകയും ചെയ്തു. ഈ പരാജയത്തോടെ, വിപ്ലവത്തിന്റെ അരങ്ങിലെ പിന്നണിയിലേക്ക് തൊഴിലാളിവർഗ്ഗത്തിന് പിൻവാങ്ങേണ്ടി വന്നു... ജൂൺ കലാപത്തിന്റെ പരാജയത്തോടെ, മുതലാളിത്ത റിപ്പബ്ലിക് സ്ഥാപിച്ച് പടുത്തുയർത്തുവാനുള്ള നിലമൊരുക്കൽ കൂടി നടന്നു. പക്ഷേ അതേ സമയം തന്നെ, യൂറോപ്പിൽ, രാജഭരണം വേണോ റിപ്പബ്ലിക് വേണോ എന്നതിനപ്പുറത്തെ വിഷയങ്ങളിലുള്ള ചോദ്യങ്ങളുമുണ്ടെന്നും അത് വെളിവാക്കി തന്നു. മുതലാളിത്ത റിപ്പബ്ലിക് എന്നത് ഒരു വർഗ്ഗം മറ്റു വർഗ്ഗങ്ങൾക്കു മേൽ നടത്തുന്ന അനിയന്ത്രിതമായ സ്വേച്ഛാധിപത്യത്തേയാണ് അർത്ഥമാക്കുന്നതെന്ന് അത് വെളിപ്പെടുത്തി...." (ലൂയി ബോണപാർട്ടിന്റെ പതിനെട്ടാം ബ്രൂമിയർ) സംഭവങ്ങളിൽ പിന്നീടുണ്ടായ വഴിത്തിരിവിന്റെ ദൃശ്യം ഏംഗൽസിന്റെ വാക്കുകളിൽ കാണാം: "മുതലാളിത്തത്തിനെതിരേ, തങ്ങളുടേതായ താത്പര്യങ്ങളും ആവശ്യങ്ങളുമുള്ള ഒരു പ്രത്യേക വർഗ്ഗമായി നിലകൊള്ളാൻ തൊഴിലാളിവർഗ്ഗം ധൈര്യം കാണിക്കുന്ന നിമിഷം, പ്രതികാരത്തോടു കൂടി എത്രത്തോളം ഭ്രാന്തമായ ക്രൂരതകളാണ് തങ്ങൾക്കു പുറത്തെടുക്കാനാവുകയെന്നത് മുതലാളിത്തം അന്നാണ് ആദ്യമായി പ്രദർശിപ്പിച്ചത്. ... ഫ്രാൻസിനെ ഭരിക്കാൻ തൊഴിലാളി വർഗ്ഗത്തിന് ഇനിയും സാധ്യമായിട്ടില്ലെങ്കിൽ മുതലാളിത്തത്തിനും അത് സാധ്യമാവുകയില്ല. അവരുടെ (മുതലാളിവർഗ്ഗത്തിന്റെ) ഇടയിലെ ആഭ്യന്തരഭിന്നതകളാണ്, സൈന്യം, പൊലീസ്, ഭരണയന്ത്രം എന്നിവയടക്കമുള്ള എല്ലാ അധികാരസ്ഥാനങ്ങളും കൈയ്യടക്കുവാൻ ലൂയി ബോണപാർട്ടിന് അവസരമൊരുക്കിയത്. 1851 ഡിസംബർ 2ന് മുതലാളിത്തത്തിന്റെ അവസാന ആശ്രയമായിരുന്ന ദേശീയ അസംബ്ലിയും തകർന്നു. ഒരു പറ്റം രാഷ്ട്രീയ–സാമ്പത്തിക സാഹസികർ ഫ്രാൻസിനെ ചൂഷണം ചെയ്യുന്നതും, അതേസമയം തന്നെ, വൻകിട മുതലാളിമാരിലെ ഒരു ചെറിയ വിഭാഗത്തിനു മാത്രം ആധിപത്യമുണ്ടായിരുന്ന, ലൂയി ഫിലിപ്പിന്റെ സങ്കുചിത മനോഭാവവും ഭീരുത്വവും നിറഞ്ഞ ഭരണസംവിധാനത്തിനു കീഴിൽ ഒരിക്കലും സാധ്യമാവാത്ത തരത്തിലുള്ള വ്യവസായവികസനത്തോടെയുള്ള രണ്ടാം സാമ്രാജ്യത്തിന് ആരംഭം കുറിച്ചു. തൊഴിലാളികളിൽ നിന്നും മുതലാളിവർഗ്ഗത്തെ സംരക്ഷിക്കുമെന്നും, മറുവശത്ത് മുതലാളിമാരിൽ നിന്നും തൊഴിലാളികളേയും സംരക്ഷിക്കുമെന്ന ധാരണ നൽകി, മുതലാളിമാരിൽ നിന്നും ലൂയി ബോണപ്പാർട്ട് രാഷ്ട്രീയ അധികാരം ഏറ്റെടുത്തു. പക്ഷേ പകരമായി അദ്ദേഹത്തിന്റെ ഭരണം ഊഹക്കച്ചവടത്തെയും വ്യവസായ പ്രവർത്തനത്തെയും പ്രോത്സാഹിപ്പിക്കുകയാണ് ഉണ്ടായത് – ചുരുക്കിപ്പറഞ്ഞാൽ നാളിതുവരെ അജ്ഞാതമായിരുന്ന അളവിൽ മുഴുവൻ മുതലാളിത്തത്തേയും അത് ഉയർത്തിയെടുക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തു." (ഫ്രാൻസിലെ ആഭ്യന്തരയുദ്ധത്തിനുള്ള മുഖവുര എന്ന ഗ്രന്ഥത്തിൽ നിന്ന്)

**1789ലാണ് ഫ്രാൻസിൽ മുതലാളിത്ത ജനാധിപത്യ വിപ്ലവം നടന്നത്... വിപ്ലവത്തിന്റെ നേതൃത്വം മുതലാളിവർഗ്ഗത്തിന്റെ കൈകളിലായിരുന്നുവെങ്കിലും തൊഴിലാളിവർഗ്ഗമാണ് അതിനെ വിജയത്തിലെത്തിച്ചത്... അധികാരം പിടിച്ചെടുത്തതിനുശേഷം വിപ്ലവത്തിന്റെ പാതയിൽ തുടരുവാൻ മുതലാളിത്തത്തിന് താത്പര്യമുണ്ടായില്ല. പക്ഷേ, ഭൂരിഭാഗം വരുന്ന അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ ഉൾപ്പെടുന്ന ആയുധമണിഞ്ഞ ജനങ്ങളെ സംബന്ധിച്ചിടത്തോളം, വിപ്ലവത്തിന്റെ തുടർന്നുള്ള പുരോഗതി കാണുവാനായിരുന്നു ആഗ്രഹം. അപ്പോൾ ഒരു വൈരുദ്ധ്യം ഉടലെടുത്തു.**

1851 മുതൽ 1868 വരെയുള്ള 17 വർഷം, അതായത്, നെപ്പോളിയൻ മൂന്നാമൻ എന്ന പേരു മാറ്റിയ ലൂയി ബോണപാർട്ടിന്റെ ഭരണകാലത്ത് ഫ്രാൻസിലെ അവസ്ഥ മോശമായിക്കൊണ്ടേയിരുന്നു. മുതലാളിത്തത്തിലെ പ്രതിസന്ധി വ്യക്തമായി തെളിഞ്ഞുവന്നു. അതു മൂലം വിവിധ രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തിന്റേയും മധ്യവർഗ്ഗത്തിന്റേയും സാഹചര്യം കൂടുതൽ വഷളാവുകയായിരുന്നു. ലാഭമുണ്ടാക്കാൻ ആഗ്രഹിച്ച മുതലാളിത്തത്തിനു പോലും ഈ ലാഭമുണ്ടാക്കൽ വളരെ ബുദ്ധിമുട്ടായി തീർന്നു. മുതലാളിത്ത ജനാധിപത്യ വിപ്ലവത്തിനു ശേഷം ഫ്രാൻസ് കടന്നുപോയ 80 വർഷങ്ങളെ വിലയിരുത്തിക്കൊണ്ട് ഏംഗൽസ് പറഞ്ഞു: "ലോകത്ത് മറ്റേതൊരു രാജ്യത്തേക്കാളും ഫ്രാൻസിലാണ് ചരിത്രപരമായ വർഗ്ഗസമരങ്ങൾ ഒരു നിർണ്ണായക പരിസമാപ്തി വരേയും പൊരുതിയിരുന്നത്. തൽഫലമായി അവിടെയാണ്, അതിന്റെ ഫലങ്ങൾ സംഗ്രഹിക്കപ്പെട്ട, മാറിയ രാഷ്ട്രീയരൂപങ്ങൾ, അവയുടെ കൃത്യമായ രൂപരേഖയോടെ പതിഞ്ഞിട്ടുള്ളത്. മധ്യകാലത്തെ ജന്മിത്തത്തിന്റെ കേന്ദ്രം. നവോത്ഥാനത്തിനു ശേഷം സാമൂഹിക ശ്രേണികളുടെ അടിസ്ഥാനത്തിലുള്ള ഏകീകൃത രാജഭരണത്തിന്റെ മാതൃക. മഹാവിപ്ലവത്തിൽ ഫ്രാൻസ് ജന്മിത്തത്തെ തകർത്തെറിയുകയും, യൂറോപ്പിലെ മറ്റൊരു ദേശത്തിനും കിടപിടിക്കാൻ ആവാത്തവണ്ണമുള്ള ശുദ്ധിയോടെ മുതലാളിത്തഭരണം സ്ഥാപിക്കുകയും ചെയ്തു. മറ്റൊരിടത്തും കണ്ടിട്ടില്ലാത്തവണ്ണം ഭരണമുതലാളിവർഗ്ഗത്തിനെതിരേ പ്രത്യാശാഭരിതമായ തൊഴിലാളിവർഗ്ഗത്തിന്റെ പോരാട്ടവും തീക്ഷ്ണമായ രൂപത്തിൽ ഇവിടെയാണ് ദൃശ്യമായത്. അതു കാരണമാണ്, ഫ്രാൻസിന്റെ ചരിത്രം പ്രത്യേക അഭിരുചിയോടെ മാർക്സ് പഠിച്ചുവെന്ന മാത്രമല്ല, എല്ലാ സൂക്ഷ്മ വിവരത്തോടും കൂടി അതിന്റെ വർത്തമാനചരിത്രത്തേയും പിന്തുടരുന്നതും, ഭാവിയിലെ ഉപയോഗത്തിനായി സാമഗ്രികൾ ശേഖരിച്ചതും. അതുകൊണ്ടു തന്നെ, സംഭവവികാസങ്ങൾ അദ്ദേഹത്തെ ഒട്ടും അത്ഭുതപ്പെടുത്തിയില്ല." (മാർക്സിന്റെ ലൂയി നെപ്പോളിയന്റെ പതിനെട്ടാം ബ്രൂമിയറിനുള്ള ആമുഖത്തിൽ നിന്നും)

തൊഴിലാളിവർഗ്ഗത്തിനു മേലേയുള്ള തങ്ങളുടെ ചൂഷണം വർധിപ്പിക്കുന്നതിനോടൊപ്പം തന്നെ, ഭൂഖണ്ഡത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കു കൂടി തങ്ങളുടെ ആധിപത്യം വ്യാപിപ്പിക്കാൻ ഫ്രാൻസിലെ മുതലാളിവർഗ്ഗം ആഗ്രഹിച്ചു.




1848 മുതൽ 1851 അവസാനം വരെ ലൂയി നെപ്പോളിയൻ ബോണപ്പാർട്ട് എന്ന പേരിൽ ഫ്രാൻസിന്റെ ആദ്യ പ്രസിഡന്റായിരിക്കുകയും, പിന്നീട് ഒരു അട്ടിമറിയിലൂടെ 1851 മുതൽ 1870 വരെ രണ്ടാം ഫ്രഞ്ച് ചക്രവർത്തിയായി സ്വയം അവരോധിക്കുകയും ചെയ്ത നെപ്പോളിയൻ മൂന്നാമൻ കൈക്കൊണ്ട നടപടികളിലും, സ്വീകരിച്ച നയങ്ങളിലും, ഭരണമുതലാളിവർഗ്ഗത്തിന്റെ ഈ അഭിവാഞ്ഛ വ്യക്തമായിരുന്നു. പക്ഷേ, ഫ്രഞ്ച് മുതലാളിത്തത്തിന്റെ ഈ വികസനസ്വപ്നത്തിനു മുന്നിലെ പ്രധാന തടസ്സം, തുല്യശക്തിയായി തൊട്ടയലത്ത് ഉണ്ടായിരുന്ന, ബിസ്മാർക്കിനു കീഴിലെ പ്രഷ്യ ആയിരുന്നു. അന്ന് ബിസ്മാർക്ക് ജർമ്മനിയുടെ ഏകീകരണത്തിൽ മുഴുകിയിരിക്കുകയായിരുന്നു. അതുകൊണ്ട്, തങ്ങളുടെ സ്വാധീനമേഖല വർധിപ്പിക്കണമെങ്കിൽ, പ്രഷ്യയോട് യുദ്ധം പ്രഖ്യാപിക്കുകയല്ലാതെ ഫ്രാൻസിനു മുന്നിൽ മറ്റു വഴികളില്ലായിരുന്നു. അതിനാൽ, നെപ്പോളിയൻ മൂന്നാമൻ തീവ്രദേശീയവാദം ആളിക്കത്തിക്കാൻ ആരംഭിക്കുകയും, 1870 ജൂലൈ 16ന്, പ്രഷ്യക്കെതിരേ യുദ്ധമാരംഭിക്കാനുള്ള പ്രമേയം ഫ്രഞ്ച് പാർലമെന്റിൽ കൊണ്ടുവരികയും ചെയ്തു.

പക്ഷേ ഈ യുദ്ധപദ്ധതിയെ ഫ്രഞ്ച് തൊഴിലാളിവർഗ്ഗം എതിർത്തു. 'സർവ്വരാജ്യങ്ങളിലേയും തൊഴിലാളിവർഗ്ഗത്തോട്' എന്ന തലക്കെട്ടിലുള്ള ലഘുലേഖയിൽ ഈ യുദ്ധാഹ്വാനത്തിനെതിരേ ശബ്ദമുയർത്തുവാൻ തങ്ങളുടെ എല്ലാ സഹോദരരോടും അവർ ആവശ്യപ്പെട്ടു. ഒന്നാം ഇന്റർനാഷണലിന്റെ ബർലിൻ യൂണിറ്റ് പൂർണ്ണമനസ്സോടെ ഈ ആഹ്വാനത്തോട് പ്രതികരിക്കുകയും, ഒരു യുദ്ധകാഹളത്തിനും, ഒരു പീരങ്കിയൊച്ചക്കും ഒരു ജയത്തിനും ഒരു പരാജയത്തിനും, തൊഴിലാളിവർഗ്ഗ സാർവ്വദേശീയത എന്ന ലക്ഷ്യത്തിൽ നിന്നും തങ്ങളെ വ്യതിചലിപ്പിക്കാനാവില്ല എന്നവർ ഉറപ്പ് നൽകി. പക്ഷേ, തൊഴിലാളികളുടെ എല്ലാ പ്രതിഷേധങ്ങളേയും അവഗണിച്ചുകൊണ്ട്, 1870 ജൂലൈ 2ന്, നെപ്പോളിയൻ മൂന്നാമൻ പ്രഷ്യക്കെതിരേ യുദ്ധം പ്രഖ്യാപിച്ചു. ഫ്രഞ്ച് സൈന്യം പ്രഷ്യൻ ഭൂമിയിൽ അതിക്രമിച്ചു കടന്നപ്പോൾ അവർക്ക് പ്രഷ്യൻ സൈന്യത്തിൽ നിന്നും കടുത്ത പ്രത്യാക്രമണം നേരിടേണ്ടിവന്നു. ഏറെത്താമസിയാതെ സെപ്റ്റംബർ 2ന്, പ്രഷ്യൻ സൈനികശക്തിയിൽ നിന്നും നെപ്പോളിയൻ മൂന്നാമന്റെ സൈന്യത്തിന് കടുത്ത പരാജയമേറ്റുവാങ്ങേണ്ടി വന്നു. പ്രഷ്യൻ സേന നെപ്പോളിയൻ മൂന്നാമനെ തടവുകാരനാക്കുകയും, ഫ്രാൻസിലെ നെപ്പോളിയൻ മൂന്നാമന്റെ ഭരണം അവസാനിക്കുകയും ചെയ്തു.

### നെപ്പോളിയൻ മൂന്നാമന് ശേഷമുള്ള ഫ്രാൻസ്

നെപ്പോളിയൻ മൂന്നാമന്റെ പതനത്തിനു ശേഷം സാമ്രാജ്യം ഒരു ചീട്ടുകൊട്ടാരം പോലെ തകർന്നു. 1870ൽ ഫ്രഞ്ച് ജനത വീണ്ടും റിപ്പബ്ലിക് പ്രഖ്യാപിച്ചു. പക്ഷേ, കുപ്രസിദ്ധനായ തിയേഴ്സ് എന്നയാളായിരുന്നു റിപ്പബ്ലിക്കിന്റെ തലപ്പത്ത് വന്നത്. മാർക്സ് അയാളെ വിശേഷിപ്പിച്ചത് ഇങ്ങനെയായിരുന്നു: "പൈശാചിക സ്വഭാവിയായ അയാൾ അരനൂറ്റാണ്ടിലേറെയായി ഫ്രഞ്ച് മുതലാളിത്തത്തെ വശീകരിച്ചിരുന്നു. കാരണം അവരുടെ തന്നെ വർഗ്ഗദുഷിപ്പിന്റെ സമ്പൂർണ്ണമായ ബൗദ്ധികപ്രകാശനമായിരുന്നു അയാൾ. ഒരു രാഷ്ട്രതന്ത്രജ്ഞനായി മാറുന്നതിനു മുമ്പ് തന്നെ, ചരിത്രകാരനായി ചമഞ്ഞ് കള്ളം പറയാനുള്ള തന്റെ ശേഷി അയാൾ തെളിയിച്ചിരുന്നു. ... ചെറുകിട തെമ്മാടിത്തരങ്ങളുടെ നായകൻ, കള്ളസാക്ഷ്യങ്ങളുടെയും വഞ്ചനയുടേയും ഉപാസകൻ, തരംതാണ തന്ത്രങ്ങളുടെയും കപടവിദ്യകളുടേയും പാർലമെന്ററി പാർട്ടി പോരാട്ടങ്ങളിലെ വിശ്വാസവഞ്ചനകളുടേയും ശിൽപി; അധികാരമില്ലാത്തപ്പോൾ വിപ്ലവത്തിനു തിരികൊളുത്താനും, അധികാരമേൽക്കുമ്പോൾ അതേ പോരാട്ടത്തെ ചോരയിൽ മുക്കിക്കൊല്ലാനും ഒരു ചാഞ്ചല്യവുമില്ലാത്തയാൾ; ആശയങ്ങളുടെ സ്ഥാനത്ത് വർഗ്ഗമുൻവിധികളെയും, ഹൃദയത്തിന്റെ സ്ഥാനത്ത് ദുരഭിമാനവും മുന്നിൽ നിർത്തുന്നയാൾ; പൊതുജീവിതം പോലെ തന്നെ കുപ്രസിദ്ധമായ സ്വകാര്യജീവിതവും വെറുപ്പുളവാക്കുന്നതായിരുന്നു." ('ഫ്രാൻസിലെ ആഭ്യന്തരയുദ്ധം') സമ്പത്തിനോടുള്ള ആർത്തിയും അത് സൃഷ്ടിക്കുന്ന മനുഷ്യരോടുള്ള വെറുപ്പുമായിരുന്നു തിയേഴ്സിൽ സ്ഥിരതയോടെ ഉണ്ടായിരുന്നത്. ലൂയി ഫിലിപ്പിനു കീഴിലുള്ള തന്റെ ആദ്യമന്ത്രിസഭയിൽ ദരിദ്രനായി പ്രവേശിച്ച അദ്ദേഹം കോടീശ്വരനായാണ് പുറത്തിറങ്ങിയത്. അതുകൊണ്ട്, പിന്നീട് സ്ഥാപിക്കപ്പെടുവാനുണ്ടായിരുന്ന പാരീസ് കമ്മ്യൂൺ നിലനിർത്തുവാനുള്ള ശ്രമങ്ങളെ തകർക്കുവാൻ ഏറ്റവും അനുയോജ്യനായ വ്യക്തിയെ തന്നെയാണ് പിന്തിരിപ്പൻ മുതലാളിത്തം തെരഞ്ഞെടുത്തതെന്ന്

(ശേഷം 13–ാം പേജിൽ)

# 1848ൽ സ്ഥാപിതമായ റിപ്പബ്ലിക്കിന്റെ ജനവിരുദ്ധ സ്വഭാവം വൈകാതെതന്നെ അദ്ധ്വാനിക്കുന്ന ജനങ്ങൾ മനസ്സിലാക്കി

*(12-ാം പേജിൽ നിന്ന്)*

വ്യക്തമാണ്.

തിയേഴ്സിനുകീഴിലുള്ളഫ്രാൻസിലെ മുതലാളിത്ത റിപ്പബ്ലിക്കിന് ആദ്യം തന്നെ, മുന്നേറി വരുന്ന പ്രഷ്യൻസൈന്യത്തെ പാരീസിൽ പ്രവേശിക്കുന്നതിൽ നിന്നും തടയണമായിരുന്നു. പക്ഷേ കരുത്തരായ പ്രഷ്യൻ സേനയെ പിന്നോട്ടടിക്കാൻ തക്കവണ്ണമുള്ള സൈനികശക്തി അവർക്കുണ്ടായിരുന്നില്ല. അതുകൊണ്ട്, തൊഴിലാളിവർഗ്ഗമടക്കമുള്ള ജനങ്ങൾക്ക് ആയുധം നൽകുകയെന്നതല്ലാതെ അവർക്കു വേറേ വഴിയുണ്ടായിരുന്നില്ല. ഏംഗൽസിന്റെ വാക്കുകളിൽ,"ഈ അടിയന്തിരഘട്ടത്തിൽ, ഒരു 'ദേശീയ പ്രതിരോധ സർക്കാർ' സ്വയം രൂപീകരിക്കാൻ മുൻ നിയമനിർമ്മാണസഭയിലെ പാരീസ് പ്രതിനിധികളെ ജനങ്ങൾ അനുവദിച്ചു. പ്രതിരോധത്തിന്റെ ആവശ്യങ്ങൾക്കായി പാരീസിലെ ആയുധമേന്താൻ ശേഷിയുള്ള എല്ലാവരും നാഷണൽ ഗാർഡിൽ ചേരുകയും ആയുധമണിയുകയും ചെയ്തു. അങ്ങനെ തൊഴിലാളികൾ അതിൽ മഹാഭൂരിപക്ഷമായി."(ഫ്രാൻസിലെ ആഭ്യന്തരയുദ്ധം എന്നകൃതിയുടെ ആമുഖം, 1891) പക്ഷേ ഒരു മുതലാളിത്ത സമൂഹത്തിൽ അധ്വാനശക്തിയും മൂലധനവും തമ്മിലുള്ള മുഖ്യവൈരുദ്ധ്യത്തിന്റെ ആവിഷ്ക്കരണമെന്നോണം മുതലാളിത്ത സർക്കാരും തൊഴിലാളിവർഗ്ഗവും തമ്മിൽതാത്പര്യസംഘർഷങ്ങൾ ഉടലെടുത്തു.

സാമൂഹികവികാസത്തിന്റെ നിയമങ്ങളും ചരിത്രത്തിന്റെ കർക്കശമായ ഗതിയും അനുസരിച്ചുള്ള അനിവാര്യതയായി മഹാനായ മാർക്സ് തെളിയിച്ചിട്ടുള്ളതുപോലെതന്നെ,മുതലാളിത്തവിരുദ്ധ തൊഴിലാളിവർഗ്ഗ വിപ്ലവം സംബന്ധിച്ച ദുഃസ്വപ്നങ്ങൾ വേട്ടയാടിക്കൊണ്ടിരുന്ന ഭരണമുതലാളിവർഗ്ഗത്തിന് തൊഴിലാളികളെ ബലമായി നിരായുധീകരിക്കണമെന്നുണ്ടായിരുന്നു. ഈ ശ്രമത്തിൽ വിജയിക്കുന്നതിനായി, ഫ്രഞ്ച് മുതലാളിത്ത സർക്കാരിന് എന്തുവില കൊടുത്തും പ്രഷ്യൻ അധികാരികളുമായി ഒരു ധാരണയിലെത്തേണ്ടത് അത്യാവശ്യമായിരുന്നു. മറുവശത്ത്, ഫ്രാൻസിൽ എന്തെങ്കിലും വിപ്ലവമുന്നേറ്റമുണ്ടാകാനുള്ള സാധ്യതയെ തകർത്തില്ലെങ്കിൽ, ജർമ്മനിയിലും അത് സമാനസാഹചര്യത്തിന് തിരികൊളുത്തുമെന്ന് തന്റെ മുതലാളിവർഗ്ഗ സഹജവാസന കൊണ്ട് തിരിച്ചറിയാൻ പ്രഷ്യൻ ഭരണത്തിന്റെ തലവനായിരുന്ന ബിസ്മാർക്കിനും സാധിച്ചു. വാസ്തവത്തിൽ, ജർമ്മനിയിലെ തൊഴിലാളിവർഗ്ഗവും ഫ്രഞ്ച് തൊഴിലാളികൾക്കൊപ്പം നിലകൊള്ളുകയും, ഫ്രഞ്ച് തൊഴിലാളികളുടെ വിമോചനത്തിനായുള്ള പോരാട്ടത്തിന് തുറന്നപിന്തുണ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട്, മെറ്റ്സ്, സെഡാൻ നഗരങ്ങളിൽ തടവിൽ പാർപ്പിച്ചിരുന്ന ഫ്രഞ്ച് സൈനികരെ സ്വതന്ത്രരാക്കി തിയേഴ്സിന് കൈമാറാമെന്ന് ബിസ്മാർക്ക് സമ്മതിച്ചു. അതുപോലെ, പാരീസിലെ സായുധരായ തൊഴിലാളിവർഗ്ഗം വിദേശസൈന്യത്തിനു മുന്നിൽ കീഴടങ്ങണമെന്ന് ആഗ്രഹിച്ച തീയേഴ്സ് സർക്കാരിന്റെ വ്യക്തമായ മൗനാനുവാദത്തോടെ, എല്ലാ വശത്തു കൂടിയും പ്രഷ്യൻ സൈന്യം പാരീസ് വളയുകയും ചെയ്തു.

പക്ഷേ, പാരീസിലെ തൊഴിലാളിവർഗ്ഗത്തിന്റെയും ബഹുജനങ്ങളുടേയും മനോഭാവം മനസ്സിലാക്കിയ തന്ത്രശാലിയായ ബിസ്മാർക്ക് അതിനു തയ്യാറായില്ല. ഏംഗൽസ് പ്രസ്താവിച്ചതു പോലെ, "1870 ഒക്ടോബർ 31ന്, ദേശീയ പ്രതിരോധ സർക്കാരിന്റെ ഉത്തരവു പ്രകാരം പ്രഷ്യക്കാരുമായി തിയേഴ്സ് അനുനയചർച്ച തുടങ്ങി എന്ന വാർത്തയറിഞ്ഞ പാരീസിലെ തൊഴിലാളികളും നാഷണൽ ഗാർഡിലെ വിപ്ലവവിഭാഗവും, കലാപമാരംഭിച്ചു. പ്രക്ഷോഭകാരികൾ ഹോട്ടൽ ഡിവില്ലെ കൈയ്യടക്കുകയും രാഷ്ട്രീയശക്തിയുടെ വിപ്ലവവിഭാഗം സ്ഥാപിക്കുകയും ചെയ്തു.... പാരീസിലെ വിപ്ലവശക്തികളുടെ അപൂർണ്ണമായ സംഘാടനവും, പ്രക്ഷോഭത്തിന്റെ മുൻനിരയിലെ ഭിന്നതകളും മുതലെടുത്തുകൊണ്ട്—ബ്ലാങ്കിസ്റ്റുകളും (ബ്ലാങ്കിയുടെ അനുയായികൾ) പെറ്റിബൂർഷ്വാ ജനാധിപത്യവാദികളും, ജേക്കോബിനിസ്റ്റുകളും (ജേക്കോബിന്റെ അനുയായികൾ) --- സർക്കാർ ഉറപ്പുകളിൽ നിന്നും പിന്നോട്ട് പോവുകയും, അവരുടെ ഒപ്പം നിലകൊണ്ട ദേശീയ ഗാർഡിന്റെ ഏതാനും ബറ്റാലിയനുകളുടെ സഹായത്തോടെ ഹോട്ടൽ ഡിവില്ലെ തിരികെപ്പിടിച്ച് അധികാരം തിരികെ നേടുകയും ചെയ്തു. പക്ഷേ, മുറിവേറ്റ തൊഴിലാളിവർഗ്ഗത്തിന്റെ നീറ്റൽ ശമിക്കുകയോ എന്തെങ്കിലും നൈരാശ്യം അവരെ കീഴടക്കുകയോ ഉണ്ടായില്ല. 1871 ജനുവരി 22ന്, ബ്ലാങ്കിസ്റ്റുകളുടെ മുൻകൈയ്യിൽ, പാരീസിലെ തൊഴിലാളിവർഗ്ഗവും നാഷണൽ ഗാർഡും, സർക്കാരിനെ പിരിച്ചുവിടാനും കമ്മ്യൂൺ രൂപീകരിക്കാനും ആവശ്യപ്പെട്ടുകൊണ്ട് വിപ്ലവപ്രകടനം നടത്തി. ഹോട്ടൽ ഡിവില്ലെയിൽ കാവൽ നിൽക്കുകയായിരുന്നബ്രെട്ടൺമൊബൈൽ ഗാർഡിനോട് ജനങ്ങൾക്കു മേൽ നിറയൊഴിക്കാവാനായി ദേശീയ പ്രതിരോധ സർക്കാർ ഉത്തരവിട്ടു. അവർ അനവധി പ്രക്ഷോഭകരെ അറസ്റ്റു ചെയ്തു, പാരീസിലെ എല്ലാ ക്ലബ്ബുകളും അടച്ചുപൂട്ടാൻ ഉത്തരവിട്ടു, ബഹുജനറാലികളെയും നിരവധി പത്രങ്ങളെയും നിരോധിച്ചു. വിപ്ലവമുന്നേറ്റത്തെ ഭീകരത കൊണ്ട് അടിച്ചമർത്തിയ ശേഷം, പാരീസിന്റെ കീഴടങ്ങലിനായി സർക്കാർ ഒരുക്കങ്ങൾ തുടങ്ങി. ഫ്രഞ്ച് മുതലാളി വർഗ്ഗത്തിന്റെ വഞ്ചന നേരിട്ടിട്ടും, 1870 സെപ്റ്റംബർ 19 മുതൽ അഞ്ചു മാസത്തോളമായി പ്രഷ്യൻ സൈന്യത്താൽ വളയം ചെയ്തിട്ടും, പാരീസിലെ ധീരരായ തൊഴിലാളികൾതങ്ങളുടെകോട്ടവീര്യത്തോടെ കാത്തു.




### കമ്മ്യൂൺ സ്ഥാപിതമാവുന്നതിന് മുമ്പുള്ള സാഹചര്യം

135 ദിവസം നീണ്ട പാരീസ് ഉപരോധത്തിനു ശേഷം പ്രഷ്യൻ ഭരണാധികാരിയായ ബിസ്മാർക്കുമായിട്ടുവിൽഒരുയുദ്ധവിരാമക്കരാർ ഒപ്പിട്ടു എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. അതു പ്രകാരം, പ്രഷ്യൻ സൈന്യം പാരീസിൽ തുടരുമെന്ന് നിശ്ചയിക്കപ്പെട്ടു. ഇത് ജനങ്ങളെ രോഷാകുലരാക്കുകയും, ദേശം അപമാനിക്കപ്പെട്ടു എന്ന വികാരം ഉണർത്തുകയും ചെയ്തു. തന്നെയുമല്ല, 1848ലെ വിപ്ലവത്തിലെ രക്തസാക്ഷികളുടെ ഓർമ്മദിവസമാണ് ഈ യുദ്ധവിരാമക്കരാർ ഒപ്പിട്ടത്. അതുകൊണ്ട് ഈ കരാറിന്റെ നിബന്ധനകൾ ഒന്നും തന്നെ ഫ്രഞ്ച് ജനത ഒരിക്കലും അംഗീകരിക്കുമായിരുന്നില്ല. ഏംഗൽസ് വിവരിച്ചതു പോലെ: "അവസാനം 1871 ജനുവരി 28ന് പട്ടിണിയിലായ പാരീസ് അടിയറവു പറഞ്ഞു. പക്ഷേ, യുദ്ധത്തിന്റെ ചരിത്രത്തിൽ മുൻപില്ലാത്തവണ്ണം അഭിമാനത്തോടെ. കോട്ടകൾ അടിയറ വെച്ചു, നഗരത്തിന്റെ കോട്ടമതിലുകളിൽ നിന്നും തോക്കുകൾ നീക്കം ചെയ്തു, യുദ്ധമുന്നണിയിലെ റെജിമെന്റുകളുടേയും മൊബൈൽ ഗാർഡിന്റേയും ആയുധങ്ങൾ കൈമാറി അവർ സ്വയം യുദ്ധത്തടവു കാരായി കണക്കാക്കി. പക്ഷേ, നാഷണൽ ഗാർഡ് തങ്ങളുടെ ആയുധങ്ങളും തോക്കുകളും സൂക്ഷിക്കുകയും, വിജയികളുമായി ഒരു സമാധാന ഉടമ്പടി ഉണ്ടാക്കുക മാത്രവും ചെയ്തു. വിജയികൾക്കാകട്ടെ വിജയഭേരി മുഴക്കി പാരീസിൽ പ്രവേശിക്കാൻ ധൈര്യമുണ്ടായതുമില്ല. പാരീസിലെ ഒരു ചെറിയ മൂല മാത്രം കൈയ്യടക്കാനേ അവർ ധൈര്യപ്പെട്ടുള്ളൂ. അതാകട്ടെ വിലപേശി നേടിയ, ഭാഗികമായി പൊതു പാർക്കുകൾ ഉള്ള ഇടവും. അതു തന്നെ അവർ ഏതാനും ദിവസം മാത്രമാണ് കൈയ്യടക്കി വെച്ചതും. ഈ സമയത്ത്, 131 ദിവസം പാരീസിനെ വളഞ്ഞുവെച്ച അവരെ പാരീസിലെ സായുധരായ തൊഴിലാളികൾ വളഞ്ഞുവെച്ചു. കീഴടക്കിയ വിദേശികൾ നൽകപ്പെട്ട തുരുത്തിന്റെ ഇടുങ്ങിയ അതിരുകൾക്കു പുറത്തേക്ക് ഒരു പ്രഷ്യക്കാരനും കാലുകുത്താതിരിക്കാൻ അവർ നിതാന്തശ്രദ്ധ പുലർത്തി. അങ്ങനെയാണ് പാരീസിലെ തൊഴിലാളികൾ സൈനികരിൽ ആദരവുളവാക്കിയത്. ഇതിനു മുമ്പാകട്ടെ, സാമ്രാജ്യത്തിന്റെ എല്ലാ സൈന്യവും ആയുധം വെച്ച് കീഴടങ്ങുകയായിരുന്നു. വിപ്ലവത്തിന്റെ കേന്ദ്രത്തിൽ പ്രതികാരത്തിനായി വന്ന പ്രഷ്യൻ ശക്തി, കൃത്യമായും അതേ സായുധവിപ്ലവത്തിനു മുന്നിൽ സലാം വെച്ച് ആദരവോടെ നിൽക്കാൻ നിർബന്ധിതരാക്കപ്പെട്ടു."

ഉണർന്നെണീറ്റ തൊഴിലാളികൾക്കുമുന്നിൽമുട്ടുമടക്കിക്കൊണ്ട്, തിയേഴ്സ് ഫ്രാൻസിന്റെ തലസ്ഥാനം പാരീസിൽ നിന്നും വെർസെയ്ൽസിലേക്കു മാറ്റുകയുണ്ടായി. എന്നിട്ടും, പാരീസിലെ തൊഴിലാളികളുടെ കൈവശം ആയുധങ്ങൾ ഉള്ളിടത്തോളം വൻകിട ഭൂവുടമകളും മുതലാളിമാരും സ്ഥായിയായ അപകടത്തിലാണെന്ന ഭയം അയാൾക്ക് തള്ളിക്കളയാനായില്ല. അതുകൊണ്ട്, അവരെ നിരായുധീകരിക്കാൻ അയാൾ ആഗ്രഹിച്ചു. ഇതുപ്രകാരം, തൊഴിലാളികൾ അടക്കമുള്ള നാഷണൽ ഗാർഡിൽ നിന്നും ആയുധങ്ങളും പീരങ്കികളും പിടിച്ചെടുക്കാനായി അയാൾ മാർച്ച് 18ന് സേനയെ അയച്ചു. പക്ഷേ, പാരീസിലെ ജനങ്ങൾ ഈ ശ്രമത്തെ ധീരമായി ചെറുത്തതുമൂലം അയാൾക്കു പരാജയം സമ്മതിക്കേണ്ടി വന്നു. അപ്പോൾ, വെർസെയിൽസ് ആസ്ഥാനമായ ഫ്രഞ്ച് സർക്കാരും പാരീസും തമ്മിൽ ഒരു യുദ്ധത്തിന് തിയേഴ്സ് ഉത്തരവിട്ടു. 1871 മാർച്ച് 18ന് അതിരാവിലെ തിയേഴ്സിന്റെ 40,000 പേരടങ്ങുന്ന സൈന്യം പാരീസിലെത്തി. തുടക്കത്തിൽ സൈന്യം നേട്ടങ്ങളുണ്ടാക്കി. പക്ഷേ, 300 പേരൊഴികെ ബാക്കി 30,000 പേർ വരുന്ന നാഷണൽ ഗാർഡിലെ എല്ലാവരും കേന്ദ്രക്കമ്മിറ്റിയുടെ നേതൃത്വത്തിനു കീഴിൽ അധ്വാനിക്കുന്ന ബഹുജനങ്ങൾക്ക് അനുകൂലമായി പൊരുതി. നാഷണൽ ഗാർഡിനൊപ്പം സാധാരണജനങ്ങളും എല്ലാ തെരുവുകളിലും ബാരിക്കേഡുകളുയർത്തുകയും പ്രതിരോധം തീർക്കുകയും ചെയ്തു. ഈ ഉറച്ച പ്രതിരോധത്തിനു മുന്നിൽ തിയേഴ്സിന്റെ കൂലിപ്പട്ടാളം പരാജയപ്പെടുകയും പിന്തിരിഞ്ഞോടുകയും ചെയ്തു. ഉടൻ തന്നെ, വിപ്ലവകാരികളുടെ കേന്ദ്രക്കമ്മിറ്റിക്ക് പാരീസിനു മേൽ സമ്പൂർണ്ണനിയന്ത്രണം സ്ഥാപിക്കുന്നതിൽ വിജയിക്കാനായി. അങ്ങനെ, ഫ്രാൻസിന്റെ മാത്രമല്ല, തൊഴിലാളിവർഗ്ഗത്തിന്റെയും അധ്വാനിക്കുന്ന മറ്റ് ജനവിഭാഗങ്ങളുടേയും വിമോചനപ്പോരാട്ടത്തിന്റെ ചരിത്രത്തിലെ നിർണ്ണായകനിമിഷം സമാഗതമായി.

### പാരീസ് കമ്മ്യൂണിന്റെ പ്രഖ്യാപനം

ഏംഗൽസ് വിശദീകരിച്ചതു പോലെ: "മാർച്ച് 26ന് പാരീസ് കമ്മ്യൂൺ തെരഞ്ഞെടുക്കപ്പെട്ടു, മാർച്ച്28ന്അത്പ്രഖ്യാപിക്കപ്പെട്ടു. വിവാദമായ പാരീസ് സദാചാര പൊലീസിനെ പിരിച്ചുവിടുന്ന ആദ്യ ഉത്തരവുണ്ടായതിനെ തുടർന്ന് മാർച്ച് 30ന് നിലനിന്ന സൈന്യത്തെ പിരിച്ചുവിട്ടു. അതുവരെ സർക്കാരിനെ നടത്തിക്കൊണ്ടു പോയ നാഷണൽ ഗാർഡിന്റെ കേന്ദ്രക്കമ്മിറ്റി, കമ്മ്യൂണിന് രാജി സമർപ്പിച്ചു. അതുപോലെ നിർബന്ധിത സൈനികസേവനവും കമ്മ്യൂൺ നിർത്തലാക്കി. ആയുധമുപയോഗിക്കാൻ ശേഷിയുള്ള എല്ലാ പൗരന്മാരും അംഗങ്ങളാകുന്ന നാഷണൽ ഗാർഡാകും ഒരേയൊരു സായുധശക്തിയെന്നും പ്രഖ്യാപിച്ചു. 1870 ഒക്ടോബർ മുതൽ ഏപ്രിൽ വരെയുള്ള കാലയളവിലെ, എല്ലാ വീട്ടുകളുടേയും വാടക അവർ അടച്ചു. അതിനകം കൊടുത്തിരുന്ന വാടക ഭാവിയിലേക്കു

*(ശേഷം 14-ാം പേജിൽ)*

**നാഷണൽ ഗാർഡിനൊപ്പം സാധാരണജനങ്ങളും എല്ലാ തെരുവുകളിലും ബാരിക്കേഡുകളുയർത്തുകയും പ്രതിരോധം തീർക്കുകയും ചെയ്തു. ഈ ഉറച്ച പ്രതിരോധത്തിന് മുന്നിൽ തിയേഴ്സിന്റെ കൂലിപ്പട്ടാളം പരാജയപ്പെടുകയും പിന്തിരിഞ്ഞോടുകയും ചെയ്തു. ഉടൻ തന്നെ, വിപ്ലവകാരികളുടെ കേന്ദ്രക്കമ്മിറ്റിക്ക് പാരീസിനു മേൽ സമ്പൂർണ്ണനിയന്ത്രണം സ്ഥാപിക്കുന്നതിൽ വിജയിക്കാനായി. അങ്ങനെ, ഫ്രാൻസിന്റെ മാത്രമല്ല, തൊഴിലാളിവർഗ്ഗത്തിന്റെയും അധ്വാനിക്കുന്ന മറ്റ് ജനവിഭാഗങ്ങളുടെയും വിമോചനപ്പോരാട്ടത്തിന്റെ ചരിത്രത്തിലെ നിർണ്ണായകനിമിഷം സമാഗതമായി.**

# തൊഴിലാളിവർഗ്ഗം പ്രക്ഷോഭമാരംഭിച്ചതോടെ മുതലാളിവർഗ്ഗം ക്രൂരമായ അടിച്ചമർത്തലിന് മുതിർന്നു

**ഒടുവിൽ, മാർച്ച് 18 മുതൽ മേയ് 28 വരെയുള്ള 72 ദിവസം ധീരമായി കോട്ട കാത്തശേഷം, കമ്മ്യൂൺ അനുകൂലികളെ ശത്രുസൈന്യം കീഴ്പ്പെടുത്തി. തിയേഴ്സ് ഭരണത്തിന്റെ പൈശാചികതക്ക് അതിരുകളില്ലായിരുന്നു. ദിവസങ്ങൾക്കുള്ളിൽ തന്നെ മുപ്പതിനായിരത്തോളം ജനങ്ങൾ യുദ്ധത്തിൽ കൊല്ലപ്പെട്ടു. യുദ്ധം ശമിച്ചതിനുശേഷവും കമ്മ്യൂൺ അനുകൂലികളെയും സാധാരണജനങ്ങളെയും ക്രൂരമായി കൊല ചെയ്യുന്നത് തുടർന്നു. അവിടെ നടമാടിയ കാടൻ ക്രൂരതയുടെ ചുരുക്കം തിയേഴ്സിന്റെ ഒരു ടെലിഗ്രാമിലുണ്ട്. "അവരുടെ ശവശരീരങ്ങൾ കൊണ്ട് തെരുവുകൾ നിറഞ്ഞു. ഈ ഭീകരദൃശ്യം അവരെ ഒരു പാഠം പഠിപ്പിക്കും."**

*(13–ാം പേജിൽ നിന്ന്)*

ള്ള വാടക അടവായി നിജപ്പെടുത്തി. മുനിസിപ്പൽ ലോൺ ഓഫീസിൽ പണയം വെച്ചിരുന്ന വസ്തുക്കളുടെ കച്ചവടം അവസാനിപ്പിച്ചു. അതേ ദിവസം തന്നെ, കമ്മ്യൂണിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്ന വിദേശികളുടെ സ്ഥാനവും ഉറപ്പിച്ചു. കാരണം, കമ്മ്യൂണിന്റെ പതാകയെന്നത് ലോകറിപ്പബ്ലിക്കിന്റെ പതാകയായിരുന്നു. ഏപ്രിൽ 2ന്, പള്ളിയെ ഭരണത്തിൽ നിന്നും വേർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് കമ്മ്യൂൺ പുറപ്പെടുവിച്ചു. ഒപ്പം, മതപരമായ ആവശ്യങ്ങൾക്കായി സർക്കാർ പണം മുടക്കുന്നത് അവസാനിപ്പിക്കുകയും, പള്ളിവകയായ എല്ലാ സ്വത്തുക്കളും രാഷ്ട്രത്തിന്റേതാക്കി മാറ്റുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി, ഏപ്രിൽ 8ന്, എല്ലാ മതപരമായ അടയാളങ്ങളും ചിത്രങ്ങളും പ്രമാണങ്ങളും പ്രാർത്ഥനകളും - ഒറ്റവാക്കിൽ പറഞ്ഞാൽ വ്യക്തിയുടെ സ്വകാര്യബോധ്യത്തിന്റെ തലത്തിന്റെ മാത്രമുള്ളതെല്ലാം, വിദ്യാലയങ്ങളിൽ നിന്നും ഒഴിവാക്കാൻ ഉത്തരവിടുകയും ക്രമേണ അതു നടപ്പാക്കുകയും ചെയ്തു. 6–ാം തീയതി, നാഷണൽ ഗാർഡിന്റെ 137–ാം ബറ്റാലിയൻ ഗില്ലറ്റിൻ കൊണ്ടുവന്ന് ജനങ്ങളുടെ ആർപ്പുവിളികൾക്കിടയിൽ പരസ്യമായി കത്തിച്ചു കളഞ്ഞു.... 1871 ഏപ്രിൽ 16ന്, എല്ലാ കടബാധ്യതകളുടേയും തിരിച്ചടവ് മൂന്നു വർഷത്തേക്ക് നീട്ടിവെക്കുകയും അതിന്റെ പലിശ റദ്ദാക്കുകയും ചെയ്യുന്ന ഒരു ഉത്തരവ് കമ്മ്യൂൺ പുറത്തിറക്കി. ഈ ഉത്തരവ് പെറ്റിബൂർഷ്വ വിഭാഗത്തിന്റെ സാമ്പത്തികാവസ്ഥയിൽ ആശ്വാസം നൽകി, പക്ഷേ വായ്പ നൽകുന്ന വൻകിട ബൂർഷ്വാസിക്ക് പ്രതികൂലവുമായിരുന്നു. അങ്ങനെ ഒട്ടനവധി ഉത്തരവുകൾ കമ്മ്യൂൺ പുറത്തിറക്കി. "അതെല്ലാം തൊഴിലാളിവർഗ്ഗത്തിന് വലിയ താത്പര്യമുള്ളവയും, ഒപ്പം പഴയ സാമൂഹ്യക്രമത്തിൽ ആഴത്തിൽ മുറിവേൽപ്പിക്കുന്നവയുമായിരുന്നു." പാരീസ് കമ്മ്യൂണിനു ജന്മം നൽകിയ പാരീസിലെ തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ സ്വാധീനത്തിൽ ലിയോണിലും, മാർസെയിൽസിലും മറ്റനവധി ഫ്രഞ്ച് നഗരങ്ങളിലും ബഹുജനങ്ങളുടെ വിപ്ലവമുന്നേറ്റങ്ങൾ ആരംഭിച്ചു. ഏംഗൽസ് തുടർന്ന് നിരീക്ഷിച്ചത്: "മാർച്ച് 18 മുതൽ, നേരത്തേ വിദേശ അധിനിവേശത്തിനെതിരേയുള്ള പോരാട്ടത്തിൽ പിന്നണിയിലേക്ക് തള്ളപ്പെട്ട, പാരീസ് മുന്നേറ്റത്തിന്റെ വർഗ്ഗസ്വഭാവം വീണ്ടും തീക്ഷ്ണമായും വ്യക്തമായും ഉയർന്നു വന്നു. തൊഴിലാളികൾ മാത്രമോ, അല്ലെങ്കിൽ തൊഴിലാളികളുടെ അംഗീകൃത പ്രതിനിധികളോ മാത്രമാണ് കമ്മ്യൂണിൽ ഇരുന്നത് എന്നതുകൊണ്ട് അതിന്റെ തീരുമാനങ്ങൾക്കെല്ലാം തന്നെ വ്യക്തമായ തൊഴിലാളിവർഗ്ഗ സ്വഭാവമുണ്ടായിരുന്നു. റിപ്പബ്ലിക്കൻ ബൂർഷ്വാസി ഭീരുത്വം കൊണ്ടു മാത്രം നടപ്പാക്കാതിരുന്നതും, എന്നാൽ തൊഴിലാളിവർഗ്ഗത്തിന്റെ സ്വതന്ത്രമായ പ്രവർത്തനത്തിനു വേണ്ട അടിത്തറ നൽകുന്നതുമായ പരിഷ്ക്കാരങ്ങൾക്കാണ് ഈ തീരുമാനങ്ങൾ ഉത്തരവിട്ടത്. ഉദാഹരണത്തിന്, രാഷ്ട്രഭരണവുമായി ബന്ധപ്പെടുത്തുമ്പോൾ മതമെന്നത് പൂർണ്ണമായും ഒരു സ്വകാര്യവിഷയമാണെന്ന തത്വം യാഥാർത്ഥ്യമാക്കിയതു പോലെയുള്ളവ. അല്ലെങ്കിൽ, തൊഴിലാളിവർഗ്ഗത്തിന്റെ നേരിട്ടുള്ള താത്പര്യത്തിലുള്ളവയും, ഒപ്പം സമൂഹത്തിന്റെ പഴയ സാമൂഹ്യക്രമത്തിൽ ആഴത്തിൽ മുറിവേൽപ്പിക്കുന്നവയുമായ ഉത്തരവുകൾ കമ്മ്യൂൺ പുറത്തിറക്കി.

ഇതെല്ലാം തിയേഴ്സിനേയും അയാളുടെ മേലാളന്മാരായ ഫ്രഞ്ച് ബൂർഷ്വാസിയേയും (മറ്റുവാക്കുകളിൽ പറഞ്ഞാൽ വെർസെയിൽസ് ആസ്ഥാനമായ സർക്കാർ) വിപ്ലവ പ്രക്ഷോഭത്തെ കൂടുതൽ ഭയക്കുന്നവരാക്കി മാറ്റി. അതുകൊണ്ട്, കമ്മ്യൂണിനെ തകർത്ത് പാരീസ് പിടിച്ചടക്കുന്നതിൽ അവർ കൂടുതൽ വെറിപിടിച്ചവരും സ്വേച്ഛാധിപതികളും നിർദ്ദയരുമായി മാറി. കമ്മ്യൂണിൽ നിന്നുള്ള ഉറച്ച പ്രതിരോധം മുന്നിൽക്കണ്ട്, ഒന്നര ലക്ഷം വരുന്ന സൈന്യത്തെ അനുവദിക്കണമെന്ന് ബിസ്മാർക്കിനോട് തിയേഴ്സ് ആവശ്യപ്പെടുകയുണ്ടായി. ഇതിനു പുറമേ, സൈന്യത്തെ സഹായിക്കുന്നതിനായി ഒരു ലക്ഷം യുദ്ധത്തടവുകാരേയും ബിസ്മാർക്ക് നൽകി. ഈ യുദ്ധത്തിന്റെ അവസാനഘട്ടത്തിൽ പ്രഷ്യൻ സൈന്യം പരസ്യമായി തിയേഴ്സുമായി കൈകോർത്തു എന്ന വസ്തുതയ്ക്ക് ചരിത്രം സാക്ഷിയാണ്. ഏപ്രിൽ 2നാണ് തിയേഴ്സ് ആക്രമണത്തിന് ആദ്യമായി ഉത്തരവിട്ടത്. നിരവധി പേർക്ക് ജീവൻ നഷ്ടമായെങ്കിലും അവർ കീഴടങ്ങിയില്ല. യുദ്ധത്തിൽ മാതൃകായോഗ്യമായ ധീരതയാണ് വനിതകൾ പ്രദർശിപ്പിച്ചത്. കുട്ടികൾ പോലും ഈ യുദ്ധത്തിൽ വളരെയധികം വീറ് കാണിച്ചു. കമ്മ്യൂൺ അനുയായികൾക്കു നേരേ യാതൊരു ദാക്ഷിണ്യവുമില്ലാതെ തിയേഴ്സിന്റെ സേന പീരങ്കികൾ കൊണ്ട് വെടിവെച്ചു. തിയേഴ്സിന്റെ ചാരന്മാരെ പാരീസിനുള്ളിൽ നിയോഗിച്ചു.

പോരാട്ടത്തെ ഉള്ളിൽ നിന്നും പിളർത്തുന്നതിനായി ഒരു പറ്റം വർഗ്ഗവഞ്ചകരെ കടത്തിവിട്ടു. പതിവു പോലെ, ക്രമസമാധാന പാലനത്തിനെന്ന പേരിൽ തിയേഴ്സിന്റെ ബ്രിഗേഡ് സായുധാക്രമണം വർധിപ്പിച്ചു. നാഷണൽ ഗാർഡിന്റെ ഭാഗത്തു നിന്നുണ്ടായ ചില ഒഴിവാക്കാനാവുമായിരുന്ന അശ്രദ്ധകളിൽ നിന്നും, ചില വഞ്ചകരുടെ ചതിയിൽ നിന്നും നേട്ടമുണ്ടാക്കിക്കൊണ്ട്, തിയേഴ്സിന്റെ സൈന്യം മേയ് 21ന് പാരീസിലേക്ക് ഇരച്ചുകയറി. കമ്മ്യൂൺ അനുകൂലികൾ തെരുവിലിറങ്ങി തങ്ങളുടെ സർവ്വശക്തിയുമുപയോഗിച്ച് പ്രതിരോധിക്കാൻ ശ്രമിച്ചു. എല്ലായിടത്തും ബാരിക്കേഡുകൾ ഉയർന്നു. അതിക്രമിച്ചു കയറുന്ന സൈന്യത്തിന് 60 പീരങ്കികൾ ഉണ്ടായിരുന്ന സ്ഥാനത്ത് കമ്മ്യൂൺ അനുകൂലികൾക്ക് 12 എണ്ണമേ ഉണ്ടായിരുന്നുള്ളൂ. കൂടാതെ, പാരീസിലെ നിശ്ചയദാർഢ്യമില്ലാത്ത ചില പൗരന്മാർ ഏഷണികൾക്കും നിരാശയ്ക്കും വശംവദരായി. അതുകൊണ്ട്, ആക്രമിക്കുന്ന ബൂർഷ്വാ ശക്തികൾക്കെതിരേ പൂർണ്ണശക്തിയുമെടുത്തുള്ള ഒരു ഐക്യനിര രൂപീകരിക്കുകയെന്ന ആവശ്യം സഫലമായില്ല. നഗരത്തിൽ ചോരപ്പുഴ തളംകെട്ടി. തിയേഴ്സിന്റെ സൈന്യം കമ്മ്യൂൺ അനുകൂലികളെ ചെന്നായ്ക്കളെ പോലെ വേട്ടയാടുകയും ക്രൂരമായി കൊല്ലുകയും ചെയ്തു.

## കമ്മ്യൂണിന്റെ പതനം

ഒടുവിൽ, മാർച്ച് 18 മുതൽ മേയ് 28 വരെയുള്ള 72 ദിവസം ധീരമായി കോട്ട കാത്ത ശേഷം, കമ്മ്യൂൺ അനുകൂലികളെ ശത്രുസൈന്യം കീഴ്പ്പെടുത്തി. തിയേഴ്സ് ഭരണത്തിന്റെ പൈശാചികതക്ക് അതിരുകളില്ലായിരുന്നു. ദിവസങ്ങൾക്കുള്ളിൽ തന്നെ മുപ്പതിനായിരത്തോളം ജനങ്ങൾ യുദ്ധത്തിൽ കൊല്ലപ്പെട്ടു. യുദ്ധം ശമിച്ചതിനു ശേഷവും കമ്മ്യൂൺ അനുകൂലികളെയും സാധാരണജനങ്ങളെയും ക്രൂരമായി കൊലചെയ്യുന്നത് തുടർന്നു. അവിടെ നടമാടിയ കാടൻ ക്രൂരതയുടെ ചുരുക്കം തിയേഴ്സിന്റെ ഒരു ടെലിഗ്രാമിലുണ്ട്. "അവരുടെ ശവശരീരങ്ങൾ കൊണ്ട് തെരുവുകൾ നിറഞ്ഞു. ഈ ഭീകരദൃശ്യം അവരെ ഒരു പാഠം പഠിപ്പിക്കും." അത് ചരിത്രപ്രധാനമായ പാരീസ് കമ്മ്യൂണിന്റെ പതനത്തെ കുറിച്ചു. അതിന്റെ പല പരിമിതികൾക്കും മേലേ, ഭാവിയിൽ ഒരു തൊഴിലാളിവർഗ്ഗ ഭരണകൂടമായി മാറാനുള്ള എല്ലാ സാധ്യതയും കമ്മ്യൂണിനുണ്ടായിരുന്നു എന്ന് സംശയമില്ലാതെ പറയാം. കമ്മ്യൂണിന്റെ തകർച്ചയോടെ, അധികാരം പിടിച്ചെടുക്കുവാനുള്ള തൊഴിലാളിവർഗ്ഗത്തിന്റെ ആദ്യപരിശ്രമം പരാജയപ്പെട്ടു.

കമ്മ്യൂൺ ഇല്ലാതെയായി, പക്ഷേ അതിന്റെ ചേതന അവസാനിച്ചില്ല. മാർക്സ് പ്രസ്താവിച്ചതു പോലെ: "തൊഴിലാളികളുടെ പാരീസ്, അതിന്റെ കമ്മ്യൂണിനോടൊപ്പം, ഒരു പുതിയ സമൂഹത്തിന്റെ തിളക്കമാർന്ന അഗ്രഗാമിയായി എന്നും കൊണ്ടാടപ്പെടും. അതിന്റെ രക്തസാക്ഷികൾ തൊഴിലാളിവർഗ്ഗത്തിന്റെ മഹത്തായ




ഹൃദയത്തിൽ കുടിയിരുത്തപ്പെട്ടിരിക്കുന്നു. അതിനെ ഉന്മൂലനം ചെയ്തവരുടെ ചരിത്രം, അവരുടെ പുരോഹിതരുടെ എല്ലാ പ്രാർത്ഥനകളും ചേർന്നാലും രക്ഷപ്പെടുത്താനാവാത്ത പോലെ എന്നെന്നേക്കുമായി ദണ്ഡനാചക്രത്തിൽ തറയ്ക്കപ്പെട്ടിരിക്കുന്നു. ... കമ്മ്യൂണിന്റെ മഹത്തായ സാമൂഹിക നടപടികൾ അതിന്റെ തന്നെ പ്രവർത്തന അസ്തിത്വമായിരുന്നു. അതിന്റെ പ്രത്യേക നടപടികൾ, ജനങ്ങളാൽ, ജനങ്ങൾക്കു വേണ്ടിയുള്ള സർക്കാരിന്റെ പ്രവണതയുടെ സൂചന തന്നെയായിരുന്നു." (ഫ്രാൻസിലെ ആഭ്യന്തരയുദ്ധം) ഏംഗൽസ് പറയുന്നു: "പാരീസ് കമ്മ്യൂൺ... തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യമായിരുന്നു" (ഫ്രാൻസിലെ ആഭ്യന്തരയുദ്ധത്തിനുള്ള ആമുഖം, 1891)

## കമ്മ്യൂണിന്റെ പരാജയത്തിൽ നിന്നുള്ള പാഠങ്ങൾ

ഒന്നാം ഇന്റർനാഷണലിന്റെ യോഗത്തിൽ മാർക്സ് നിരീക്ഷിച്ചു: "തൊഴിലാളിവർഗ്ഗം കമ്മ്യൂണിൽ നിന്നും അത്ഭുതങ്ങളൊന്നും പ്രതീക്ഷിച്ചില്ല." (ഫ്രാൻസിലെ ആഭ്യന്തരയുദ്ധം) "അടിയന്തിരഫലങ്ങൾ എന്തു തന്നെയായാലും ലോകചരിത്രത്തിൽ പ്രാധാന്യമുള്ള ഒരു വഴിമാറ്റം നേടിയിരിക്കുകയാണ്." (1871 ഏപ്രിൽ 17ന് കുഗൽമാനെഴുതിയ കത്ത്) "...സാമൂഹികമാറ്റത്തിനു ശേഷിയുള്ള ഒരേയൊരു വർഗ്ഗം തൊഴിലാളിവർഗ്ഗമാണെന്നത് തുറന്ന് അംഗീകരിക്കപ്പെട്ട ആദ്യവിപ്ലവമായിരുന്നു ഇത്. ... അത് അടിസ്ഥാനപരമായി ഒരു തൊഴിലാളിവർഗ്ഗ സർക്കാരായിരുന്നു, ഉത്പാദകവർഗ്ഗവും തട്ടിയെടുക്കൽ വർഗ്ഗവും തമ്മിലുള്ള സമരത്തിന്റെ ഉത്പന്നം. അധ്വാനത്തിന്റെ സാമ്പത്തികവിമോചനത്തിനായി ഒടുവിൽ കണ്ടുപിടിക്കപ്പെട്ട രാഷ്ട്രീയരൂപം." (ഫ്രാൻസിലെ ആഭ്യന്തരയുദ്ധം)

കമ്മ്യൂണിനെ പ്രശംസിക്കുകയും പൂർണ്ണമനസ്സോടെ പിന്തുണയ്ക്കുകയും ചെയ്തുവെങ്കിലും മാർക്സും അദ്ദേഹത്തിന്റെ വിപ്ലവസഖാവായ ഏംഗൽസും ചില പരിമിതികളും ശ്രദ്ധിച്ചിരുന്നു. 1871 ഏപ്രിൽ 12ന് കുഗൽമാനുള്ള മറ്റൊരു കത്തിൽ മാർക്സ് പറയുന്നു: "അവർ (കമ്മ്യൂൺ അനുകൂലികൾ) പരാജയപ്പെട്ടുവെങ്കിൽ അവരുടെ 'നല്ല മനോഭാവത്തെ' മാത്രമാണ് കുറ്റപ്പെടുത്തേണ്ടത്. ആദ്യവിജയത്തിനു ശേഷം ഉടനടി തന്നെ അവർ വെർസെയിൽസിലേക്ക് മാർച്ച് ചെയ്യണമായിരുന്നു. പാരീസ് നാഷണൽ ഗാർഡിലെ പിന്തിരിപ്പൻ വിഭാഗം സ്വയംതന്നെ അപ്പോൾ പിൻവാങ്ങിയേനേ. മനഃസാക്ഷിയുടെ സന്ദേഹം മൂലം ശരിയായ അവസരം നഷ്ടമായി. അവർക്ക് ആഭ്യന്തരയുദ്ധം ആരംഭിക്കാൻ താത്പര്യമുണ്ടായിരുന്നില്ല. പക്ഷേ ആ അനർത്ഥകാരിയും പൂർണ്ണപരാജയവുമായ തിയേഴ്സ് പാരീസിനെ നിരായുധീകരിക്കാനുള്ള ശ്രമത്തിലൂടെ ആഭ്യന്തരയുദ്ധം അതിനകം തുടങ്ങിയിരുന്നു. രണ്ടാമത്തെ തെറ്റ്: കമ്മ്യൂണിന് വഴിയൊരുക്കുന്നതിനായി കേന്ദ്രക്കമ്മിറ്റി അതിന്റെ അധികാരം വളരെ നേരത്തേ അടിയറവ് വെച്ചു എന്നതാണ്.

ഏംഗൽസ് ചൂണ്ടിക്കാണിച്ചത്: "അധികാരത്തിലെത്തിക്കഴിഞ്ഞാൽ പഴയ രാഷ്ട്രസംവിധാനത്തെ കൈകാര്യം ചെയ്തുകൊണ്ട് അധികം മുന്നോട്ടു പോകാൻ തൊഴിലാളിവർഗ്ഗത്തിനാവില്ല എന്നത്, തുടക്കം തൊട്ടുതന്നെ അംഗീകരിക്കാൻ കമ്മ്യൂൺ നിർബന്ധിതമായതാണ്. അതായത്, അപ്പോൾ

*(ശേഷം 15–ാം പേജിൽ)*

# പാരീസ് കമ്മ്യൂൺ പരാജയപ്പെട്ടെങ്കിലും ആ പോരാട്ടം വ്യഥാവിലായില്ലെന്ന് ചരിത്രം തെളിയിച്ചു


*(14-ാം പേജിൽ നിന്ന്)*

കീഴടക്കി നേടിയ മേധാവിത്വം വീണ്ടും നഷ്ടമാവാതെയിരിക്കാനായി, ഈ തൊഴിലാളിവർഗ്ഗം, നേരത്തേ തങ്ങൾക്കെതിരേ ഉപയോഗിച്ച പഴയ മർദ്ദകസംവിധാനത്തെ ഒന്നാകെ ഇല്ലാതാക്കേണ്ടിയിരുന്നു." (ഫ്രാൻസിലെ ആഭ്യന്തരയുദ്ധത്തിനുള്ള ആമുഖം) 1872 ജൂൺ 24ന്, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ പുതിയ ജർമ്മൻ പതിപ്പിനുള്ള മുഖവുരയിലും, മാർക്സും ഏംഗൽസും പരാമർശിക്കുന്നത്: "ഒരു കാര്യം പ്രത്യേകിച്ചും കമ്മ്യൂൺ തെളിയിച്ചു, അതായത്, നിലനിൽക്കുന്ന രാഷ്ട്ര ഭരണകൂട സംവിധാനത്തെ അതുപോലെ കൈയ്യാളിക്കൊണ്ട് തങ്ങളുടെ സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയെന്നത് തൊഴിലാളിവർഗ്ഗത്തിന് സാധ്യമല്ല." രണ്ടാമതായി ഏംഗൽസ് ചൂണ്ടിക്കാണിക്കുന്നത്, "ബാങ്ക് ഓഫ് ഫ്രാൻസിന്റെ എല്ലാ വസ്തുവകകളും കമ്മ്യൂൺ ഏറ്റെടുക്കണമെന്നതായിരുന്നു. കാരണം, ബാങ്ക് കമ്മ്യൂണിന്റെ കൈവശം എത്തുകയായിരുന്നുവെങ്കിൽ -- അത് 10000 ബന്ദികളേക്കാൾ മൂല്ല്യമേറിയതാവുമായിരുന്നു. കമ്മ്യൂണുമായി സമാധാനത്തിലെത്തുന്നതിന് അനുകൂലമായി മുഴുവൻ ഫ്രഞ്ച് മുതലാളിത്തത്തിന്റെയും സമ്മർദ്ദം വെർസെയിൽസ് സർക്കാരിനു മേൽ ഉണ്ടാകുമായിരുന്നു എന്നായേനേ അതിന്റെ അർത്ഥം. ...ഇത് ഗുരുതരമായ ഒരു രാഷ്ട്രീയ അബദ്ധം കൂടിയാണ്. ..." (ഫ്രാൻസിലെ ആഭ്യന്തരയുദ്ധത്തിനുള്ള ആമുഖം) 1871 ഏപ്രിൽ 2ന് കൂഗൽമാന് എഴുതിയ കത്തിൽ മാർക്സും ഉറപ്പിച്ചു പറയുന്നത്, "ഫ്രഞ്ച് വിപ്ലവത്തിന്റെ അടുത്ത ശ്രമമെന്നത്, പഴയപോലെ ഇനി ബ്യൂറോക്രാറ്റിക്-സൈനിക യന്ത്രത്തെ കൈമാറുന്നതാകില്ല, അതിനെ തച്ചുതകർക്കുന്നതായിരിക്കും."

കൂടാതെ, കമ്മ്യൂണിനുള്ളിലുണ്ടായിരുന്ന ബ്ലാങ്കിസ്റ്റുകളുടേയും പ്രൂദോണിസ്റ്റുകളുടേയും അനുരഞ്ജനസ്വഭാവം കാരണം കമ്മ്യൂണിനുണ്ടായ ആശയപരമായ ദൗർബല്യവും അതിന്റെ തകർച്ചയുടെ കാരണമായി എന്നത് ഏംഗൽസ് കണ്ടെത്തി. കൂടുതൽ വിശദീകരിച്ചു കൊണ്ട് മഹാനായ ലെനിൻ ചൂണ്ടിക്കാണിച്ചത്: "തൊഴിലാളികൾ മാത്രമാണ് അവസാനം വരേയും കമ്മ്യൂണിനോട് വിശ്വസ്തതയോടെ നിലകൊണ്ടത്. ബൂർഷ്വാ റിപ്പബ്ലിക്കന്മാരും പെറ്റിബൂർഷ്വാകളും താമസിയാതെ അതിൽ നിന്നും വേർപെട്ടു പോയി. ആദ്യത്തെ കൂട്ടർ മുന്നേറ്റത്തിന്റെ വിപ്ലവ സോഷ്യലിസ്റ്റ്- തൊഴിലാളിവർഗ്ഗ സ്വഭാവം കണ്ട് ഭയപ്പെട്ടുവെങ്കിൽ, രണ്ടാമത്തെ വിഭാഗം, അതാകട്ടെ അത് അനിവാര്യമായ പതനത്തിലേക്ക് നീങ്ങുന്നുവെന്ന് കണ്ടപ്പോൾ പിൻവാങ്ങുകയും ചെയ്തു. ഫ്രഞ്ച് തൊഴിലാളിവർഗ്ഗം മാത്രമാണ് നിർഭയമായും അക്ഷീണവും തങ്ങളുടെ സർക്കാരിനെ പിന്തുണച്ചത്. തൊഴിലാളിവർഗ്ഗത്തിന്റെ വിമോചനത്തിനായി, അധ്വാനിക്കുന്ന എല്ലാവരുടേയും ഒരു നല്ല ഭാവിക്കായി ലക്ഷ്യം വെച്ചുകൊണ്ട്, അവർ മാത്രമാണ് അതിനായി പൊരുതിയതും മരിച്ചതും." (പാരീസ് കമ്മ്യൂണിനെ കുറിച്ച്) പാരീസിനു ചുറ്റുമുണ്ടായിരുന്ന കർഷകരെ കൂടി വിപ്ലവപ്പോരാട്ടത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് ലെനിൻ പറഞ്ഞത്: "1871ലെ യൂറോപ്പിൽ, ഭൂഖണ്ഡത്തിലെ ഒരു രാജ്യത്തും തൊഴിലാളിവർഗ്ഗമായിരുന്നില്ല ജനങ്ങളുടെ ഭൂരിഭാഗം. അതിന്റെ ഒഴുക്കിലേക്ക് ഭൂരിപക്ഷത്തേയും കൊണ്ടുവരുന്ന ഒരു ജനകീയ വിപ്ലവത്തിന്, അത് അങ്ങനെ തന്നെ ആയിത്തീരണമെങ്കിൽ, തൊഴിലാളിവർഗ്ഗത്തേയും കർഷകരേയും ഒരുമിപ്പിച്ചേ മതിയാകൂ. ജനങ്ങളെന്നാൽ അന്ന് ഈ രണ്ട് വർഗ്ഗങ്ങളുമായിരുന്നു. ബ്യൂറോക്രാറ്റിക് -സൈനിക രാഷ്ട്രയന്ത്രം അവരെ ഇരുകൂട്ടരേയും അടിച്ചമർത്തുകയും ഞെരുക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന എന്ന വസ്തുത കൊണ്ടു തന്നെ ഈ രണ്ടു വർഗ്ഗങ്ങളും ഏകീകരിക്കപ്പെട്ടിട്ടുണ്ട്. ഈ യന്ത്രത്തെ തകർക്കുന്നതിന്, അതിനെ ഛിന്നഭിന്നമാക്കുന്നതിന്-ഇത് സത്യമായും ജനങ്ങളുടെ, ഭൂരിപക്ഷത്തിന്റെ, തൊഴിലാളികളുടെ, വലിയ വിഭാഗം കർഷകരുടെ താത്പര്യമാണ് - ദരിദ്രകർഷകരുടേയും തൊഴിലാളികളുടേയും ഒരു സ്വതന്ത്രസഖ്യം പ്രാഥമിക ഉപാധിയാണ്. അതേസമയം, അങ്ങനെയൊരു സഖ്യമില്ലാതെ, ജനാധിപത്യം അസ്ഥിരമാകും, സോഷ്യലിസ്റ്റ് പരിവർത്തനം അസാധ്യവുമാകും." (രാഷ്ട്രവും വിപ്ലവവും) ലെനിൻ പിന്നീട് ചൂണ്ടിക്കാട്ടി, "1870ലെ വസന്തകാലത്ത്, കമ്മ്യൂണിന് ഏതാനും മാസം മുമ്പ്, സർക്കാരിനെ മറിച്ചിടാനുള്ള എന്തെങ്കിലും പരിശ്രമം നിരാശയുളവാക്കുന്ന വിഡ്ഢിത്തമാകുമെന്ന മുന്നറിയിപ്പ് മാർക്സ് നൽകിയത് ഏവർക്കുമറിയാം. പക്ഷേ, 1871ൽ തൊഴിലാളികൾക്കുമേൽ നിർണ്ണായകമായ ഒരു യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ട് അവരത് സ്വീകരിച്ചപ്പോൾ, പ്രക്ഷോഭം ഒരു യാഥാർത്ഥ്യമായി മാറിയപ്പോൾ, അഭിപ്രായവ്യത്യാസങ്ങൾക്ക് ഉപരിയായി തൊഴിലാളിവർഗ്ഗ വിപ്ലവത്തെ മാർക്സ് അങ്ങേയറ്റത്തെ ഉത്സാഹത്തോടെ അഭിവാദ്യം ചെയ്തു. കർക്കശമായ പണ്ഡിതഭാവം പൂണ്ട്, അനവസരത്തിലുള്ള ഒരു മുന്നേറ്റത്തെ തള്ളിപ്പറയാൻ മാർക്സ് തയ്യാറായില്ല.




അദ്ദേഹം തന്നെ വിശേഷിപ്പിച്ചതു പോലെ 'സ്വർഗ്ഗത്തെ ആക്രമിച്ച' കമ്മ്യൂൺ അനുകൂലികളുടെ ധീരതയെ കുറിച്ചു മാത്രമല്ല മാർക്സ് പക്ഷേ ഉത്സാഹം പൂണ്ടത്. ബഹുജനവിപ്ലവ മുന്നേറ്റം അതിന്റെ ലക്ഷ്യം നേടിയില്ലെങ്കിലും, അതിനെ അത്യധികം പ്രാധാന്യമുള്ള ചരിത്രാനുഭവമായി, ലോക തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ ഒരു സുനിശ്ചിതമായ പുരോഗതിയായി, നൂറുകണക്കിന് പരിപാടികളേക്കാളും വാദപ്രതിവാദങ്ങളേക്കാളും കൂടുതൽ പ്രാധാന്യമുള്ള പ്രായോഗിക നടപടിയായി ഒക്കെ ആയിട്ടാണ് അദ്ദേഹം കണ്ടത്. ഈ പരീക്ഷണത്തെ വിശകലനം ചെയ്യുന്നതിനും, അതിൽ നിന്നും തന്ത്രപരമായ പാഠങ്ങൾ ഉൾക്കൊള്ളുന്നതിനും, തന്റെ സിദ്ധാന്തങ്ങളെ അതിന്റെ വെളിച്ചത്തിൽ പരിശോധിക്കുന്നതിനുമുള്ള ദൗത്യത്തിൽ മാർക്സ് സ്വയം ചുമതലപ്പെടുത്തി.

> 
>
> **"... സാമൂഹികമാറ്റത്തിനു ശേഷിയുള്ള ഒരേയൊരു വർഗ്ഗം തൊഴിലാളിവർഗ്ഗമാണെന്നത് തുറന്ന് അംഗീകരിക്കപ്പെട്ട ആദ്യ വിപ്ലവമായിരുന്നു ഇത്. ... അത് അടിസ്ഥാനപരമായി ഒരു തൊഴിലാളിവർഗ്ഗ സർക്കാരായിരുന്നു, ഉത്പാദകവർഗ്ഗവും തട്ടിയെടുക്കൽ വർഗ്ഗവും തമ്മിലുള്ള സമരത്തിന്റെ ഉത്പന്നം. അധ്വാനത്തിന്റെ സാമ്പത്തികവിമോചനത്തിനായി ഒടുവിൽ കണ്ടുപിടിക്കപ്പെട്ട രാഷ്ട്രീയരൂപം." (കാൾ മാർക്സ്: *ഫ്രാൻസിലെ ആഭ്യന്തരയുദ്ധം*)**

പാരീസ് കമ്മ്യൂണിന്റെ ധീരമായ സംരംഭത്തിൽ നിന്നും അതുപോലെ തന്നെ പരാജയത്തിൽ നിന്നുമുള്ള പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ടാണ്, മഹാനായ ലെനിൻ റഷ്യയിൽ ആദ്യത്തെ മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം നടപ്പാക്കിയതും, ആദ്യത്തെ യഥാർത്ഥ തൊഴിലാളിവർഗ്ഗ രാഷ്ട്രം തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യത്തിനു കീഴിൽ പ്രവർത്തനക്ഷമമായി സ്ഥാപിച്ചതും എന്നത് എടുത്തു പറയേണ്ടതാണ്. അങ്ങനെ അദ്ദേഹം, മൂർത്തമായ സാഹചര്യത്തിൽ മൂർത്തമായി പ്രയോഗിക്കുമ്പോൾ, മാർക്സിയൻ ശാസ്ത്രം ശരിയാണ് എന്നത് തെളിയിച്ചു. പരാജയപ്പെടുത്തപ്പെട്ട മുതലാളിവർഗ്ഗം തിരുത്തൽവാദികളുടെ ഗൂഢാലോചനാപരമായ പങ്കാളിത്തത്തോടെയും, സാമ്രാജ്യത്വശക്തികളുടെ കുടിലതന്ത്രങ്ങളുടെ സഹായത്തോടെ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പ്രതിവിപ്ലവത്താൽ, സോവിയറ്റ് യൂണിയനിലേയും, ചൈനയിലേയും സോഷ്യലിസ്റ്റ് വ്യവസ്ഥകളും, അതേപോലെ ശക്തമായ സോഷ്യലിസ്റ്റ് ചേരിയും തകർക്കപ്പെട്ട വിഷമകരമായ സംഭവവികാസങ്ങളുണ്ടായെങ്കിലും, അതൊക്കെ തികച്ചും താത്കാലിക തിരിച്ചടികൾ മാത്രമാണ്. ഇത്തരം സംഭവങ്ങളിൽ നിന്നുള്ള പുതിയ അനുഭവങ്ങളുടേയും പാഠങ്ങളുടേയും വെളിച്ചത്തിൽ, മാർക്സിസവും വിപ്ലവ തൊഴിലാളിവർഗ്ഗ മുന്നേറ്റവും ആത്യന്തികമായി പരിപോഷിപ്പിക്കപ്പെടുകയും വികസിക്കുകയുമാണുണ്ടായത്. സോഷ്യലിസത്തിനുണ്ടായ തിരിച്ചടിയും തന്മൂലമുണ്ടായ പുതിയ അനുഭവങ്ങളും പാഠങ്ങളുമെല്ലാം, വരുംനാളുകളിലെ വിമോചനത്തിനായുള്ള തൊഴിലാളിവർഗ്ഗ പോരാട്ടത്തിന് മാർഗ്ഗദീപമായി പ്രവർത്തിക്കും. ഈ കാലഘട്ടത്തിലെ ഏറ്റവും ഉന്നത ദർശനമായ മാർക്സിസം-ലെനിനിസത്താലും, അതിന്റെ ഏറ്റവും പരിപോഷിപ്പിക്കപ്പെട്ടതും വികസിതമായതുമായ ധാരണ ഉൾക്കൊണ്ടിട്ടുള്ള സഖാവ് ശിബ്ദാസ് ഘോഷ് ചിന്തയാലും സായുധരാക്കപ്പെട്ട തൊഴിലാളിവർഗ്ഗം, വീണ്ടും തിരിച്ചുവരികയും, പഴഞ്ചൻ ബൂർഷ്വാ ചിന്തയുടെ കെട്ടുപാടുകളിൽ നിന്നും ജനങ്ങളെ മോചിപ്പിച്ച്, എല്ലാത്തരം അനുരഞ്ജനാത്മക തിരുത്തൽവാദ സോഷ്യൽ ഡെമോക്രാറ്റിക് ശക്തികളേയും ഒറ്റപ്പെടുത്തി, ദ്രവിച്ച് മരണാസന്നമായ അങ്ങേയറ്റം അഴിമതി നിറഞ്ഞതും നിർദ്ദയമായി ചൂഷണം ചെയ്യുന്നതുമായ പിന്തിരിപ്പൻ മുതലാളിത്തത്തെ തകർത്തെറിഞ്ഞ് ആഗോളവിപ്ലവം ഒരു യാഥാർത്ഥ്യമാക്കിത്തീർക്കും.

ലെനിന്റെ വാക്കുകളോടെ നമുക്ക് അവസാനിപ്പിക്കാം: "പാരീസിലെ പീരങ്കിയുടെ ഇടിമുഴക്കം തൊഴിലാളിവർഗ്ഗത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്നവരെ കൂടി ഗാഢനിദ്രയിൽ നിന്നും ഉണർത്തി. എല്ലായിടത്തും വിപ്ലവ സോഷ്യലിസ്റ്റ് ആശയപ്രചരണത്തിന്റെ വളർച്ചയ്ക്ക് പ്രേരണ നൽകി. അതുകൊണ്ടാണ് കമ്മ്യൂണിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇല്ലാതാകാത്തത്. അത് ഇന്നും നമ്മളിലോരോരുത്തരിലും നിലനിൽക്കുന്നു. കമ്മ്യൂണിന്റെ ഉദ്ദേശ്യലക്ഷ്യം സാമൂഹികവിപ്ലവമാണ്. അധ്വാനിക്കുന്നവരുടെ സമ്പൂർണ്ണ രാഷ്ട്രീയ-സാമ്പത്തിക വിമോചനമാണ് ലക്ഷ്യം. അതാണ് ലോകമെമ്പാടുമുള്ള തൊഴിലാളിവർഗ്ഗത്തിന്റെ ലക്ഷ്യം. ആ അർത്ഥത്തിൽ അത് അനശ്വരമാകുന്നു." ■




തൊഴിലിടങ്ങളിലെ നിയമലംഘന പരിശോധനകൾക്ക് മുൻകൂർ അനുവാദം ആവശ്യപ്പെടുന്ന സംസ്ഥാന ലേബർ കമ്മീഷണറുടെ ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പട്ടുകൊണ്ട് എഐയുടിയുസി കൊല്ലം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാ ലേബർ ഓഫീസിലേക്ക് മാർച്ച് നടത്തി. എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു. എഐയുടിയുസി ജില്ലാ പ്രസിഡന്റ് സഖാവ് എസ്.രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഷൈല കെ.ജോൺ, ബി.വിനോദ്, ബി.രാമചന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.

## എസ്‌യുസിഐ(സി) കേന്ദ്ര കമ്മിറ്റിയിലേക്കും പൊളിറ്റ് ബ്യൂറോയിലേക്കും താഴെ പറയുന്ന സഖാക്കളെ ഉൾപ്പെടുത്തി

### പൊളിറ്റ് ബ്യൂറോ

1. സഖാവ് വി.വേണുഗോപാൽ
2. സഖാവ് കാന്തിമോയ് ദേവ്
3. സഖാവ് റബിൻ സമാജ്പതി
4. സഖാവ് സ്വപൻ ഘോഷ്
5. സഖാവ് അമിതാവ ചാറ്റർജി
6. സഖാവ് ചാന്ദിദാസ് ഭട്ടാചാര്യ

### കേന്ദ്ര കമ്മിറ്റി

1. സഖാവ് എ.രംഗസ്വാമി
2. സഖാവ് ജയ്സൺ ജോസഫ്
3. സഖാവ് ബി.എസ്.അമർനാഥ്
4. സഖാവ് അരുൺ ഭൗമിക്
5. സഖാവ് ദേബാശിഷ് റായ്

UNITY Malayalam Monthly
2021 September
Vol. 48 No. 5 Price: Rs. 5.00

# കെ റെയിൽ സിൽവർലൈൻ: ഭൂമി പിടിച്ചെടുക്കൽ ഉത്തരവിനെതിരെ പ്രതിഷേധം വ്യാപകം

**കേ**ന്ദ്ര ഗവൺമെന്റിന്റെയും റെയിൽവേ ബോർഡിന്റെയും അനുമതി ലഭ്യമായ തിനുശേഷമേ ഭൂമി ഏറ്റെടുക്കാവൂ എന്ന ഹൈക്കോടതി വിധി നിലനിൽക്കെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സർവ്വേ നമ്പർ പ്രസിദ്ധീകരിച്ചത് ജനങ്ങളുടെ ഇടയിൽ വ്യാപകമായ പ്രതിഷേധത്തിന് ഇടയാക്കി. പരിസ്ഥിതി ആഘാത പഠനവും സാമൂഹിക ആഘാത പഠനവും പതിനാല് മാസത്തെ കാലാവധി വെച്ച് ടെൻഡർ ക്ഷണിച്ചിരിക്കുന്ന സാഹചര്യത്തിൽ അത് നടത്തുന്നതിനു മുൻപാണ് ഉത്തരവിറക്കിയിരിക്കുന്നത്. എല്ലാ ജനാധിപത്യ മര്യാദകളും ലംഘിച്ചുകൊണ്ട് നിയമവിരുദ്ധമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന, നാളിതുവരെയായിട്ടും നിയമസഭയിലോ പാത കടന്നുപോകുന്ന മേഖലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ ചർച്ചചെയ്യാതെ ഇടതുമുന്നണിയിലും ഭരണ പാർടിയുടെ കമ്മറ്റിയിലും ചർച്ച ചെയ്യാതെ ഇത്രയും ബൃഹത്തായ പദ്ധതി നടപ്പിലാക്കാൻ ആരാണ് തീരുമാനമെടുത്തത് എന്നത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. പദ്ധതിയുടെ സാധ്യതാപഠനം നടത്തിയ നോർത്തേൺ റെയിൽവേ ചീഫ് എഞ്ചിനിയറായിരുന്ന ആലോക് കുമാർ വർമ്മ ഈ പദ്ധതി കേരളത്തിന് നിരക്കുന്നതല്ല തള്ളിക്കളയണമെന്നും നിർദ്ദേശിച്ചിരുന്നു. മെട്രോമാൻ ഇ.ശ്രീധരൻ അസംബന്ധമെന്നും ദുരൂഹമെന്നും വിശേഷിപ്പിച്ച, ശാസ്ത്ര സാഹിത്യ പരിഷത്ത് അടിമുടി സാമൂഹ്യവിരുദ്ധവും പരിസ്ഥിതി വിരുദ്ധവും എന്ന് വിശേഷിപ്പിച്ച, കേരളത്തിലെ സാമൂഹ്യബോധമുള്ള ഒരാളും അംഗീകരിക്കാത്ത ഈ പദ്ധതിയുമായി മുന്നോട്ട് പോകുവാൻ സർക്കാർ തുനിയുന്നത് ധിക്കാരപരമാണ്, ജനങ്ങളോടുള്ള വെല്ലുവിളിയാണ്. ഇതിനെതിരെ സംസ്ഥാന കെ റയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി പ്രതിഷേധ പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. പദ്ധതി പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് മുനിസിപ്പൽ ഓഫീസ് മാർച്ചുകളും ഒക്ടോബർ 27 സെക്രട്ടേറിയറ്റ് മാർച്ചും നടത്തും.

പദ്ധതിക്കെതിരെ കോട്ടയത്ത് കളക്ടേറ്റ് മാർച്ചും ധർണയും നടന്നു. മാർച്ച് ബസേലിയോസ് കോളജിനുമുന്നിൽ മുൻമന്ത്രി കെ.സി.ജോസഫ് ഉദ്ഘാടനം ചെയ്തു. കളക്ടേറ്റ് ധർണ കൊടിക്കുന്നിൽ സുരേഷ് എംപി ഉദ്ഘാടനം ചെയ്തു. സമരസമിതി സംസ്ഥാന ചെയർമാൻ എസ്.രാജീവൻ, ജോസഫ് എം.പുതുശ്ശേരി, വി.ജെ.ലാലി, മിനി കെ.ഫിലിപ്പ്, സുധ കുര്യൻ, ജേക്കബ് ജോൺ, ആന്റണി കുന്നുംപുറം, ചാക്കോച്ചൻ മണലേൽ, ചെറിയാൻ ചാക്കോ, സോബിച്ചൻ കണ്ണംപള്ളി, കുര്യൻ പി.കുര്യൻ, സൈന തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. ■



സിൽവർ ലൈൻ പദ്ധതിക്കെതിരെ കോട്ടയത്ത് നടന്ന കളക്ടേറ്റ് ധർണയിൽ മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു.

# കേരള ഭഗത് സിംഗ്– വക്കം അബ്ദുൾ ഖാദർ രക്തസാക്ഷിത്വ ദിനാചരണം

## വക്കം സ്മാരകത്തിലേക്ക് യുവജനങ്ങളുടെ ബൈക്ക് റാലി

**വ**ക്കം അബ്ദുൾ ഖാദറിന്റെ 79-ാം രക്തസാക്ഷിത്വ ദിനത്തിൽ ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ(എഐഡിവൈഒ)തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം ലോകോളേജ് ജംഗ്ഷനിൽനിന്നും കായിക്കരയുള്ള വക്കം അബ്ദുൾ ഖാദർ സ്മാരകത്തിലേക്ക് ബൈക്ക് റാലി സംഘടിപ്പിച്ചു. രക്തസാക്ഷി മണ്ഡപത്തിൽ നടന്ന അനുസ്മരണ സമ്മേളനം ഐ എൻ എ ഹീറോ വക്കം ഖാദർ എന്ന പുസ്തകം രചിച്ച വക്കം സുകുമാരൻ ഉദ്ഘാടനം ചെയ്തു. സ്വാതന്ത്ര്യ സമരത്തിൽ നിർണായക പങ്ക് വഹിച്ച നേതാജിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ നാഷണൽ ആർമിയുടെ(ഐ എൻ എ) ഭാഗമായിരുന്ന വക്കം അബ്ദുൾ ഖാദർ. കേരള ഭഗത് സിംഗ് എന്നാണ് അദ്ദേഹത്തെ ചരിത്രകാരന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്. രാജ്യത്തെ പൗരന്മാരുടെ പൂർണസ്വാതന്ത്ര്യം ലക്ഷ്യം വച്ചുകൊണ്ടാണ് അദ്ദേഹം തന്റെ ജോലി ഉപേക്ഷിച്ച് ഐഎൻഎ യിൽ ചേർന്നത്. പിന്നീട് അദ്ദേഹത്തെ ബ്രിട്ടീഷ് പോലീസ് പിടികൂടുകയും തൂക്കുകയർ വിധിക്കുകയും ചെയ്തു. വക്കം അബ്ദുൾ ഖാദറിന്റെ ജീവിത മൂല്യങ്ങൾ യുവാക്കൾ ഉയർത്തിപ്പിടിക്കണമെന്ന് അദ്ദേഹം പറഞ്ഞു. എസ്.യു.സി.ഐ(സി) ജില്ലാ സെക്രട്ടറി ആർ.കുമാർ ബൈക്ക് റാലി ഫ്ലാഗ് ഓഫ് ചെയ്തു. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി ഇ.വി.പ്രകാശ് മുഖ്യപ്രഭാഷണം നടത്തി. എഐഡിവൈഒ സംസ്ഥാന വൈസ് പ്രസിഡന്റ് പിപി പ്രശാന്ത്കുമാർ, എ ഷൈജു, ഗോവിന്ദ് ശശി, എ സബൂറ, അജിത് മാത്യു, കെ.മഹേഷ് എന്നിവർ സംസാരിച്ചു. ■



വക്കം അബ്ദുൾ ഖാദർ രക്തസാക്ഷി ദിനാചരണത്തോടനുബന്ധിച്ച് നടന്ന ബൈക്ക് റാലി വക്കം സുകുമാരൻ ഉദ്ഘാടനം ചെയ്യുന്നു.

# കരിമണൽ ഖനനത്തിനെതിരെ തിരുവോണനാളിൽ പട്ടിണി സമരം



കവി സത്യൻ കോമല്ലൂർ പട്ടിണി സമരം ഉദ്ഘാടനം ചെയ്യുന്നു

**ക**രിമണൽ ഖനനവിരുദ്ധ സമരം അതിശക്തമായി ജനങ്ങളുടെ പിന്തുണയോടെ മുന്നേറുകയാണ്. ഖനനംമൂലം വലിയഴീക്കൽ മുതൽ ആലപ്പുഴ ബീച്ച് വരെയുള്ള ഭാഗത്ത് കടലാക്രമണം രൂക്ഷമാകുകയും തീരവും റോഡും വീടുകളും കടലെടുത്തുപോകുകയും ചെയ്യുന്നു. തീരദേശം വാസയോഗ്യമല്ലാതാക്കിത്തീർക്കുകയാണ് സർക്കാർ. തീരസംരക്ഷണ നിയമങ്ങൾ, മോട്ടോർ വാഹനനിയമങ്ങൾ ധാരണാപത്രം ഇവയെല്ലാം ലംഘിച്ചുകൊണ്ടാണ് തീരത്തെ തകർക്കുന്ന കരിമണൽ ഖനനം നടക്കുന്നത്. അതിന്റെ മറവിൽ ആളുകളെ കുടിയിറക്കാൻ ശ്രമിക്കുകയുംതീരംഖനനക്കുത്തകകൾക്ക് തീറെഴുതുകയും ചെയ്യുന്നു.

സമരത്തിന്റെ ഭാഗമായി തിരുവോണദിവസം പരിസ്ഥിതി സ്നേഹികളുടെ മുൻകൈയിൽ പട്ടിണി സമരം നടന്നു. കവി സത്യൻ കോമല്ലൂർ ഉദ്ഘാടനം ചെയ്തു.കരിമണൽ ഖനനത്തിനെതിരെ നടക്കുന്ന രാപ്പകൽ റിലേ സത്യാഗ്രഹ സമരത്തിന്റെ നൂറാം ദിവസം ഖനന ബന്ധന സമരം നടക്കും. ■

# തൊഴിൽരഹിതരുടെ സംസ്ഥാന പ്രക്ഷോഭ വേദി രൂപീകരിച്ചു

**തൊ**ഴിൽരഹിതരുടെ സംസ്ഥാന പ്രക്ഷോഭവേദി രൂപീകരിച്ചു. സംസ്ഥാനത്തെ പി.എസ്.സി ഉദ്യോഗാർത്ഥികളടക്കമുള്ള തൊഴിൽരഹിതരായ യുവജനങ്ങൾക്ക് അവകാശങ്ങൾ ഉന്നയിച്ച് സമരം നടത്തുവാനുള്ള രാഷ്ട്രീയത്തിനതീതമായ സംഘടനയാണ് ഓൾ ഇന്ത്യാ അൺ എംപ്ലോയ്ഡ് യൂത്ത് സ്ട്രഗിൾ കമ്മിറ്റി (AIUYSC) .

ഓൺലൈൻ കൺവൻഷൻ സുപ്രീം കോടതി അഭിഭാഷകൻ അഡ്വ. കാളീശ്വരം രാജ് ഉദ്ഘാടനംചെയ്തു. നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്‌ലൈൻ വഴി പൊതുമേഖല വിറ്റഴിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം രാജ്യത്ത് തൊഴിലില്ലായ്മ അതിരൂക്ഷമാക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മാന്യമായ തൊഴിൽ ഭരണഘടന ഉറപ്പുനൽകുന്ന അവകാശമാണ്. അത് നേടിയെടുക്കുവാൻ കൂട്ടായി പൊരുതേണ്ട ബാധ്യത യുവാക്കൾക്ക് ഉണ്ട്. ഭരണകൂടം ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ ആയ ദാരിദ്ര്യം, തൊഴിലില്ലായ്മ, വിലക്കയറ്റം തുടങ്ങിയവയിൽനിന്ന് ശ്രദ്ധ തിരിക്കാൻ കൃത്രിമമായ വിഷയങ്ങൾ ഉയർത്തി എടുത്തുകൊണ്ടു വരികയാണ്. യുവാക്കളുടെ ഉൾപ്പെടെയുള്ളവരുടെ അടിസ്ഥാന പ്രശ്നങ്ങളിൽ ചർച്ചകൾ ഉയർന്നു വരേണ്ടതുണ്ട്. സർക്കാരുകൾ വൻകിട കുത്തകകളുടെ ആജ്ഞാനുവർത്തികളായി മാറിയിരിക്കുന്നു. മന്ത്രിമാർ സമ്പന്നരുടെ ലാഭവിഹിതം വർധിപ്പിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കർഷകർ ഉൾപ്പെടെയുള്ളവരുടെ സമരം മാതൃകയാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നയങ്ങൾക്കെതിരെ യുവാക്കൾ ശക്തമായ ജനകീയ പ്രതിപക്ഷ നിര പടുത്തുയർത്തണം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് എൻ.കെ. ബിജു അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ഇ.വി.പ്രകാശ് വിഷയാവതരണം നടത്തി.

എസ്.ജ്യോതിലക്ഷ്മി പ്രസിഡണ്ടും ഇ.വി. പ്രകാശ് സെക്രട്ടറിയുമായി 36 അംഗ കമ്മിറ്റിയെ കൺവൻഷൻ തെരഞ്ഞെടുത്തു. പ്രമോദ് കുന്നംപുറത്ത്(കോട്ടയം), ഡോ. അരുണ എസ്.വേണു (തിരുവനന്തപുരം), വിഷ്ണു എസ്,(പത്തനംതിട്ട) കെ.ബിമൽജി(ആലപ്പുഴ) കെ.പി.സാൽവിൻ (എറണാകുളം), ടി. ഷിജിൻ (കോഴിക്കോട്), വിവേക് പി.സി (കണ്ണൂർ) എന്നിവർ വൈസ് പ്രസിഡണ്ടുമാരായും വിഷ്ണു എം (തിരുവനന്തപുരം), സനുഎസ് (മലപ്പുറം), രതീഷ് ജയപാലൻ (തിരുവനന്തപുരം), രൂപേഷ് വർമ്മ (കോഴിക്കോട്), മൈനാ ഗോപിനാഥ് (ആലപ്പുഴ), രജിത ജയറാം (കോട്ടയം), സനൂപ് ഇ.(കണ്ണൂർ) എന്നിവർ അസിസ്റ്റന്റ് സെക്രട്ടറിമാരായും തെരഞ്ഞെടുക്കപ്പെട്ടു. അരവിന്ദ് വി (കോട്ടയം). ഓഫീസ് സെക്രട്ടറിയും വി. സുജിത്ത് (തിരുവനന്തപുരം) ട്രഷററുമാണ്. ■

Edited & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. Ph: 0471-2307151;
E-mail: unitymagazine@gmail.com; Website: www.kerala.sucicommunist.org on behalf of Kerala State Committee, SUCI(C).